# പഞ്ചായത്ത്‌രാജ്

പുസ്തകം 56 ◆ ലക്കം 9
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ഡിസംബർ 2016



## പ്രാദേശിക ആസൂത്രണ സമിതികൾ രൂപീകരിക്കണം

അരുവികളിൽ തെളിനീരൊഴുകട്ടേ എല്ലാ നാട്ടിലും
തൊടിയിലിളം പച്ചപ്പുണരട്ടേ എല്ലാദിക്കിലും!
മലിനതസകലവും ഇനിയകലട്ടേ മണ്ണിൽ; മനസ്സിലും
ഹരിതകേരളം ഇതു ഹരിതകേരളം!

**ജലസമൃദ്ധം.. ഫലസമൃദ്ധം.. ഹരിതകേരളം!**

‘നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ’



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# പഞ്ചായത്ത് രാജ്

ഡിസംബർ 2016


## ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 പ്രാദേശിക ആസൂത്രണ സമിതികൾ രൂപീകരിക്കണം
ഡോ. കെ.ടി. ജലീൽ

8 തെരുവുനായശല്യം പരിഹരിക്കാൻ കുടുംബശ്രീ
എസ്. ഹരികിഷോർ ഐ.എ.എസ്.



10 ഹരിതകേരളം പ്രകൃതിജനസമന്വയം




14 പ്രകൃതിക്കും മനുഷ്യനും വേണ്ടി ഒരുമിക്കാം
ഡോ.ടി.എൻ.സീമ



18 ഹരിതകേരളം സഫലമാകാൻ 'സുജലം സുഫലം'
അനിത സി.എസ്.

22 ഹരിതകേരളം പദ്ധതി - മാലിന്യ നിർമ്മാർജ്ജനവും പഞ്ചായത്തുകളും
അമീർഷാ ആർ.എസ്.

27 ജലസുഭിക്ഷ സമ്പൂർണ്ണ കിണർ റീച്ചാർജ്ജ് പദ്ധതി
വിമൽരാജ്

29 ജലത്തെ ബഹുമാനിക്കൂ വരൾച്ചയെ പ്രതിരോധിക്കൂ...
ഡോ. ശേഖർ എൽ. കുര്യാക്കോസ്

33 അടുക്കള മുതൽ പാടം വരെ കരുതാം ഓരോ തുള്ളിയും
വി.സുഭാഷ്ചന്ദ്രബോസ്

35 വരൾച്ചയെ ചെറുക്കാൻ മാതൃകയുമായി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും രണ്ട് മുൻ പഞ്ചായത്ത് പ്രസിഡന്റുമാരും
ജ്യോതിഷ് മണാശ്ശേരി



37 തിരിച്ചു വരവിന്റെ ഉണർത്തുപാട്ടുമായി കശുവണ്ടി മേഖല
കെ. അനിൽകുമാർ



39 പരിശീലനം ഇനി വെർച്ച്വൽ ക്ലാസ് മുറികളിലൂടെ

40 ജൈവ വൈവിധ്യം അറിയേണ്ടതും ഓർക്കേണ്ടതും
അജിത്ത് വെണ്ണിയൂർ

# കണ്ണൂർ രാജ്യത്തെ ആദ്യ ഭിന്നശേഷി സൗഹൃദ ജില്ല




*കണ്ണൂർ ജില്ലയ്ക്ക് ലഭിച്ച ഭിന്നശേഷിസൗഹൃദ ജില്ലയ്ക്കുള്ള ദേശീയ പുരസ്കാരം മുൻ കണ്ണൂർ ജില്ലാ കളക്ടർ പി.ബാല കിരൺ ഐ.എ.എസ് രാഷ്ട്രപതി പ്രണബ് മുഖർജിയിൽ നിന്നും ഏറ്റുവാങ്ങുന്നു*

രാജ്യത്തെ ആദ്യ ഭിന്നശേഷി സൗഹൃദ ജില്ലയെന്ന ദേശീയ ബഹുമതിക്ക് കണ്ണൂർ അർഹമായി. ഭിന്നശേഷി സൗഹൃദ ജില്ലയ്ക്കുള്ള ദേശീയ പുരസ്കാരം, പദ്ധതി (Barrier free Kannur) നടപ്പാക്കിയ മുൻ കണ്ണൂർ ജില്ലാ കളക്ടർ പി.ബാലകിരൺ ഐ.എ.എസ് രാഷ്ട്രപതി പ്രണബ് മുഖർജിയിൽ നിന്നും ഏറ്റുവാങ്ങി. ന്യൂദില്ലിയിലെ വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രിമാരായ താവർചന്ദ് ഗെലോട്ട്, കൃഷൻ പാൽ ഗുർജാർ എന്നിവർ സന്നിഹിതരായിരുന്നു.

പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ 70 സർക്കാർ വകുപ്പുകളുടെ കീഴിലുള്ള 1839 പൊതു കെട്ടിടങ്ങളിൽ ഭിന്നശേഷിക്കാർക്ക് സഹായകരമായ രീതിയിൽ റാമ്പ്, ലിഫ്റ്റ്, സൈനേജുകൾ, ശുചിമുറികൾ തുടങ്ങിയവ സ്ഥാപിക്കുകയുണ്ടായി. സാമൂഹ്യനീതി വകുപ്പ് അനുവദിച്ച 15 കോടി രൂപ വിനിയോഗിച്ച് ഒൻപത് മാസക്കാല യളവിലാണ് പദ്ധതി പൂർത്തീകരിച്ചത്. പദ്ധതിയുടെ പൂർത്തീകരണത്തിനു സഹകരിച്ച എഞ്ചിനീയറിംഗ് വിഭാഗം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവർക്കായി അവാർഡ് സമർപ്പിക്കുന്നു എന്ന് ബാല കിരൺ അറിയിച്ചു.

## പി. ബാല കിരൺ ഐ.എ.എസ് പഞ്ചായത്ത് ഡയറക്ടർ



പി. ബാലകിരൺ ഐ.എ.എസ് പഞ്ചായത്ത് ഡയറക്ടറായി ഇക്കഴിഞ്ഞ നവംബർ 4ന് ചുമതലയേറ്റു. കണ്ണൂർ ജില്ലാ കളക്ടർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ തുടങ്ങിയ നിലകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. മസൂരിയിൽ നടക്കുന്ന ഒരുമാസത്തെ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനാൽ കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ ഐ.എ.എസിനാണ് ഇപ്പോൾ പഞ്ചായത്ത് ഡയറക്ടറുടെ താല്ക്കാലിക ചുമതല.

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഡിസംബർ 2016 | പുസ്തകം 56 | ലക്കം 9 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. കെ.ടി. ജലീൽ**
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**ടി.കെ. ജോസ്,** ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

**ഡോ. കെ. അമ്പാടി** ഐ.ഐ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. തുളസിഭായ് പത്മനാഭൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**കെ.ആർ. അജയൻ**
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ
പഞ്ചായത്ത് വകുപ്പ്

കൺവീനർ
**എസ്. ഹരികിഷോർ ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
**എസ്. ഹരികിഷോർ ഐ.എ.എസ്.**
email: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
email: prmdp2015@gmail.com
Ph: 0471-2321280
Mob: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
Aadhi Graphics
(mayasanthoshm@gmail.com)

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.



**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


# എഡിറ്റോറിയൽ

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണായകമായ മൂന്നുമാസങ്ങൾ

2016-17 സാമ്പത്തികവർഷം അവസാനിക്കുന്നതിന് ഇനി വെറും മൂന്നു മാസക്കാലം മാത്രം. സാമ്പത്തിക വർഷത്തിന്റെ നാലിൽ മൂന്നും കടന്നുപോകുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ പുരോഗതി ആശാവഹമല്ല എന്ന് കാണാം. പദ്ധതി തുകയുടെ 19 ശതമാനത്തിൽ താഴെയാണ് ഡിസംബർ മാസം വരെയുള്ള ശരാശരി ചെലവ്. പത്തനംതിട്ട, ഇടുക്കി, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകൾ മാത്രമാണ് ഇരുപത് ശതമാനത്തിലധികം ചെലവു ചെയ്തിട്ടുള്ളത്. കോട്ടയം, തൃശ്ശൂർ, വയനാട് ജില്ലകളുടെ ചെലവ് ശതമാനം തീരെ കുറവാണ്. 14 ശതമാനത്തിലും താഴെമാത്രം. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഗ്രാമപഞ്ചായത്തുകൾ 21.8% തുക ചെലവ് ചെയ്തപ്പോൾ ജില്ലാ പഞ്ചായത്തുകളുടെ ചെലവ് 13 ശതമാനത്തിലും താഴെയാണ്. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. സംസ്ഥാന നിയമസഭയിലേക്ക് നടന്ന പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന പെരുമാറ്റച്ചട്ടം കാരണം പദ്ധതി അന്തിമമാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട് എന്ന കാര്യം വിസ്മരിക്കുന്നില്ല.

മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് പ്രത്യേക ഘടകപദ്ധതി ഫണ്ട് വിനിയോഗത്തിന്റെ ചെലവ് പൊതുശരാശരിയിലും കുറവായാണ് കാണപ്പെടുന്നത്. സമൂഹത്തിലെ അവശവിഭാഗങ്ങൾക്കുള്ള പദ്ധതികൾ നടപ്പാക്കുന്നതിൽ തദ്ദേശസ്ഥാപനങ്ങൾ പ്രത്യേക താല്പര്യം എടുക്കണം. പദ്ധതി തുകയുടെ പകുതിയിലേറെ ചെലവഴിക്കുന്നത് എഞ്ചിനീയറിംഗ് വിഭാഗമാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങൾ ഭൂരിഭാഗം സ്ഥാപനങ്ങളിലും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പലപ്പോഴും മരാമത്ത് പ്രവൃത്തികൾ സാമ്പത്തികവർഷം അവസാനം ധൃതിയിൽ നടപ്പാക്കുന്നത് ആക്ഷേപത്തിനിടയാക്കുന്നുണ്ട്. വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള ഗ്രാമസഭ തിരഞ്ഞെടുത്ത ഗുണഭോക്തൃ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹണ ഉദ്യോസസ്ഥർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വരുംമാസങ്ങളിൽ രണ്ടാഴ്ച്ചയിലൊരിക്കൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് പദ്ധതി അവലോകനം നടത്തണം. ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റിയും അവയുടെ പരിധിയിൽ വരുന്ന പദ്ധതികളുടെ നിർവ്വഹണം പ്രത്യേകം പരിശോധിക്കണം. പദ്ധതി നടത്തിപ്പിൽ ഉണ്ടാകുന്ന തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് ജനപ്രതിനിധികൾ നേതൃത്വം നൽകണം.

ഗ്രാമപഞ്ചായത്തുകൾ പദ്ധതി നിർവ്വഹണം പോലെതന്നെ വരും ദിവസങ്ങളിൽ പ്രാധാന്യം കൊടുക്കേണ്ട മറ്റൊരു മേഖല നികുതി പിരിവ് സംബന്ധിച്ചുള്ളതാണ്. പഞ്ചായത്തിന് ലഭിക്കേണ്ട വിവിധയിനം നികുതി നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രചാരണ പ്രവർത്തനങ്ങളും കളക്ഷൻ ക്യാമ്പുകളും സംഘടിപ്പിക്കേണ്ടതാണ്. നൂറുശതമാനം നികുതി പിരിവ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് പെർഫോമൻസ് ആഡിറ്റ് തലത്തിൽ രണ്ടാഴ്ചയിലൊരിക്കൽ അവലോകന യോഗം നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാന സാമ്പത്തിക വർഷമാണ് കടന്നുപോകുന്നത്. പദ്ധതി നിർവ്വഹണലക്ഷ്യം കൈവരിക്കാൻ ഇനിയുള്ള ദിവസങ്ങളിൽ പൊതുജനപങ്കാളിത്തത്തോടെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തീവ്രവും ആത്മാർത്ഥവുമായ ഒരുമിച്ചുള്ള പരിശ്രമമാണ് നടത്തേണ്ടത്. അതിനായി ഒരു മനസ്സോടെ നമുക്ക് പ്രവർത്തിക്കാം.

**എസ്. ഹരികിഷോർ ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ



**ഡോ. കെ.ടി. ജലീൽ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

### പദ്ധതിപ്രവർത്തനം സമയബന്ധിതമാക്കാൻ

# പ്രാദേശിക ആസൂത്രണ സമിതികൾ രൂപീകരിക്കണം

മുൻ വർഷങ്ങളിലെപ്പോലെ ധനകാര്യവർഷം പകുതിയായാലും പദ്ധതി തയ്യാറാക്കി അംഗീകാരം നേടാൻ കഴിയാത്ത അവസ്ഥ പതിമൂന്നാം പദ്ധതിയിൽ ഉണ്ടാകാൻ പാടില്ല എന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. 2017 മാർച്ച് 31 നു മുമ്പ് പദ്ധതി അംഗീകരിച്ച് ഏപ്രിൽ ഒന്നുമുതൽ നിർവ്വഹണം ആരംഭിക്കാൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയണം. അങ്ങനെയായാൽ വികസന പ്രവർത്തനങ്ങളിൽ ഇന്നു നേരിടുന്ന ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരമാകും. പദ്ധതിരൂപീകരണ നിർവ്വഹണ പ്രക്രിയകളെ ലളിതവും സുതാര്യവുമാക്കിയാൽ ഇത്തരമൊരു മാറ്റം എളുപ്പം സാദ്ധ്യമാകും.

നവകേരളം എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ട് കേരളത്തിന്റെ പതിമൂന്നാം പഞ്ചവത്സരപദ്ധതി (2017–22) തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ തലത്തിൽ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. കേരളത്തെ വികസനത്തിന്റെയും സാമൂഹ്യനീതിയുടെയും കൂടുതൽ ഉയർന്ന ഘട്ടങ്ങളിലേക്ക് എത്തിക്കുകയെന്നതാണ് പുതിയ പദ്ധതിയുടെ ലക്ഷ്യം. പ്രാദേശിക ഗവണ്മെന്റുകളുടെ പദ്ധതികൾകൂടി തയ്യാറാക്കിയാലേ സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി തയ്യാറായി എന്നു പറയാനാവൂ. പ്രാദേശികതലത്തിൽ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പഞ്ചവത്സരപദ്ധതിയും വാർഷിക പദ്ധതിയും വൈകാതെ തയ്യാറാക്കേണ്ടതുണ്ട്. മുൻ വർഷങ്ങളിലെപ്പോലെ ധനകാര്യവർഷം പകുതിയായാലും പദ്ധതി തയ്യാറാക്കി അംഗീകാരം നേടാൻ കഴിയാത്ത അവസ്ഥ പതിമൂന്നാം പദ്ധതിയിൽ ഉണ്ടാകാൻ പാടില്ല എന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. 2017 മാർച്ച് 31 നു മുമ്പ് പദ്ധതി അംഗീകരിച്ച് ഏപ്രിൽ ഒന്നുമുതൽ നിർവ്വഹണം ആരംഭിക്കാൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയണം. അങ്ങനെയായാൽ വികസന പ്രവർത്തനങ്ങളിൽ ഇന്നു നേരിടുന്ന ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരമാകും. പദ്ധതിരൂപീകരണ നിർവ്വഹണ പ്രക്രിയകളെ ലളിതവും സുതാര്യവുമാക്കിയാൽ ഇത്തരമൊരു മാറ്റം എളുപ്പം സാദ്ധ്യമാകും. ഇതിന് ആവശ്യമായ മാർഗ്ഗരേഖകളും സർക്കാർ ഉത്തരവുകളും വൈകാതെ തന്നെ പ്രസിദ്ധീകരിക്കും. മാർഗ്ഗരേഖകൾ പ്രസിദ്ധീകരിക്കുന്നതിനു മു

ബുതന്നെ 2017-18 ലേക്കുള്ള വാർഷിക പദ്ധതിയുടെ രൂപീകരണത്തിനുള്ള പ്രവർത്തനങ്ങൾ പ്രാദേശിക ഗവണ്മെന്റുകളുടെ തലത്തിൽ ആരംഭിക്കാവുന്നതേയുള്ളൂ. പുതിയ പദ്ധതിയുടെ രൂപീകരണ പ്രക്രിയ വൈകാതെ ആരംഭിക്കണം.

പതിമൂന്നാം പദ്ധതിക്കാലത്ത് പ്രാദേശിക പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും നാടിന്റെയാകെ പങ്കാളിത്തം നമുക്ക് ഉറപ്പുവരുത്തേണ്ടതുണ്ട്. എല്ലാ വിഭാഗം ജനങ്ങളെയും വിദഗ്ദ്ധരെയും ഉദ്യോഗസ്ഥരെയും സ്ഥാപനങ്ങളെയും പങ്കാളികളാക്കുവാൻ കഴിയണം. നാളെ നമ്മുടെ നാട് എങ്ങനെയാകണം എന്നതു സംബന്ധിച്ച് ഓരോ വികസനത്തുറയെയും മുൻനിർത്തി നല്ല ചർച്ചയും സംവാദവും നടക്കണം. അതിന്റെ തുടക്കം എന്ന നിലയിൽ ആസൂത്രണ പ്രവർത്തനങ്ങളിൽ പ്രാദേശിക സർക്കാരിനെ സഹായിക്കാനായി ഒരു ആസൂത്രണ സമിതി രൂപീകരിക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണസ്ഥാപന അദ്ധ്യക്ഷ/അദ്ധ്യക്ഷൻ ചെയർപേഴ്സണായും പൊതുസമ്മതനായ ഒരു അക്കാദമിക് വിദഗ്ദ്ധൻ വൈസ് ചെയർപേഴ്സണായും സെക്രട്ടറിയെ കൺവീനറായും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരെയും വിദഗ്ദ്ധരെയും അംഗങ്ങളായും ഉൾപ്പെടുത്തിക്കൊണ്ടുവേണം ഈ സമിതി രൂപീകരിക്കാൻ. അനൗദ്യോഗിക അംഗങ്ങളുടെ എണ്ണവും യോഗ്യതയും ഭരണസമിതിക്ക് തീരുമാനിക്കാം. ആസൂത്രണ സമിതിയിലെ അനൗദ്യോഗിക അംഗങ്ങളായ സാങ്കേതിക വിദഗ്ദ്ധരെ വർക്കിംഗ് ഗ്രൂപ്പുകളുടെ ഉപാദ്ധ്യക്ഷരാക്കാവുന്നതാണ്. ആസൂത്രണസമിതിയുടെ ദൗത്യം പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും ഭരണസമിതിയെ സഹായിക്കുക എന്നതായിരിക്കും.

പുതിയ പദ്ധതി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട മുന്നൊരുക്കം വിപുലമായ പങ്കാളിത്തത്തോടെയുള്ള വികസന ചർച്ചകൾ സംഘടിപ്പിക്കുക എന്നതാണ്. ഇതിനായി പലതരം യോഗങ്ങൾ ചേരാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയിട്ടുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ യോഗം, സി.ഡി.എസ്., എ.ഡി.എസ്. അംഗങ്ങളുടെ യോഗം തുടങ്ങി വിവിധ വിഭാഗം ജനവിഭാഗങ്ങളുടെ യോഗങ്ങൾ ചേർന്ന് പുതിയ പദ്ധതിക്കാലത്തെ മുൻഗണനകളെക്കുറിച്ച് ചർച്ച ചെയ്യാം.

വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും ഈ ഘട്ടത്തിൽ തുടങ്ങിവെയ്ക്കാം. ഓരോ വികസനമേഖല സംബന്ധിച്ചും ലഭ്യമാവുന്ന സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുക, അവസ്ഥാവിശകലനക്കുറിപ്പുകൾ തയ്യാറാക്കുക, പ്രശ്നങ്ങൾ കണ്ടെത്തുക, പരിഹാരനിർദ്ദേശങ്ങൾ സ്വരൂപിക്കുക തുടങ്ങിയവയൊക്കെ ഇപ്പോൾ തന്നെ നടത്താവുന്നതാണ്. ഒപ്പം വികസന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാനും പ്രോജക്ടുകൾ തയ്യാറാക്കുവാനും കഴിയുന്ന വിദഗ്ദ്ധരെ

പുതിയ പദ്ധതി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട മുന്നൊരുക്കം വിപുലമായ പങ്കാളിത്തത്തോടെയുള്ള വികസന ചർച്ചകൾ സംഘടിപ്പിക്കുക എന്നതാണ്. ഇതിനായി പലതരം യോഗങ്ങൾ ചേരാം. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയിട്ടുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ യോഗം, സി.ഡി.എസ്., എ.ഡി.എസ്. അംഗങ്ങളുടെ യോഗം തുടങ്ങി വിവിധ വിഭാഗം ജനവിഭാഗങ്ങളുടെ യോഗങ്ങൾ ചേർന്ന് പുതിയ പദ്ധതിക്കാലത്തെ മുൻഗണനകളെക്കുറിച്ച് ചർച്ച ചെയ്യാം.

കണ്ടെത്തുന്നതിനും ശ്രമിക്കാം. ഈ പ്രാരംഭ പ്രവർത്തനങ്ങളുടെ നിറവിലായിരിക്കും തുടർന്നുവരുന്ന പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ മുന്നേറുക.

- പഞ്ചായത്ത്/മുൻസിപ്പൽ തല ആസൂത്രണ സമിതി രൂപീകരണം.
- പദ്ധതി ആസൂത്രണ പ്രവർത്തനങ്ങളിൽ സാങ്കേതിക സഹായം നൽകുന്നതിനുള്ള വിദഗ്ദ്ധരെയും വിദഗ്ദ്ധ സ്ഥാപനങ്ങളെയും കണ്ടെത്തൽ.
- വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ദ്വിതീയ സ്ഥിതിവിവര കണക്കുകൾ ചിട്ടപ്പെടുത്തലും പ്രാദേശിക വിവരങ്ങൾ ഉൾപ്പെടെ സമാഹരിക്കലും.
- വിഷയ മേഖലാടിസ്ഥാനത്തിലുള്ള സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉടൻ കൈക്കൊള്ളുമെന്ന് പ്രതീക്ഷിക്കുന്നു.

പദ്ധതി രൂപീകരണം സംബന്ധിച്ച നിർദ്ദേശങ്ങളും ഉത്തരവുകളും ഒട്ടും വൈകാതെ തന്നെ പുറപ്പെടുവിക്കുന്നതാണ്. വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന റിപ്പോർട്ട് തയ്യാറാക്കൽ, ഗ്രാമസഭ ചേരൽ തുടങ്ങിയവയൊക്കെ ഡിസംബർ, ജനുവരി മാസങ്ങളിൽ നടത്താൻ കഴിയും. കാലേക്കൂട്ടി തുടങ്ങുന്ന ഈ പ്രക്രിയയിലൂടെ മാർച്ച് 31 ന് മുമ്പ് തന്നെ പദ്ധതി അംഗീകരിച്ച് ഏപ്രിൽ 1ന് നിർവ്വഹണം ആരംഭിക്കുക എന്ന ലക്ഷ്യത്തിലേക്ക് നിശ്ചയമായും എത്തിച്ചേരാനാകും. അതിന് എല്ലാവർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

കഴിഞ്ഞ പതിനെട്ടു വർഷത്തിനുള്ളിൽ കേരളത്തിലെ സാമൂഹ്യ സാമ്പത്തിക സ്ത്രീശാക്തീകരണ ദാരിദ്ര്യനിർമ്മാർജന മേഖലയിൽ ശ്രദ്ധേയമായ നിരവധി നാഴികക്കല്ലുകൾ പിന്നിട്ട പ്രസ്ഥാനമാണ് കുടുംബശ്രീ. ഇന്ന് രണ്ടര ലക്ഷം അയൽക്കൂട്ടങ്ങളിലെ 41 ലക്ഷത്തിലേറെ സ്ത്രീകൾ വൈവിധ്യമാർന്ന തൊഴിൽ മേഖലകളിൽ സജീവമായി പ്രവർത്തിക്കുന്നു.

സംസ്ഥാനത്തെ വിവിധ ബാങ്കുകളിലായി ഇന്ന് കുടുംബശ്രീ വനിതകൾക്ക് 3126 കോടി രൂപ സമ്പാദ്യമുണ്ട്. ഇതിൽ നിന്നുള്ള ആന്തരിക വായ്പ മാത്രം 12,000 കോടി രൂപയാണ്. തങ്ങളുടെ സമ്പാദ്യത്തിൽ നിന്നുമെടുക്കുന്ന വായ്പ കൂടാതെ, കാർഷികാവശ്യങ്ങൾക്കായി സംഘകൃഷി ഗ്രൂപ്പുകളും സൂക്ഷ്മസംരംഭങ്ങൾ തുടങ്ങുന്നതിനായി സംരംഭകരും വിവിധ ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്നുണ്ട്.

കുടുംബശ്രീയുടെ കീഴിൽ 2016 നവംബർ വരെ, സംസ്ഥാനത്ത് 31,000 ത്തോളം സൂക്ഷ്മസംരംഭങ്ങൾ രൂപീകരിച്ചിട്ടുണ്ട്. അയൽക്കൂട്ട അംഗങ്ങൾക്ക് സാമ്പത്തിക സ്വാശ്രയത്വം നേടിക്കൊടുക്കുന്നതിനോടൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനും ഇത് ഏറെ സഹായകരമാണ്.

കാർഷിക മേഖലയിലെ കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളുടെ ഇടപെടലാണ് മറ്റൊന്ന്. ഇതുവഴി ഭക്ഷ്യസുരക്ഷയും ഭക്ഷ്യസ്വയംപര്യാപ്തതയും ഉറപ്പുവരുത്തുകയാണ് കുടുംബശ്രീയുടെ ലക്ഷ്യം. അയൽക്കൂട്ട വനിതകൾക്ക് തൊഴിലും അതിലൂടെ മാന്യമായ വരുമാനവും ഉറപ്പാക്കുന്ന മറ്റൊരു മേഖലയാണിത്. സംസ്ഥാനമൊട്ടാകെ 60,000 ത്തോളം സംഘകൃഷി ഗ്രൂപ്പുകളാണ് കാർഷികമേഖലയിൽ ഹരിതസമൃദ്ധി വീണ്ടെടുക്കാനുള്ള പരിശ്രമങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുന്നത്. ഒരു ലക്ഷം ഏക്കർ സ്ഥലത്ത് ഇന്നു കുടുംബശ്രീ വനിതകൾ കൃഷി ചെയ്യുന്നു. പാട്ടത്തിനെടുത്ത ഭൂമിയിൽ കൃഷി ചെയ്യുന്നതു കൂടാതെ തരിശുനിലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കി അവിടെയും കൃഷി ചെയ്യുന്നു. ഇതുവഴി തരിശുരഹിത ഗ്രാമങ്ങൾ വീണ്ടെടുക്കാനുള്ള ഊർജ്ജിത ശ്രമങ്ങളാണ് ഈ പെൺകൂട്ടായ്മയുടെ

# തെരുവുനായശല്യം പരിഹരിക്കാൻ കുടുംബശ്രീ

**എസ്. ഹരികിഷോർ ഐ.എ.എസ്.**



നേതൃത്വത്തിൽ നടത്തിവരുന്നത്.

വരുമാനദായക തൊഴിൽമേഖലകൾ കണ്ടെത്തുന്നതിനോടൊപ്പം തന്നെ സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കുടുംബശ്രീ മുന്നിട്ടിറങ്ങുന്നു. സമൂഹത്തിലെ ഏറ്റവും ദരിദ്രർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും കൂടി അവർ അർഹിക്കുന്ന നീതി ഉറപ്പാക്കാൻ കഴിഞ്ഞാൽ മാത്രമേ ദാരിദ്ര്യ നിർമ്മാർജനം സാധ്യമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് അർത്ഥമുണ്ടാവുകയുള്ളൂ. കുടുംബശ്രീ മുഖേന നടപ്പാക്കുന്ന ആശ്രയ പദ്ധതി ഏറ്റവും സവിശേഷമായ പദ്ധതിയാകുന്നതും ഇക്കാരണം കൊണ്ടാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഒന്നര ലക്ഷത്തിലേറെ വരുന്ന അഗതി കുടുംബങ്ങളുടെ പുനരധിവാസം ആശ്രയ പദ്ധതിയിലൂടെ നടത്തിയിട്ടുണ്ട്. മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി നടത്തുന്ന ബഡ്സ് സ്കൂളും ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളും കുടുംബശ്രീ മുഖേന നടത്തുന്ന ഏറ്റവും മികച്ച സാമൂഹ്യ ഇടപെടലുകളിലൊന്നാണ്. ഈ കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകുന്നതും ഇത്തരം ക്രിയാത്മകമായ ഇടപെടലിന്റെ ഭാഗമാണ്.

## തെരുവുനായ ഭീഷണി – പരിഹാരത്തിനായി കുടുംബശ്രീയും

സമീപകാലത്തായി കേരളം നേരിടുന്ന ഏറ്റവും വലിയ സാമൂഹ്യപ്രശ്നമാണ് തെരുവുനായകൾ മനുഷ്യനു നേർക്കുയർത്തുന്ന ഭീഷണി. തെരുവുനായകളെ കൊല്ലുന്നത് നിയമം മൂലം നിരോധിച്ചിട്ടുണ്ട്. അതിനാൽ ഈ പ്രശ്നത്തെ ഫലപ്രദമായി ചെറുക്കാൻ തെരുവുനായ നിയന്ത്രണ പദ്ധതിയുമായി സർക്കാർ മുന്നോട്ടു വരികയായിരുന്നു. തെരുവുനായ്ക്കളെ വന്ധ്യംകരിക്കുക വഴി അവയുടെ എണ്ണം കുറയ്ക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ നിഷ്കർഷിച്ചിട്ടുള്ള ഏകീകൃത പ്രവർത്തന രീതിയനുസരിച്ചാണ് തെരുവുനായ നിയന്ത്രണ പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഒക്ടോബർ 2016 വരെ ലഭിച്ചിട്ടുള്ള സംസ്ഥാനതല റിപ്പോർട്ടുകൾ പ്രകാരം 941 ഗ്രാമപഞ്ചായത്തുകളിൽ 837 പഞ്ചായത്തുകൾക്ക് പദ്ധതി നടത്തിപ്പിനായി 13.56 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ആകെ 89.20 ലക്ഷം രൂപ മാത്രമേ പദ്ധതിക്കായി ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത പട്ടിപിടുത്തക്കാരുടെ എണ്ണം 55 മാത്രമാണ്. കൂടാതെ ഈ മേഖലയിൽ മൃഗപരിപാലനത്തിനായി രജിസ്റ്റർ ചെയ്തിട്ടുള്ള 42 പേരും ഉണ്ട്. നഗരസഭകൾ ഈ പദ്ധതിക്കുവേണ്ടി നീക്കിവെച്ചിട്ടുള്ളത് 9.35 കോടി രൂപയാണ്. 2012ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ആകെയുള്ള തെരുവുനായ്ക്കളുടെ എണ്ണം 2.99 ലക്ഷമാണ്. എന്നാൽ ഇപ്പോൾ അത് ആറു ലക്ഷമായി വർദ്ധിച്ചിരിക്കുന്നു. തെരുവുനായ നിയന്ത്രണ പദ്ധതിയുടെ വിജയത്തിനും സുസ്ഥിരമായ തുടർപ്രവർത്തനങ്ങൾക്കും അങ്ങേയറ്റം സമർപ്പണ മനോഭാവത്തോടെ ഇടപെടേണ്ടത് ഈ ഘട്ടത്തിൽ വളരെ അത്യാവശ്യമാണ്. ഈ സാഹചര്യത്തിൽ സമയബന്ധിതമായും ചിട്ടയോടും സ്ഥിരതയോടുമുള്ള പ്രവർത്തനവും അനിവാര്യം തന്നെ. ഇതു പ്രാവർത്തികമാക്കാൻ കഴിയുന്ന ഒരു സംവിധാനം എന്ന നിലയ്ക്കാണ് പദ്ധതിയുമായി ബന്ധപ്പെട്ട് ബ്ളോക്കുതലത്തിലോ നഗരതലത്തിലോ വേറിട്ടൊരു സൂക്ഷ്മസംരംഭമായി ബ്ളോക്ക് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ചു പ്രവർത്തിക്കാൻ കുടുംബശ്രീ മുന്നോട്ടുവരുന്നത്.

തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ തെരുവുനായ നിയന്ത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ ഏകോപനവും പിന്തുണയും നൽകുക എന്നതാണ് ഇതിനായി രൂപീകരിച്ചിട്ടുള്ള കുടുംബശ്രീ സൂക്ഷ്മസംരംഭ യൂണിറ്റുകളുടെ(ബ്ളോക്ക് മാനേജ്മെന്റ് യൂണിറ്റ്) ഉത്തരവാദിത്വം. ഓരോ ബ്ളോക്ക് പരിധിയിലുമുള്ള പഞ്ചായത്തുകളിലെ തെരുവുനായ്ക്കളെ നിലവിലുള്ള നിയമപരിധിക്ക് വിധേയമായി കൂടുവച്ചു പിടിച്ച് മൃഗാശുപത്രിയിൽ എത്തിച്ച് വന്ധ്യംകരണ ശസ്ത്രക്രിയയും ശസ്ത്രക്രിയാനന്തര പരിചരണവും ഉറപ്പാക്കുക എന്നതാണ് ബ്ളോക്ക് മാനേജ്മെന്റ് യൂണിറ്റുകളുടെ ചുമതല. വന്ധ്യംകരണം നടത്തുന്ന നായ്ക്കൾക്ക് ശസ്ത്രക്രിയാനന്തര പരിചരണങ്ങൾ നൽകി ഇവയെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ തിരികെ എത്തിക്കുന്നതിനുള്ള ചുമതലയും പരിശീലനം നേടിയ കുടുംബശ്രീ സംരംഭകർക്കായിരിക്കും. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകരിച്ച ഏകീകൃത പ്രവർത്തന രീതിയനുസരിച്ചായിരിക്കും പദ്ധതിയുമായി ബന്ധപ്പെട്ട യൂണിറ്റുകളുടെ പ്രവർത്തനം.

തെരുവുനായ ശല്യത്തിന് പരിഹാരം കാണുന്നതോടൊപ്പം കുടുംബശ്രീ വനിതകളെ സംബന്ധിച്ച് മെച്ചപ്പെട്ട ഒരു വരുമാനദായക സംരംഭം കൂടിയാണ് ഈ പദ്ധതി. ഇതുപ്രകാരം കുടുംബശ്രീ യൂണിറ്റുകൾക്ക് നായ ഒന്നിന് 1000 രൂപ വീതം നൽകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നീക്കിവച്ചിട്ടുണ്ട്. യൂണിറ്റുകൾ പിടിക്കുന്ന നായ്ക്കളെ മൃഗാശുപത്രിയിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ വാഹനചെലവും പഞ്ചായത്തുകൾ തന്നെ വഹിക്കും.

*ശേഷം 26-ാം പേജിൽ*






*തിരുവനന്തപുരത്ത് കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ ഹരിതകേരളമിഷൻ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു*

# ഹരിതകേരളം പ്രകൃതിജനസമന്വയം

## ഉണർത്തുപാട്ടായി ഗാനഗന്ധർവ്വന്റെ ഹരിതകേരള ഗാനം:

**മാലിന്യമുക്തവും കൃഷി സമൃദ്ധവുമായൊരു കേരളം കെട്ടിപ്പടുക്കാനുള്ള ഉണർത്തുപാട്ടായി ഗാനഗന്ധർവ്വൻ ഡോ. കെ.ജെ യേശുദാസിന്റെ ഹരിതകേരള ഗാനാലാപനം. മലയോരമേഖലയിലെ ഗ്രാമജനത നിറഞ്ഞ കൈയടികളോടെയാണ് കൊല്ലയിൽ കളത്തറയ്ക്കൽ പാടശേഖരത്തിൽ യേശുദാസിന്റെ ഗാനത്തെ സ്വീകരിച്ചത്. കവി പ്രഭാവർമ്മ രചിച്ച 'ഉണരുണരുണരോ.' എന്ന് തുടങ്ങുന്ന കവിതയാണ് അദ്ദേഹം ആലപിച്ചത്.**

പാറശ്ശാല മുതൽ മഞ്ചേശ്വരം വരെയുള്ള കേരളമണ്ണിനെയും ജനജീവിതത്തെയും ജീവിതയോഗ്യവും സത്യസ്വപ്നവുമാക്കാനായി കേരള സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്ന പ്രായോഗികജനകീയപദ്ധതിയാണ് ഹരിതകേരളമിഷൻ. ഇവിടെ ജനതയും ഭരണവ്യവസ്ഥയും ഭിന്നമല്ല. ഒന്നു തന്നെയാവുന്നു. 2016 ഡിസംബർ 8 വ്യാഴാഴ്ച സർവ്വജനപിന്തുണയോടെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിവിധവും പ്രാദേശികപ്രാധാന്യമനുസരിച്ച് വ്യത്യസ്തവുമായ മഹത്‌യത്നങ്ങൾക്ക് തുടക്കമിട്ടു. തിരുവനന്തപുരത്ത് നെയ്യാറ്റിൻകരയ്ക്ക് സമീപമുള്ള കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ ഹരിതകേരളം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു.

മാലിന്യസംസ്കരണവും ജലസംരക്ഷണവും കൃഷിയും പൊതുസംസ്കാരത്തിന്റെ ഭാഗമായി വളർത്തിയെടുക്കാനാവണമെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. ഹരിതകേരളം മിഷൻ കൊല്ലയിൽ പഞ്ചായത്തിലെ നടൂർക്കൊല്ല വാർഡിൽ കളത്തറയ്ക്കൽ ഏലായിൽ ഞാറ് നട്ട് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കുഞ്ഞുങ്ങൾ മുതൽ വൃദ്ധർ വരെ എല്ലാവിഭാഗം ജനങ്ങളും പങ്കുവഹിച്ച് പൂർത്തിയാക്കേണ്ട ദൗത്യമാണിത്. മാലിന്യസംസ്കരണം നല്ലരീതിയിൽ നടപ്പാക്കാനാവണം. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ശേഖരിച്ച്

സംസ്ക്കരിക്കാൻ പൊതുസംവിധാനം ഉണ്ടാക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്കൂളുകളിൽ ഉൾപ്പെടെ ഇത്തരത്തിൽ ശേഖരിക്കുന്ന സംസ്കാരം വളരുന്നുണ്ട്. മാലിന്യങ്ങൾ ഏവിടെയെങ്കിലും ഉപേക്ഷിക്കാതെ എല്ലായിടവും സ്വച്ഛവും സുന്ദരവുമാകണമെന്ന ബോധം ഉയർത്തുകയാണ് പ്രധാന ഉദ്ദേശ്യം. നമ്മുടെ നാട്ടിലെ കൃഷി നന്നായി അഭിവൃദ്ധിപ്പെടണം. നെൽകൃഷി ഇല്ലാതെ കിടന്ന സ്ഥലത്ത് കൃഷി ആരംഭിക്കുന്ന കൊല്ലയിലെ ശ്രമം നല്ല മാതൃകയാണ്. പാടത്ത് മാത്രമല്ല, കരകൃഷിയായും. വീട്ടുപറമ്പിലെ കൃഷിയായും മറ്റും പണ്ട് പലതരം കൃഷികളും നടത്തിയിരുന്നു. അതെല്ലാം തിരിച്ചുപിടിക്കാനാകണം. നമ്മുടെ കാർഷിക വിളകൾ പുനരുജ്ജീവിപ്പിക്കാൻ കഴിയണം. വിഷരഹിത ഭക്ഷ്യസാധനങ്ങൾ ഉത്പാദിപ്പിക്കാൻ പ്രാമുഖ്യം കൊടുക്കുന്ന നടപടികളാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ജലസമൃദ്ധമായിരുന്ന നമ്മുടെ നാട് വരൾച്ചാഭീഷണി നേരിടുകയാണ്. നമുക്ക് ലഭിക്കുന്ന മഴവെള്ളം നഷ്ടപ്പെടാതിരിക്കാൻ പരമാവധി ശ്രദ്ധിക്കണം. അതിനുതകുന്ന പദ്ധതിയും ഇതോടൊപ്പമുണ്ട്. ആദ്യപടിയായി തോടുകളും പുഴകളും നീരുറവകളും സംരക്ഷിക്കാനാവണം. അടഞ്ഞുപോയ നീരുറവകൾ വീണ്ടെടുക്കാനുള്ള നടപടികളും മഴക്കുഴികളും വേണം. രണ്ടാംഘട്ടത്തിൽ നദികളും കായലുകളും പൂർണ്ണമായി ശുചീകരിക്കാനാകണം. നമ്മളെല്ലാവരും മരം നട്ടുവളർത്താനും തയ്യാറാകണം. നാടിന്റെ ഭാവി കണ്ടുകൊണ്ട് ഇതെല്ലാം നടപ്പാക്കാൻ എല്ലാവരും ചേർന്ന് പ്രവർത്തിക്കണം. ഗ്രാമങ്ങൾ ഹരിതഗ്രാമങ്ങളാക്കാനും, കാമ്പസുകൾ ഹരിതകാമ്പസുകളാക്കാനും ഹരിതകേഡറ്റുകളായി സ്വയമിറങ്ങണം. ഇത്തരമൊരു പ്രവർത്തനം ജനപങ്കാളിത്തത്തോടെ വിജയിപ്പിക്കുക കേരളീയർക്ക് മാത്രം കഴിയുന്ന കാര്യമാണ്. ഹരിതകേരളം പദ്ധതിയുടെ അമ്പാസഡറായി ഗാനഗന്ധർവ്വൻ യേശുദാസ് പ്രവർത്തിക്കുമെന്നും ഇത് മലയാളികൾക്കാകെ അഭിമാനമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഗാനഗന്ധർവ്വൻ ഡോ. കെ.ജെ. യേശുദാസ് ചടങ്ങിൽ ഹരിതകേരള ഗീതം ആലപിച്ചു. കുഞ്ഞുങ്ങൾ മുതൽ ഓരോരുത്തരും കൃഷിക്കായി മുന്നിട്ടിറങ്ങിയാൽ ആരോഗ്യം വീണ്ടെടുക്കാനും കേരളത്തെ രക്ഷിക്കാനുമാകുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

## മലപ്പുറം സമ്പൂർണ്ണ മഴക്കുഴി ജില്ല

**ജലവിഭവങ്ങളുടെ സംരക്ഷണവും മാലിന്യസംസ്കരണവും ജൈവപച്ചക്കറികൃഷി പ്രോത്സാഹനവും മുഖ്യലക്ഷ്യമാക്കി കേരളത്തിന്റെ സമഗ്രവികസനത്തിന് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച 'ഹരിത കേരളം' മിഷന്റെ മലപ്പുറം ജില്ലാതല ഉദ്ഘാടനം വളാഞ്ചേരി നഗരസഭയിലെ കാവുംപുറത്ത് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി ജലീൽ നിർവ്വഹിച്ചു. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി നാലര ലക്ഷം മഴക്കുഴി നിർമ്മാണം പൂർത്തീകരിച്ചതിന്റെ ഭാഗമായി മലപ്പുറത്തെ 'സമ്പൂർണ്ണ മഴക്കുഴി' ജില്ലയായി മന്ത്രി പ്രഖ്യാപിച്ചു. മഴവെള്ളക്കൊയ്ത്തിലൂടെ ഭൂഗർഭജലസംരക്ഷണം ഉറപ്പാക്കുന്നതിനുള്ള തൊഴുവാനൂർ ഇ.എം.എസ്. വായനശാലയുടെ പൊതു കിണർ റീചാർജിങ് പദ്ധതി ഉദ്ഘാടനവും നിർവ്വഹിച്ചു.**

# ഹരിതകേരളഗീതം

**രചന: പ്രഭാവർമ്മ**

സംഗീതസംവിധാനം, ആലാപനം: ഡോ. കെ ജെ യേശുദാസ്

ഉണരുണരുണരോ... ഉണരോ
ഉണരുണരുണരോ... ഉണരോ
ഹരിതകേരളം ഹരിതകേരളം ഹരിതകേരളം!

അരുവികളിൽ തെളിനീരൊഴുകട്ടേ എല്ലാ നാട്ടിലും
തൊടിയിലിളം പച്ചപ്പുണരട്ടേ എല്ലാദിക്കിലും!
മലിനതസകലവും ഇനിയകലട്ടേ മണ്ണിൽ; മനസ്സിലും
ഹരിതകേരളം ഇതു ഹരിതകേരളം!
ജലസമൃദ്ധം.. ഫലസമൃദ്ധം.. ഹരിതകേരളം!

കായലിൽ കുളങ്ങളിൽ തടാകമേതിലും
നീളെനീളെ ഒഴുകിടുന്ന പുഴയിലേതിലും
കണ്ണുനീർ വിശുദ്ധിയാർന്ന നീർതെളിഞ്ഞിടും!
മാരകങ്ങളാം വിഷങ്ങളാകെ മാറിടും;
മലിനജീർണശേഖരങ്ങളാകെ നീങ്ങിടും
ഹരിതകേരളം.. ഹരിതകേരളം!

തീരമാകെയും മലമ്പ്രദേശമാകെയും
നഗരമന്ദിരത്തിൽ മട്ടുപ്പാവിലാകെയും
മായമേതുമേ തൊടാത്ത ചെടികളാടിടും!
സ്വച്ഛശുദ്ധമാം സുഗന്ധവായു വാർന്നിടും;
ഉഗ്രമാം വിഷങ്ങളാകെ അകലെമാറിടും!
ഹരിതകേരളം.. ഹരിതകേരളം!




*തിരുവനന്തപുരം നഗരസഭ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച പ്ലാസ്റ്റിക് ശേഖരണം ക്യാമ്പയിൻ മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഫ്ളാഗ് ഓഫ് ചെയ്യുന്നു*

ചടങ്ങിൽ ചലച്ചിത്രതാരം മഞ്ജു വാര്യർ മുഖ്യാതിഥിയായിരുന്നു. അടുത്തകാലത്തായി കൃഷിയെ നമ്മുടെ സംസ്ഥാനം കൂടുതലായി സ്നേഹിച്ച് തുടങ്ങിയത് വലിയ സാമൂഹികമുന്നേറ്റമാണെന്ന് അവർ അഭിപ്രായപ്പെട്ടു. ആഹാരത്തിലെ മായത്തെക്കുറിച്ചും വിഷമയമായ പച്ചക്കറികളെക്കുറിച്ചുമൊക്കെയുള്ള അവബോധം മലയാളിയിൽ ശക്തമായി വേരോടിയിട്ടുണ്ട്. നഷ്ടപ്പെട്ട കാർഷികസംസ്കാരം തിരിച്ചുപിടിക്കാൻ ഹരിതകേരളം പദ്ധതി സഹായകരമാകുമെന്നും മഞ്ജു വാര്യർ കൂട്ടിച്ചേർത്തു. സഹകരണ-ടൂറിസം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. സി.കെ. ഹരീന്ദ്രൻ എം.എൽ.എ ചടങ്ങിൽ സ്വാഗതം ആശംസിച്ചു. ആസൂത്രണബോർഡ് ഉപാധ്യക്ഷൻ ഡോ. വി.കെ. രാമചന്ദ്രൻ, എം.എൽ.എമാരായ കെ. ആൻസലൻ, ഐ.ബി സതീഷ്, ഹരിതകേരളം മിഷൻ ഉപാധ്യക്ഷ ഡോ. ടി.എൻ. സീമ, കെ.ടി.ഡി.സി ചെയർമാൻ എം. വിജയകുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു, കൊല്ലയിൽ പഞ്ചായത്ത് പ്രസിഡന്റ് വൈ. ലേഖ, കാർഷികോത്പാദന കമ്മീഷണർ ഡോ. രാജു നാരായണ സ്വാമി, കൃഷി വകുപ്പ് ഡയറക്ടർ ബിജു പ്രഭാകർ തുടങ്ങിയവർ സംബന്ധിച്ചു. കളത്തറയ്ക്കൽ ഏലായില് ഞാറുനട്ട ശേഷം നടൂർക്കൊല്ല കുഞ്ചുകുളം നവീകരണത്തിന്റെ ഉദ്ഘാടനവും നിർവ്വഹിച്ചിട്ടാണ് മുഖ്യമന്ത്രി കൊല്ലയിൽ നിന്ന് മടങ്ങിയത്.

## ഹരിതകേരളം ജനങ്ങൾ ഏറ്റെടുത്തു നടപ്പാക്കും മന്ത്രി എ.കെ. ബാലൻ

ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കി ശുദ്ധജലം ലഭ്യമാക്കാനും ജൈവകൃഷി പ്രോത്സാഹിപ്പിച്ച് കാർഷികരംഗത്തെ സ്വയംപര്യാപ്തമാക്കാനും ഹരിതകേരളം പദ്ധതി ജനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുമെന്ന് പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി എ.കെ.ബാലൻ പറഞ്ഞു. ഹരിതകേരളം തിരുവനന്തപുരം നഗരസഭാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ചിറക്കുളം കോളനിയിൽ നടന്ന ശുചീകരണപ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മേയർ വി.കെ. പ്രശാന്ത്, ഡെപ്യൂട്ടി മേയർ രാഖി രവികുമാർ എന്നിവർ പങ്കെടുത്തു.

## ഹരിതകേരളം അർത്ഥപൂർണ്ണമായ ചുവടുവെയ്പ്പ്: വി.എസ്. അച്യുതാനന്ദൻ

സമ്പദ്സമൃദ്ധവും ആരോഗ്യപൂർണ്ണവുമായ കേരളം വാർത്തെടുക്കുന്നതിലേക്കുള്ള അർത്ഥപൂർണ്ണമായ ചുവടുവെയ്പ്പാണ് ഹരിത കേരളം പദ്ധതിയെന്ന് മുൻ മുഖ്യമന്ത്രിയും ഭരണ പരിഷ്ക്കാര കമ്മീഷൻ ചെയർമാനുമായ വി.എസ്.അച്യുതാനന്ദൻ പറഞ്ഞു. ഹരിതകേരളം പദ്ധതിയുടെ തിരുവനന്തപുരം നഗരസഭാതല പ്രവർത്തനം ചാക്ക വൈ.എം.എ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വരും തലമുറയ്ക്ക് സമാധാനത്തോടെ ജീവിക്കാൻ സാധിക്കുന്ന വിധം കേരളത്തെ എല്ലാ മേഖലയിലും ഉയരങ്ങളിലേക്ക് കൊണ്ടുപോവുകയാണ് സർക്കാർ നവകേരള മിഷനിലൂടെ ലക്ഷ്യം വെയ്ക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

## പച്ചക്കറി: സ്വയം പര്യാപ്തത രണ്ടുവർഷത്തിനകമെന്ന് മന്ത്രി സുനിൽകുമാർ

രണ്ട് വർഷത്തിനകം കേരളം പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തമാകുമെന്ന് കൃഷി വകുപ്പ് മന്ത്രി വി.എസ് സുനിൽകുമാർ. അതിന് കൂട്ടായ പരിശ്രമങ്ങൾ ആവശ്യമാണെന്നും എല്ലാവരും ഏതെങ്കിലും തരത്തിൽ ഭക്ഷ്യോൽപ്പാദന പ്രക്രിയയുടെ ഭാഗമാകണമെന്നും മന്ത്രി പറഞ്ഞു. ഹരിതകേരളം മിഷന്റെ നെടുമങ്ങാട് താലൂക്ക്തല ഉദ്ഘാടനം പൂവത്തൂർ തുമ്പോടിൽ നിർവ്വഹിച്ച് സംസാ



രിക്കുകയായിരുന്നു മന്ത്രി. ഇക്കാലയളവിൽ കേരളത്തെ സമ്പൂർണ്ണ ജൈവ പച്ചക്കറി ഉൽപ്പാദന സംസ്ഥാനമാക്കി മാറ്റുകയാണ് ലക്ഷ്യം.

## ഹരിത കേരളം മിഷന്റെ ജനപിന്തുണ വിളിച്ചോതി ശുചീകരണയജ്ഞം

ഹരിത കേരളം മിഷന്റെ ഭാഗമായുള്ള ശുചീകരണ പരിപാടിക്ക് കൊല്ലം ജില്ലയിൽ വൻ ജനപിന്തുണയോടെ തുടക്കം. വിവിധ കേന്ദ്രങ്ങളിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സാമൂഹ്യ പ്രവർത്തകരും വിദ്യാർത്ഥികളും പൊതുജനങ്ങളും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കുചേർന്നു. പഴങ്ങാലം മുടീപ്പടീക്കൽ കുളം നവീകരണ പരിപാടി ഫീഷറീസ് മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്തു. കല്ലുംതാഴം ജംഗ്ഷനിൽ നടന്ന ശുചീകരണ യജ്ഞത്തിന് എം നൗഷാദ് എം എൽ എ നേതൃത്വം നൽകി. പെരുമൺ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നടന്ന ശുചീകരണ പരിപാടി എം മുകേഷ് എം എൽ എ ഉദ്ഘാടനം ചെയ്തു.

## തോട്ടിലെ മാലിന്യം വാരി മന്ത്രിമാർ മാതൃകയായി

മുണ്ടു മടക്കിക്കുത്തി, മൺവെട്ടിയും കുട്ടയുമായി ധനമന്ത്രി ഡോ. തോമസ് ഐസക്കും ജലവിഭവ മന്ത്രി മാത്യു ടി. തോമസും ചെളിയും ചവറും നിറഞ്ഞ തോട്ടിലിറങ്ങി. മുട്ടൊപ്പം വെള്ളത്തിൽ നിന്ന് വെട്ടിവാരിയപ്പോൾ കണ്ടത് പ്ലാസ്റ്റിക് ചവറിന്റെ കൂമ്പാരം. ചവർ നീക്കി മന്ത്രിമാർ മാതൃക കാട്ടിയതോടെ പത്തനംതിട്ട ജില്ലയിൽ സംസ്ഥാന സർക്കാരിന്റെ ഹരിതകേരളം പദ്ധതിക്ക് തുടക്കമായി. പത്തനംതിട്ട നഗരത്തെ ചുറ്റി ഒഴുകുന്ന തച്ചൻപടി-കണ്ണൻകര നീർച്ചാലിൽ നിന്ന് മാലിന്യം നീക്കിയാണ് മന്ത്രിമാർ ഹരിതകേരളം പദ്ധതിക്ക് തുടക്കമിട്ടത്. തുടർന്ന് ജില്ലയിലെ എല്ലാ വാർഡുകളിലും ഹരിതകേരളത്തിന്റെ ഭാഗമായുള്ള വിവിധ പദ്ധതികൾക്ക് ആരംഭമായി. പത്തനംതിട്ട നഗരസഭയുടെ നേതൃത്വത്തിൽ നീർച്ചാലിന്റെ ശുചീകരണ പ്രവർത്തനം തുടങ്ങി. തോടിനെ ശുചിയാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാൻ മന്ത്രി മാത്യു ടി. തോമസ് ഇറിഗേഷൻ വിഭാഗത്തിന് നിർദ്ദേശം നല്കി. പരിസര ശുചീകരണത്തിൽ ജനങ്ങളുടെ മനോഭാവം മാറേണ്ടതുണ്ടെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്ത ധനമന്ത്രി ഡോ. തോമസ് ഐസക്ക് പറഞ്ഞു.

## കോടിമത നാലുവരിപ്പാതയുടെ ഹരിതവൽക്കരണം ഉദ്ഘാടനം ചെയ്തു

പൊതുസ്ഥലങ്ങളുടെ ഹരിതവൽക്കരണത്തിന് വനസംരക്ഷണ സമിതികളുടെയും പരിസ്ഥിതി സംരക്ഷണ സമിതികളുടെയും മാതൃകയിൽ കോട്ടയം ജില്ലയിൽ ജനകീയ സമിതികൾ രൂപീകരിക്കുമെന്ന് വനം, ക്ഷീര വികസന, മൃഗസംരക്ഷണ വകുപ്പു മന്ത്രി അഡ്വ. കെ. രാജു പറഞ്ഞു. ഹരിത കേരളം മിഷന്റെ ഭാഗമായി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്ന കോടിമത നാലുവരിപ്പാതയുടെ ഹരിതവൽക്കരണവും ശുചീകരണ പരിപാടിയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജില്ലയിൽ ഇതിനുള്ള ഫണ്ട് വനം വകുപ്പു മുഖാന്തരം ലഭ്യമാക്കും. ഈ സംരംഭം വിജയിപ്പിക്കുന്നതിന് എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണവും പങ്കാളിത്തവും ആവശ്യമാണ്, അദ്ദേഹം പറഞ്ഞു. കോട്ടയം ജില്ലയിൽ കല്ലറ പഞ്ചായത്തിൽ എട്ട് വർഷമായി തരിശു കിടന്നിരുന്ന 80 ഏക്കർ വരുന്ന മുണ്ടാർ പാടശേഖരത്ത് മന്ത്രിയും കർഷകരും നെല്ല് വിതച്ചു.

## മലിനീകരണ പ്രതിരോധപ്രവർത്തനങ്ങൾ സംസ്കാരത്തിന്റെ ഭാഗമാകണം: സി രവീന്ദ്രനാഥ്

അന്തരീക്ഷം, ജലം, മണ്ണ് എന്നിവ മലിനീകരിക്കപ്പെട്ടതുമൂലം നിലനിൽപ്പുതന്നെ അപകടത്തിലാകുന്ന സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളതെന്ന് വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് പറഞ്ഞു. മലിനീക

ശേഷം 25-ാം പേജിൽ



ഡോ. ടി. എൻ. സീമ

# പ്രകൃതിക്കും മനുഷ്യനും വേണ്ടി ഒരുമിക്കാം

സഹ്യനിൽ തലചായ്ച്ചും അറബിക്കടലിൽ പാദങ്ങൾ അണച്ചും മനോഹരിയായി വിശ്രമിക്കുന്ന കേരളത്തെ ഒരുപാട് കവികൾ പാടിപ്പുകഴ്ത്തിയിട്ടുണ്ട്. പ്രകൃതിയുടെ വരദാനമായ നദികളും തോടുകളും കായലുകളും കുളങ്ങളും നീർച്ചാലുകളും ഒക്കെയായി ജലസമൃദ്ധമായ നാടിനെയാണ് ഇവിടെ പച്ചപ്പിന്റെ മേലാപ്പ് തീർത്ത ഒരു വൃക്ഷത്തിന്റെ പേര് കൂട്ടി വിളിച്ചത്.ജാതി-ജന്മി മേധാവിത്വ ചൂഷണങ്ങൾക്കിടയിലും മണ്ണിൽ പൊന്നു വിളയിച്ച കർഷകരും കർഷകത്തൊഴിലാളികളും നടുവ് നിവർന്നു നിൽക്കാൻ കേരളത്തെ സഹായിച്ചു. കാലം മാറി,ജീവിത രീതികൾ മാറി,അധികാര ബന്ധങ്ങൾ പൊളിച്ചെഴുതപ്പെട്ടു. കാലത്തിനൊപ്പം നമ്മൾ സ്വീകരിച്ച വളർച്ചയുടെ പാത കൂടുതൽ ചൂഷണത്തിന്റേതായി. സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള ചൂഷണത്തിന്റെ മുഖ്യ ഇരയായി പ്രകൃതി മാറി. വർദ്ധിച്ച വ്യാവസായിക താൽപ്പര്യങ്ങൾ പ്രകൃതിയെ അമിതലാഭം കൊയ്യാൻ പറ്റുന്ന ചരക്കാക്കി ഉപയോഗിക്കാൻ തുടങ്ങി. മറ്റാരോ സ്വരുക്കൂട്ടി വെച്ച സമ്പത്ത് ധൂർത്തടിക്കുന്ന മനസ്സാണ് ഇന്ന് നമുക്കുള്ളത്. അതിന്റെ ഭീഷണമായ പ്രത്യാഘാതങ്ങൾ വരാനിരിക്കുന്ന തലമുറകൾ പേറേണ്ടി വരും എന്ന പ്രതിസന്ധിക്ക് മുന്നിലാണ് ഇന്ന് നമ്മൾ നിൽക്കുന്നത്.

ജൈവ, ഖര മലിനീകരണത്തിന്റെ പ്രശ്നം നാടിനെ അലട്ടുന്ന തരത്തിൽ ഗുരുതരമായിട്ടുണ്ട്. ജലസമൃദ്ധമായിരുന്ന നദികളും തോടുകളും കുളങ്ങളും കിണറുകളും ദാഹജലം തേടുന്ന സ്ഥിതിയാണ്. ജലസ്രോതസ്സുകളുടെ മലിനീകരണം പകർച്ചവ്യാധികളുടെ ഭീഷണിയാണ് ഉണർത്തുന്നത്. ആസൂത്രിതമല്ലാത്ത നിർമ്മാണങ്ങളും പ്രകൃതി ചൂഷണവും ആവാസ വ്യവസ്ഥയെ ദുർബ്ബലമാക്കുന്നു. വിഷമയമായ പച്ചക്കറികൾ കൂടിയാകുമ്പോൾ കേരളത്തിന്റെ പരിസ്ഥിതി നേരിടുന്ന വെല്ലുവിളികളുടെ ചിത്രം വ്യക്തമാകും. ഈ വെല്ലുവിളികൾ നേരിടാതെ വികസനത്തെ മുന്നോട്ടു നയിക്കാൻ നമുക്ക് കഴിയില്ല. അത്ര ലളിതമോ ലഘുവോ അല്ല ഈ പ്രശ്നങ്ങൾ എന്നതുകൊണ്ട് തന്നെ ഇന്നത്തെ സ്ഥിതിഗതികൾ സംബന്ധിച്ച വിശദമായ വിലയിരുത്തൽ ഉണ്ടാകണം; പ്രശ്നങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ കണ്ടുകൊണ്ടുള്ള പരിഹാര മാർഗ്ഗങ്ങൾ രൂപീകരിക്കപ്പെടണം; അവ ജനങ്ങളുടെ കൂടി പങ്കാളിത്തത്തോടെ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള പ്രാദേശിക പദ്ധതികളും വേണം. ഇത്തരമൊരു വിപുലമായ ദൗത്യമാണ് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ള ഹരിത കേരളം മിഷൻ ലക്ഷ്യം വെയ്ക്കുന്നത്.

ഹരിത കേരളം മിഷനിൽ സംസ്ഥാന മുഖ്യമന്ത്രി അദ്ധ്യക്ഷനും മറ്റു ബന്ധപ്പെട്ട വകുപ്പുകളിലെ മന്ത്രിമാർ സഹാദ്ധ്യക്ഷരും ഒരു ഉപാധ്യക്ഷനും ചീഫ് സെക്രട്ടറിയും ബന്ധപ്പെട്ട വകുപ്പുകളിലെ പ്രിൻസിപ്പൽ സെക്രട്ടറിമാരും അംഗങ്ങളുമായുള്ള ഗവേണിംഗ് ബോഡിയാണ് ഉള്ളത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ അധ്യക്ഷനും ജില്ലയിലെ എം എൽ എ മാർ, എം പി മാർ, നഗരസഭാ അധ്യക്ഷർ, ഗ്രാമ–ബ്ലോക്- അധ്യക്ഷരുടെ സംഘടനകളുടെ നേതാക്കളും ഉൾപ്പെടുന്ന ജില്ലാമിഷനും ബ്ലോക്കിലും ഗ്രാമ പഞ്ചായത്ത്/ നഗരസഭയിൽ അതതു



# ഹരിതകേരളം മിഷൻ

**ശുചിത്വം കേരളീയരുടെ സാംസ്കാരിക സവിശേഷതയാണ് എന്നാണു നമ്മൾ അഭിമാനം കൊള്ളാറുള്ളത്. അത് ആഢ്യത്വത്തിന്റെ അവകാശമായി ഊറ്റം കൊണ്ടിട്ടുമുണ്ട്. എന്നാൽ അത് പ്രകൃതിയുടെ കനിവിൽ നിന്നും വളർത്തിയെടുക്കപ്പെട്ട ഒരു ശീലമാണ്. ആ ശീലം ശുചിത്വത്തിന്റെ സംസ്കാരം എന്ന നിലയിൽ ജനങ്ങളുടെ മനോഭാവത്തിൽ ഉൾച്ചേർന്നിരുന്നുവെങ്കിൽ, ഇന്ന് കാണുന്നതുപോലെ നമ്മൾ ഉണ്ടാക്കുന്ന മാലിന്യം മറ്റുള്ളവരുടെ തൊടിയിലേക്കും പൊതു ഇടങ്ങളിലേക്കും വലിച്ചെറിയുന്ന 'മലിന സംസ്കാരം' ഉണ്ടാകുമായിരുന്നില്ല.**

അധ്യക്ഷർ നേതൃത്വം നൽകുന്ന മിഷനുകളും ഉണ്ടായിരിക്കും. കളക്ടർമാർ ജില്ലാ മിഷനുകളുടെ സെക്രട്ടറിയായി പ്രവർത്തിക്കും. തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തദ്ദേശസ്വയംഭരണ മിഷനിലും അംഗങ്ങളായിരിക്കും.

ഹരിത കേരളം മിഷൻ പ്രധാനമായും ശുചിത്വം, കൃഷി വികസനം, ജലസംരക്ഷണം എന്നീ മേഖലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലാണ് ഊന്നൽ നൽകുക. അതോടൊപ്പം കേരളത്തിന്റെ വന സമ്പത്തിന്റെ സംരക്ഷണവും മൃഗസമ്പത്തിന്റെ പരിപാലനവും ഇതുമായി ബന്ധപ്പെട്ട് വരുന്നവയാണ്. ആത്യന്തികമായി കേരളത്തിന്റെ പരിസ്ഥിതി സംരക്ഷണം ലക്ഷ്യമാക്കിക്കൊണ്ടുള്ള കാഴ്ചപ്പാടും നയസമീപനങ്ങളും ആയിരിക്കും ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശകമാകുക. സംസ്ഥാനത്തിനു ഒരു പൊതു ലക്ഷ്യം. ഓരോ പ്രദേശത്തിനും അനുയോജ്യമായ ഇടപെടലുകൾ താഴെയാണ് നടക്കേണ്ടത് ഈ ലക്ഷ്യം നേടുന്നതിനായി പ്രാദേശിക ഭരണകൂടങ്ങളുടെ സഹായത്തോടെ ബന്ധപ്പെട്ട മേഖലകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തിക്കൊണ്ട്, സർക്കാർ വകുപ്പുകളും തദ്ദേശഭരണസ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും ഈ രംഗത്ത് നടത്തുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക,ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുക, നൂതനവും മാതൃകാപരവുമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക, പുതിയ ഇടപെടൽ രീതികൾ വികസിപ്പിക്കുന്നതിനു ആവശ്യമായ പിന്തുണ നൽകുക എന്നിങ്ങനെയുള്ള ഉത്തരവാദിത്വങ്ങളാണ് ഹരിതകേരളം സംസ്ഥാന മിഷൻ ഏറ്റെടുക്കുക. ശുചിത്വ- കാർഷിക-ജല സംരക്ഷണ മേഖലകളിൽ സംഭാവനകൾ നൽകിയിട്ടുള്ളവരും കേരളത്തിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരും ഈ രംഗത്ത് വൈവിധ്യമാർന്ന പഠനങ്ങൾ നടത്തിയിട്ടുള്ളവരും ആയ വിദഗ്ദ്ധരുടെയും പ്രവർത്തകരുടെയും ഗുണപരമായ പങ്കാളിത്തം ഹരിതകേരളം മിഷൻ ഉറപ്പാക്കും.

ശുചിത്വം കേരളീയരുടെ സാംസ്കാരിക സവിശേഷതയാണ് എന്നാണു നമ്മൾ അഭിമാനം കൊള്ളാറുള്ളത്. അത് ആഢ്യത്വത്തിന്റെ അവകാശമായി ഊറ്റം കൊണ്ടിട്ടുമുണ്ട്. എന്നാൽ അത് പ്രകൃതിയുടെ കനിവിൽ നിന്നും വളർത്തിയെടുക്കപ്പെട്ട ഒരു ശീലമാണ്. ആ ശീലം ശുചിത്വത്തിന്റെ സംസ്കാരം എന്ന നിലയിൽ ജനങ്ങളുടെ മനോഭാവത്തിൽ ഉൾച്ചേർന്നിരുന്നുവെങ്കിൽ, ഇന്ന് കാണുന്നതുപോലെ നമ്മൾ ഉണ്ടാക്കുന്ന മാലിന്യം മറ്റുള്ളവരുടെ തൊടിയിലേക്കും പൊതു ഇടങ്ങളിലേക്കും വലിച്ചെറിയുന്ന 'മലിന സംസ്കാരം' ഉണ്ടാകുമായിരുന്നില്ല. തീർച്ചയായും അമിത വേഗത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന നഗരവൽക്കരണത്തിന്റെ കൂടി സൃഷ്ടിയാണ് ഗുരുതരമായ മലിനീകരണം. കേരളത്തിൽ നഗരങ്ങളായി സെൻസസ് കണക്കാക്കുന്ന പ്രദേശങ്ങളെടുത്താൽ മൊത്തം ഭൂവിസ്തൃതിയുടെ 16% മാത്രമേയുള്ളൂ. എന്നാൽ ജനങ്ങളുടെ 50 ശതമാനവും ജീവിക്കുന്നത് ഈ നഗര പ്രദേശങ്ങളിലാണ്. വ്യവസായ-വ്യാപാര പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങൾ കൂടിയാണ് ഇവിടങ്ങൾ എന്നതിനാൽ പ്ലാസ്റ്റിക്, ഇ-മാലിന്യം, നിർമ്മാണ അവശിഷ്ടങ്ങൾ തുടങ്ങി സംസ്ക്കരിക്കാൻ ബുദ്ധിമുട്ടുള്ള മാലിന്യങ്ങളുടെ കൂടയായി (വേസ്റ്റ് ബാസ്കറ്റ്) നഗരകേന്ദ്രങ്ങളടക്കം മാറിയിട്ടുണ്ട്. ഇത് സൃഷ്ടിക്കുന്ന ആരോഗ്യ ഭീഷണികൾ ഇപ്പോൾ പരക്കെ ചർച്ച ചെയ്യപ്പെടുന്നുണ്ട് എന്നത് പ്രതീക്ഷ നൽകുന്നതാണ്. ഇവ എങ്ങനെ ശേഖരിക്കും, എങ്ങനെ സംസ്കരിക്കും എന്നതിനെ സംബന്ധിച്ചു പ്രാദേശികമായി ഇടപെടലുകൾ നിരവധി നടക്കുന്നുണ്ടെങ്കിലും പൂർണ്ണമായ പ്രശ്നപരിഹാരത്തിന് ഇടപെടൽ കൂടുതൽ ആവശ്യമാണ്

44 നദികളും അരലക്ഷത്തോളം കുളങ്ങളും 60 ലക്ഷം കിണറുകളും പിന്നെ കായലുകളും തടാകങ്ങളും അസംഖ്യം കൊച്ചു തോടുകളുമൊക്കെയായുള്ള കേരളത്തിന്റെ ജലസമൃദ്ധി ഇന്ന് പഴങ്കഥയായി മാറിക്കൊണ്ടിരിക്കുന്നു. ഈ ജലസ്രോതസ്സുകളിൽ നല്ല പങ്കും നാശോന്മുഖമോ തീവ്രമായ പരിസ്ഥിതി പ്രശ്നങ്ങൾ നേരിടുന്നവയോ ആണ്. ജല ഉപയോഗത്തിലുണ്ടായിട്ടുള്ള വർദ്ധനവ്, അമിതമായ ജലചൂഷണം, വനനശീകരണം, അശാസ്ത്രീയമായ ഭൂവിനിയോഗം, ജലസ്രോതസുകളിലെ മാലിന്യനിക്ഷേപം, നദികളിൽ നടക്കുന്ന വൻതോതിലുള്ള മണലെടുപ്പ് എന്നിങ്ങനെ നിരവധി കാരണങ്ങൾ ജലസ്രോതസുകളുടെ

എന്നാൽ ഇപ്പോഴും വികേന്ദ്രീകൃതാസൂത്രണത്തിൽ പ്രാദേശിക ഭരണകൂടങ്ങൾ നേരിടുന്ന ഒരു വെല്ലുവിളി വകുപ്പുകളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും തമ്മിൽ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ തമ്മിൽ, വകുപ്പുകളുടെ പദ്ധതികൾ തമ്മിൽ ഒക്കെ ഉണ്ടാകേണ്ട ഫലപ്രദമായ ഏകോപനത്തിന്റെ അഭാവമാണ്. താഴെത്തട്ടിലാണ് ഏകോപനത്തിന്റെ അഭാവം ഏറെ പ്രയാസങ്ങളുണ്ടാക്കുന്നത്. ഉത്പാദന മേഖലയിൽ ഫലപ്രദമായ ഏകോപനം ഉറപ്പാക്കിക്കൊണ്ട് സ്ഥായിയായ വികസന നേട്ടങ്ങൾ സൃഷ്ടിക്കുക എന്ന അടിയന്തര ആവശ്യത്തെ അഭിസംബോധന ചെയ്യുന്നതിനുള്ള ഉത്തരവാദിത്വമാണ് ഹരിതകേരളം മിഷൻ നിർവ്വഹിക്കുക.

വമ്പിച്ച നാശത്തിനു വഴിയൊരുക്കുന്നു. ജലസ്രോതസുകളുടെ ആശ്രയം മഴയാണ്.എന്നാൽ കാലാവസ്ഥ കീഴ്മേൽ മറിയുന്ന സ്ഥിതിയാണുള്ളത്.ഈ വർഷം കാലവർഷം 34 ശതമാനവും തുലാവർഷം 69 ശതമാനവും കുറവാണ് ലഭിച്ചത് എന്നത് വരാനിരിക്കുന്ന കൊടുംവേനലിന്റെ കാഠിന്യത്തെ ഓർമ്മിപ്പിക്കുന്നു. പെയ്യുന്ന മഴയുടെ ഓരോ തുള്ളിയും സംരക്ഷിച്ചാൽ മാത്രമേ വരൾച്ചയുടെ നാളുകളെ നമുക്ക് നേരിടാനാകൂ. ബന്ധപ്പെട്ട വകുപ്പുകളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പിന്തുണയോടെ ഹരിത കേരളം മിഷൻ ജലസ്രോതസുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ജലസ്രോതസുകളുടെ പരിപാലനത്തിനും മഴവെള്ള സംഭരണം, വെള്ളത്തിന്റെ പുനരുപയോഗം, ഉപയോഗിച്ച വെള്ളത്തിന്റെ പുന:ചംക്രമണം തുടങ്ങിയ ബദൽ നയങ്ങൾ സംസ്ഥാനമാകെ നടപ്പാക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കും. നീർത്തടാധിഷ്ഠിത പദ്ധതികളുമായി ബന്ധപ്പെടുത്തിക്കൊണ്ട് കൃഷിയും ജലസംരക്ഷണവും തമ്മിലുള്ള ഏകോപിതമായ ആസൂത്രണ-നിർവ്വഹണം അനുയോജ്യമായ പ്രദേശങ്ങളിൽ ഉറപ്പാക്കും.

ഹരിത കേരളം മിഷന്റെ സുപ്രധാനമായ ഉത്തരവാദിത്വമാണ് കാർഷിക മേഖലയുടെ വികസനം. കൃഷിക്ക് അനുയോജ്യമാണ് കേരളത്തിന്റെ കാലാവസ്ഥ എന്നതു അഭിമാനത്തോടെ നമ്മൾ പറയാറുണ്ട് പക്ഷെ, കാർഷിക സംസ്കാരത്തിൽ നിന്നും പല കാരണങ്ങളാലും കേരളസമൂഹം അകന്നുപോയിരിക്കുന്നു. കൃഷിയോഗ്യമായ ഭൂമിയുടെ ലഭ്യതക്കുറവ്, കൃഷിയിൽ നിന്നുള്ള വരുമാനത്തിലെ അനിശ്ചിതത്വം, വിപണന സംവിധാനങ്ങളുടെ അപര്യാപ്തത തുടങ്ങി നിരവധി കാരണങ്ങൾ കൃഷിക്കാരെ ഭൂമിയിൽ നിന്നും അകറ്റിയിട്ടുണ്ട്. ഇപ്പോൾ കേരളത്തിലെ മൊത്തം ഭൂമിയുടെ 53% മാത്രമാണ് കൃഷി ചെയ്യുന്നത്. അതിൽ തന്നെ 12% മാത്രമാണ് ഭക്ഷ്യവിളകൾ. അതുകൊണ്ട് തന്നെ അരിക്കും പച്ചക്കറികൾക്കും പഴങ്ങൾക്കും വേണ്ടി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന അവസ്ഥയിലെത്തി. എന്നാൽ പച്ചക്കറികൾക്കും പഴങ്ങൾക്കുമൊപ്പം കീടനാശിനികൾ കൂടി ഭക്ഷിക്കേണ്ടിവരുന്ന ഇന്നത്തെ സ്ഥിതി മറികടന്നേ മതിയാവൂ.

അതിർത്തി കടന്നെത്തുന്ന ലോറികളില്ലെങ്കിൽ ചന്തകളിലെ പച്ചക്കറിത്തട്ടുകൾ ശൂന്യമാകുന്ന അപമാനകരമായ അവസ്ഥയെ അതിജീവിക്കാനുള്ള ധീരമായ ശ്രമം കേരളത്തിലെ കൃഷിക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും രാഷ്ട്രീയ സാമൂഹ്യ സംഘടനകളും എല്ലാം ചേർന്നു ഇന്ന് നടത്തുന്നുണ്ട് എന്നത് ആശ്വാസം നൽകുന്നതാണ്. എന്നാൽ ഈ ശ്രമങ്ങളെ സ്ഥായിയാക്കിക്കൊണ്ടും കൂടുതൽ ഭൂമിയിലേക്ക് വ്യാപിപ്പിച്ചുകൊണ്ടും ഭക്ഷ്യലഭ്യതയുടെ കാര്യത്തിൽ കൂടുതൽ നേട്ടങ്ങൾ സംസ്ഥാനം കൈവരിക്കണം. ഇതിനായി പരമാവധി തരിശുഭൂമി കൃഷിയോഗ്യമാക്കിക്കൊണ്ട് ഭക്ഷ്യ വിളകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കണം. ജൈവകൃഷി പ്രോത്സാഹിപ്പിച്ചുകൊണ്ട് നമുക്കാവശ്യമുള്ള പച്ചക്കറികളുടെ കുറഞ്ഞത് അമ്പതുശതമാനമെങ്കിലും ജൈവകൃഷി രീതിയിൽ ഉൽപ്പാദിപ്പിക്കാൻ കഴിയണം. പ്രാദേശിക സവിശേഷതകൾ കണക്കിലെടുത്തു കൊണ്ട് കാലാവസ്ഥയ്ക്ക് അനുയോജ്യമായിട്ടുള്ള സംയോജിത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കണം. കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ സംഘകൃഷി, ഭക്ഷ്യവിളകളിൽ നടത്തുന്ന വ്യത്യസ്ത പരീക്ഷണങ്ങൾ കൃഷിക്കാർ, അടുക്കളത്തോട്ടങ്ങൾ, സ്കൂളുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിലുള്ള പച്ചക്കറിത്തോട്ടങ്ങൾ എന്നിങ്ങനെ ഭക്ഷ്യവിളകളുടെ ഉൽപ്പാദനം പരമാവധിയാക്കുന്നതിനുള്ള പരിശ്രമമാണ് ഇന്ന് കേരളത്തിൽ നടക്കേണ്ടത് ഓരോ വീട്ടിലും ഒരു പച്ചക്കറിയെങ്കിലും നട്ടു വളർത്തും എന്ന നിലയിലുള്ള മനോഭാവം വളർത്താൻ കഴിഞ്ഞാൽ കൃഷിയെക്കുറിച്ച് മാത്രമല്ല, ഭക്ഷണത്തെക്കുറിച്ചു കൂടിയുള്ള ആരോഗ്യകരമായ പാഠങ്ങൾ സമൂഹത്തിനു നൽകാൻ കഴിയും.

മാലിന്യ സംസ്കരണവും ജല സംരക്ഷണവും കൃഷി വികസനവും ഇപ്പോൾ തന്നെ നിരവധി തദ്ദേശഭരണസ്ഥാപനങ്ങളും വ്യക്തികളും മറ്റു സംഘടനകളും ഒക്കെ നടത്തുന്നതല്ലേ, പിന്നെ എന്തിനാണ് ഒരു മിഷൻ എന്ന ചോദ്യം പ്രസക്തമാണ്. അധികാര വികേന്ദ്രീകരണത്തിന്റെ രണ്ടു ദശകം കേരളം പിന്നിട്ടു. എന്തെല്ലാം പരിമിതികളുണ്ടെങ്കിലും വലിയൊരളവു വരെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായി കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ മാറിയെന്നതിൽ സംശയമില്ല. എന്നാൽ ഇപ്പോഴും വികേന്ദ്രീകൃതാസൂത്രണത്തിൽ പ്രാദേശിക ഭരണകൂടങ്ങൾ നേരിടുന്ന ഒരു വെല്ലുവിളി വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തമ്മിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ തമ്മിൽ, വകുപ്പുകളുടെ പദ്ധതികൾ തമ്മിൽ ഒക്കെ ഉണ്ടാകേണ്ട ഫലപ്രദമായ ഏകോപനത്തിന്റെ അഭാവമാണ്. താഴെത്തട്ടിലാണ് ഏകോപനത്തിന്റെ അഭാവം ഏറെ പ്രയാസങ്ങളുണ്ടാക്കുന്നത്. ഉത്പാദന മേഖലയിൽ ഫലപ്രദമായ ഏകോപനം ഉറപ്പാക്കിക്കൊണ്ട് സ്ഥായിയായ വികസന നേട്ടങ്ങൾ സൃഷ്ടിക്കുക എന്ന അടിയന്തര ആവശ്യത്തെ അഭിസംബോധന ചെയ്യുന്നതിനുള്ള ഉത്തരവാദിത്വമാണ് ഹരിതകേരളം മിഷൻ നിർവ്വഹിക്കുക. മാലിന്യ സം



സ്കരണത്തിലൂടെ സൃഷ്ടിക്കുന്ന ജൈവ വളവും ജൈവ കൃഷിയും കൃഷിക്കനുയോജ്യമായ തരത്തിലുള്ള ജലസം രക്ഷണവും ഏകോപിപ്പിക്കാൻ കഴിയണം. കാലാവസ്ഥാ മാറ്റത്തിന്റെ പ്രത്യാഘാതങ്ങൾക്കനുസൃതമായ തരത്തിൽ മാറ്റങ്ങളെ നേരിടാൻ പറ്റുന്ന നടപടികൾ സ്വീകരിക്കാൻ കർഷകരെയും ഈ രംഗത്ത് പ്രവർത്തിക്കുന്നവരെയും സജ്ജരാക്കണം. കേരളത്തിനകത്തും പുറത്തുമുള്ള ഗവേഷണ സ്ഥാപനങ്ങളുടെയും വിദഗ്ദ്ധരുടെയും പിന്തുണ ഇതിനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഹരിത കേരളം മിഷൻ സ്വീകരിക്കും. നമ്മുടെ പ്രകൃതി സമ്പത്തിന്റെ സുസ്ഥിരമായ വികസനം ഉറപ്പാക്കിക്കൊണ്ട് കേരളത്തിന്റെ പരിസ്ഥിതിയുടെ സമനില വീണ്ടെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ രംഗത്ത് പ്രവർത്തിക്കുന്ന സമാന മനസ്കരായ വ്യക്തികളുടെയും സംഘടനകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ എന്തൊക്കെ ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ചുള്ള വിശദമായ പരിശോധനയ്ക്കു ഹരിത കേരളം മിഷൻ നേതൃത്വം നല്കും.

ഹരിത കേരളം മിഷന്റെ ഫലപ്രാപ്തി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തെയും കാര്യക്ഷമമായ ഇടപെടലുകളേയും ആശ്രയിച്ചാണിരിക്കുന്നത്. സംസ്ഥാന മിഷനുകൾ കേന്ദ്രീകരണത്തിന്റെ ലക്ഷണങ്ങളല്ലേ എന്ന് ചിലർ ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. ഹരിത കേരളം മിഷൻ അധികാരവികേന്ദ്രീകരണത്തെ കൂടുതൽ അർത്ഥപൂർണ്ണമാക്കുന്നതിനുള്ള ഒരു പിന്തുണാസംവിധാനമായിട്ടായിരിക്കും പ്രവർത്തിക്കുക. പ്രാദേശിക ഭരണകൂടങ്ങൾക്ക് മേലെയല്ല, അവർക്കൊപ്പമായിരിക്കും മിഷൻ. പ്രാദേശിക ഭരണകൂടങ്ങളെ അവരുടെ ആവശ്യങ്ങൾക്കും സാധ്യതകൾക്കും അനുസൃതമായി കൂടുതൽ ശക്തവും സജ്ജവുമാക്കുക എന്ന ഉത്തരവാദിത്വമാണ് ഹരിതകേരളം മിഷൻ ഏറ്റെടുക്കുക.

അധികാരവികേന്ദ്രീകരണത്തിന്റെ രണ്ടു ദശകം നിരന്തരമായ പഠന പരീക്ഷണങ്ങളുടെയും കഠിനമായ ഇച്ഛാശക്തിയോടെ നിർവ്വഹിച്ച മാതൃകാപരമായ വികസന പ്രവർത്തനങ്ങളുടെയും കൂടിയാണ്. വികസനത്തിന്റെ നല്ല പാഠങ്ങൾ പഠിക്കാത്തവർ ഇനിയും ഉണ്ടാകാം. പക്ഷെ, കേരളത്തിലെ നിരവധി തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങൾക്കു കിട്ടിയ വിഭവങ്ങൾക്കൊപ്പം തങ്ങളുടെ ഭാവനയും നാടിന്റെ നന്മയും കൂടി ചേർത്ത് അത്ഭുതങ്ങൾ സൃഷ്ടിച്ചു. ഈ രണ്ടു ദശകങ്ങളിലെ വിജയ പരാജയങ്ങളുടെ അനുഭവസമ്പത്ത് ഹരിത കേരളം മിഷന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ ദിശാബോധം നൽകും .

അധികാരവികേന്ദ്രീകരണം കേരളത്തിനു നൽകിയ ഏറ്റവും നല്ല പാഠം വികസനത്തിലെ അർത്ഥപൂർണ്ണമായ ജനപങ്കാളിത്തത്തിന്റേതാണ്. ഹരിത കേരളം മിഷൻ സംസ്ഥാന തലം മുതൽ തദ്ദേശഭരണതലം വരെ ഊന്നൽ നൽകുക സമൂഹത്തെ മുഴുവൻ പങ്കാളികളാക്കിക്കൊണ്ട് വർത്തമാനകാല വികസന പ്രതിസന്ധികളെ നേരിടുക എന്നതിലായിരിക്കും. മാലിന്യ സംസ്കരണവും ജല സംരക്ഷണവും കൃഷിയുടെ വ്യാപനവും കേരളത്തിൽ ജീവിക്കുന്ന ഓരോ വ്യക്തിയുടെയും ചിന്തയും പ്രവൃത്തിയും ആയി മാറ്റുക എന്ന വലിയ ലക്ഷ്യമാണ് ഹരിത കേരളം മിഷൻ മുന്നോട്ടു വെയ്ക്കുന്നത്. ഒരിക്കൽ കൂടി കൂട്ടായ്മയുടെയും നാടിനുവേണ്ടിയുള്ള സ്വയം സമർപ്പണത്തിന്റെയും അർത്ഥപൂർണ്ണമായ വികസന കാഴ്ചപ്പാടിന്റെയും അത്ഭുതങ്ങൾ നമുക്ക് സൃഷ്ടിക്കാം.

*(ലേഖിക ഹരിതകേരളം മിഷൻ ഉപാദ്ധ്യക്ഷയാണ്)*






# ഹരിതകേരളം സഫലമാകാൻ 'സുജലം സുഫലം'

**അനിത സി.എസ്.**

ഭാവിതലമുറയ്ക്ക് കരുതൽ നൽകി സുസ്ഥിരവികസനം സാധ്യമാകണമെങ്കിൽ പ്രകൃതിയുടെ പച്ചപ്പിന്റെ മടിത്തട്ടിലേക്ക് ഒരു മടക്കയാത്ര അനിവാര്യമാണ്. സംസ്ഥാന സർക്കാർ സമഗ്ര കേരളവികസനത്തിനു വേണ്ടി 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന കർമ്മപദ്ധതികളിൽ കൃഷിവികസനം, ജലവിഭവസംരക്ഷണം, മാലിന്യ സംസ്കരണം എന്നിവയ്ക്ക് ഊന്നൽ നൽകി നടപ്പാക്കുന്ന 'ഹരിതകേരളം' പദ്ധതി ഈ ലക്ഷ്യം സഫലമാക്കാനാണ് പ്രധാനമായും ഉന്നമിടുന്നത്.

സാധാരണ കൃഷിവികസന പദ്ധതികളിൽ നിന്നും വ്യത്യസ്തമായി ഉത്പാദനം മാത്രം ലക്ഷ്യമിട്ടല്ല, മറിച്ച് നമ്മുടെ പൈതൃകമായ കൃഷിസംസ്കൃതി തിരിച്ചുകൊണ്ടുവരുകയാണ് പദ്ധതിയുടെ ഉദ്ദേശം. മണ്ണിനെ നോവിക്കാതെ, വിഷം തീണ്ടാതെ, പ്രകൃതി വിഭവങ്ങളെ അധികം ചൂഷണം ചെയ്യാതെ, നാം മറന്നുപോയ കൃഷിമുറകൾ വീണ്ടും തട്ടിയുണർത്തി പൊതുജനപങ്കാളിത്തത്തോടെ ഭക്ഷ്യസുരക്ഷയും പരിസ്ഥിതി സംരക്ഷണവും സാധ്യമാക്കാൻ വിവിധ ഘടകങ്ങൾ ക്രോഡീകരിച്ചാണ് 'ഹരിതകേരളം' പദ്ധതിയിലെ കൃഷിവികസനം ആവിഷ്ക്കരിച്ചിട്ടുള്ളത്. മാലിന്യസംസ്കരണം,

ഹരിതകേരളം മിഷൻ





**സാധാരണ കൃഷിവികസന പദ്ധതികളിൽ നിന്നും വ്യത്യസ്തമായി ഉത്പാദനം മാത്രം ലക്ഷ്യമിട്ടല്ല, മറിച്ച് നമ്മുടെ പൈതൃകമായ കൃഷിസംസ്കൃതി തിരിച്ചുകൊണ്ടുവരുകയുമാണ് പദ്ധതിയുടെ ഉദ്ദേശം. മണ്ണിനെ നോവിക്കാതെ, വിഷം തീണ്ടാതെ, പ്രകൃതി വിഭവങ്ങളെ അധികം ചൂഷണം ചെയ്യാതെ, നാം മറന്നുപോയ കൃഷിമുറകൾ വീണ്ടും തട്ടിയുണർത്തി പൊതുജനപങ്കാളിത്തത്തോടെ ഭക്ഷ്യസുരക്ഷയും പരിസ്ഥിതി സംരക്ഷണവും സാധ്യമാക്കാൻ വിവിധ ഘടകങ്ങൾ ക്രോഡീകരിച്ചാണ് 'ഹരിതകേരളം' പദ്ധതിയിലെ കൃഷിവികസനം ആവിഷ്ക്കരിച്ചിട്ടുള്ളത്.**

കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്നു മേഖലകൾക്കാണ് ഹരിതകേരളം പദ്ധതി ഊന്നൽ നൽകുന്നത്. ഇവ മൂന്നും പരസ്പരബന്ധിതമാണ്. പരിസ്ഥിതി സൗഹൃദമായ കൃഷിരീതികളിൽ ജൈവമാലിന്യസംസ്കരണവും ജലവിഭവസംരക്ഷണവും സാധ്യമാണ്. ഇതാദ്യമായാണ് ഈ മൂന്നു ഘടകങ്ങൾക്കും പ്രാമുഖ്യം നൽകി സംസ്ഥാന സർക്കാർ ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നത്.

സമ്പന്നമായ ഒരു കാർഷിക സംസ്കൃതി നമുക്കുണ്ടായിരുന്നു. അരിക്കും പച്ചക്കറിക്കും വേണ്ടി അയൽ സംസ്ഥാനങ്ങളെ ആശ്രയിച്ചതിന്റെ പരിണതഫലങ്ങളാണ് വീണ്ടും ഒരു തിരിച്ചുപോക്കിന് നമ്മെ പ്രേരിപ്പിക്കുന്നത്. ഇപ്പോഴും കേരളത്തിലെ മൂന്നിൽ രണ്ടു ഭാഗം ജനങ്ങളും കൃഷിയെ ആശ്രയിക്കുന്നു എന്നുള്ളത് മറ്റൊരു വിരോധാഭാസം. നമ്മുടെ മണ്ണിൽ വിളയുന്ന ഉത്പന്നങ്ങളുടെ മണവും ഗുണവും രുചിയും മറ്റൊരു ഭൂവിഭാഗത്തിനും അവകാശപ്പെടാൻ കഴിയില്ല എന്നത് കൃഷി വികസനത്തിന്റെ അടിസ്ഥാന പ്രമാണമാക്കി കൃഷിയിലേക്ക് വീണ്ടും തിരിച്ചുപോകാൻ നമുക്ക് പ്രേരണയാകുന്നു.

പരമ്പരാഗത കൃഷിക്കാർക്കു പുറമേ ആരോഗ്യതത്പരരായ ഒരു പുതുസമൂഹം യുവാക്കളും ഇവിടെ ഉയിർത്തെഴുന്നേൽക്കുന്നത് ശുഭോദാർക്കമാണ്. ചെറുകിട കൃഷിയിടങ്ങൾ കൂടുതലുള്ള കേരളത്തിൽ ഓരോ കൃഷിയിടങ്ങളും ചെറിയ യൂണിറ്റുകളായി കരുതി പ്രാദേശികമായി യോജിച്ച ജൈവകൃഷിരീതികളും വിപണനതന്ത്രങ്ങളും ആവിഷ്ക്കരിച്ച്, കൃഷി ഒരു വരുമാന മാർഗ്ഗമാക്കുകയും അതിലുപരി പരിസ്ഥിതി സംരക്ഷണത്തിന്റെ കണ്ണിയാക്കുകയുമാണ് ലക്ഷ്യം.

ജൈവമാലിന്യങ്ങളെ ഉറവിടങ്ങളിൽ തന്നെ സംസ്കരിച്ച് വളമാക്കി മാറ്റുക, അത്തരം ജൈവവളങ്ങൾ ഉപയോഗപ്പെടുത്തി വീട്ടുവളപ്പിലും ടെറസ്സിലും നല്ല കാർഷികമുറകൾ അവലംബിച്ച് പച്ചക്കറി കൃഷി ചെയ്ത് ഓരോ വീടിനും ആവശ്യമായ പച്ചക്കറി ഉത്പാദിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുക, പുരയിടങ്ങളിലും പൊതുസ്ഥലങ്ങളിലുമുള്ള ജലസ്രോതസ്സുകൾ സംരക്ഷിച്ചും പുനരുദ്ധരിച്ചും നൂതന ജലസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിച്ചും ജലത്തിന്റെ സംരക്ഷണവും കാര്യക്ഷമമായ ഉപയോഗവും സാധ്യമാക്കി വേനൽക്കാലത്തെ ജലലഭ്യത ഉറപ്പു വരുത്തുക എന്നീ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഹരിതകേരളം പദ്ധതി നടപ്പാക്കുന്നത്.

മാലിന്യ സംസ്കരണത്തിലൂടെ ശുചിത്വം കൈവരിക്കുന്നതോടൊപ്പം അവയെ മൂല്യമുള്ള മറ്റ് ഉത്പന്നങ്ങളാക്കി മാറ്റി സമൂഹത്തിന് പ്രയോജനകരമാക്കുന്ന ഹരിത കേരളം പദ്ധതിയിലെ മൂന്ന് മേഖലകളും- മാലിന്യസംസ്കരണം, കൃഷി വികസനം, ജല സംരക്ഷണം എന്നിവ- പരസ്പര പൂരകങ്ങളായി അനുവർത്തിച്ച് ബന്ധപ്പെട്ട പ്രവർത്തനങ്ങളെല്ലാം ശാസ്ത്രീയ സംയോജിത നീർത്തടവികസനം അധിഷ്ഠിതമാക്കി നടപ്പിലാക്കും. ഈ പദ്ധതികളിലെല്ലാം പൊതുജനങ്ങൾ, യുവജനസംഘടനകൾ, വിദ്യാർത്ഥികൾ, സന്നദ്ധസംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിവിധ വകുപ്പുകൾ

തുടങ്ങി എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കും.

ഹരിതകേരളം പദ്ധതിയിൽ കൃഷിവികസനം 'സുജലം സുഫലം' എന്ന പേരിലാണ് നടപ്പാക്കുന്നത്. നീർത്തടാധിഷ്ഠിത സമീപനമാണ് പദ്ധതി നടത്തിപ്പിൽ സ്വീകരിച്ചിട്ടുള്ളത്. ബന്ധപ്പെട്ട വകുപ്പുകളുടെ സംയോജിത പ്രവർത്തനത്തിലൂടെ പങ്കാളിത്ത ആസൂത്രണത്തോടെയാണ് പദ്ധതി നടപ്പിലാക്കുക. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽദാനപദ്ധതിയിലെ തൊഴിലവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ, പ്രകൃതിവിഭവങ്ങളുടെ സുസ്ഥിര പരിപാലനം, മാലിന്യങ്ങൾ സൃഷ്ടിക്കുന്നത് പരമാവധി കുറയ്ക്കുക, മാലിന്യങ്ങളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുക, മാലിന്യങ്ങളുടെ പുനചംക്രമണം സാധ്യമാക്കുക എന്നിവയിലൂടെ മാലിന്യ സംസ്കരണം ഉറപ്പുവരുത്താൻ 'സുജലം സുഫലം' ലക്ഷ്യമിടുന്നു.

## പ്രധാന പ്രവർത്തനങ്ങൾ

**മാലിന്യസംസ്കരണം:** ജൈവകൃഷിക്ക് ഊന്നൽ നൽകുന്ന ഈ കാലഘട്ടത്തിൽ കൃഷിയും മാലിന്യ സംസ്കരണവും അനുപൂരക ഘടകങ്ങളാണ്. ഓരോ വീട്ടുവളപ്പിലും പുരയിടങ്ങളിലും ഉണ്ടാകുന്ന ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിച്ച് ജൈവവളവും ബയോഗ്യാസ് പോലുള്ള മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങളുമാക്കി അവ ഉത്പാദനപ്രക്രിയകൾക്ക് പ്രയോജനപ്പെടുത്തണം.

**നിലംകൃഷി വികസനം:** കര നെൽകൃഷി, തരിശുനിലകൃഷി എന്നിവ പ്രോത്സാഹിപ്പിച്ച് വരുന്ന 5 വർഷക്കാലയളവിൽ സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തൃതി നിലവിലെ 2 ലക്ഷം ഹെക്ടറിൽ നിന്ന് 3 ലക്ഷം ഹെക്ടറായും നെല്ലുത്പാദനം 5.7 ലക്ഷം ടണ്ണിൽ നിന്നും 10 ലക്ഷം ടണ്ണായും ഉയർത്താൻ ലക്ഷ്യമിടുന്നു. നെൽപ്പാടങ്ങളിൽ മൂന്നാം വിളക്കാലത്ത് എള്ള്, പയർ, പച്ചക്കറി മുതലായ വിളകൾ മണ്ണിലെ അവശിഷ്ട ജലാംശം ഉപയോഗിച്ച് കൃഷിചെയ്ത് കർഷകന് അധികവരുമാനം നേടിക്കൊടുക്കുന്നതോടൊപ്പം കൃഷിയിടങ്ങളിൽ ജൈവവളത്തിന്റെയും അനുയോജ്യമായ മേൽത്തരം നെൽവിത്തിനങ്ങളുടെയും ലഭ്യത ഉറപ്പു വരുത്താനും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കും.

## പച്ചക്കറി കൃഷി

ഓരോ വീട്ടിലും പച്ചക്കറികൃഷി നടപ്പിലാക്കി പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം സുരക്ഷിത പച്ചക്കറികൾ പ്രാദേശികമായി തന്നെ ഉത്പാദിപ്പിച്ച് സ്വയംപര്യാപ്തമാകാനും പച്ചക്കറി കൃഷിയിൽ പൊതുപങ്കാളിത്തം ഉറപ്പു വരുത്താനും ലക്ഷ്യമിടുന്നു. സംസ്ഥാനത്തിന് ആവശ്യമായ ഗുണമേന്മയുള്ള പച്ചക്കറി വിത്ത് ഉത്പാദനത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യും.

## സംയോജിത കൃഷി

കൃഷി, മൃഗസംരക്ഷണം, മണ്ണ് സംരക്ഷണം, കോഴിവളർത്തൽ, മത്സ്യകൃഷി തുടങ്ങിയ കാർഷിക അനുബന്ധ മേഖലകളെ സംയോജിപ്പിച്ച് കർഷകരുടെ പുരയിടങ്ങളിൽ നിന്ന് പരമാവധി വരുമാനം ഉറപ്പാക്കും വിവിധ ജൈവകൃഷി മുറകളിലൂടെ സുരക്ഷിത ഭക്ഷ്യ ഉത്പാദനവും പരിസ്ഥിതി സംരക്ഷണവും സാധ്യമാകും.

## തെങ്ങുകൃഷി

സമഗ്ര തെങ്ങുകൃഷി വികസനം ലക്ഷ്യമിട്ട് ഉത്പാദനക്ഷമതയുള്ള തെങ്ങിൻതൈകൾ നട്ടുപിടിപ്പിച്ച് തെങ്ങിൻ തോപ്പുകൾ സൃഷ്ടിക്കുകയും മൂല്യവർദ്ധിത പ്രവർത്തനങ്ങൾ നടത്തുകയും സംയോജിത രോഗകീട നിയന്ത്രണം നടപ്പിലാക്കുകയും ചെയ്യും.

## പുഷ്പകൃഷി

ഇടുക്കി, വയനാട് ജില്ലകളെ കേന്ദ്രീകരിച്ച് പുഷ്പകൃഷിക്ക് ഒരു പ്രത്യേക കാർഷികമേഖല രൂപീകരിച്ച് അവിടെ പൂക്കളുടെ ഉത്പാദനവും വിപണനവും ശക്തമാക്കും.

## യന്ത്രവത്കരണം

കാർഷിക പ്രവൃത്തികൾ യഥാസമയം മികച്ച രീതിയിൽ നടപ്പിലാക്കാൻ വൈദഗ്ദ്ധ്യമുള്ള കർഷക തൊഴിലാളികളുടെ സേവനം അഗ്രോസർവ്വീസ് സെന്ററുകൾ,



കാർഷിക കർമ്മസേന കസ്റ്റം ഹിയറിംഗ് സെന്ററുകൾ എന്നിവ മുഖേന ഉറപ്പുവരുത്തും.

## പട്ടികവർഗ്ഗ ഊരുകളിൽ കൃഷി

ഭക്ഷ്യ സുരക്ഷ, പോഷക സുരക്ഷ എന്നിവ ഉറപ്പാക്കാൻ ചെറുധാന്യങ്ങൾ, പച്ചക്കറി, പയർ വർഗ്ഗങ്ങൾ എന്നിവയോടൊപ്പം ഈ പ്രദേശങ്ങളിലെ തനതു കൃഷികളും പ്രോത്സാഹിപ്പിക്കും.

## വിള ആരോഗ്യ പരിപാലനം

ചിട്ടയായ കീടരോഗ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി സൗഹൃദ സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിച്ച് ഫലപ്രദമായ കീടനിയന്ത്രണം സാധ്യമാക്കും. എല്ലാ പഞ്ചായത്തിലും വിള ആരോഗ്യ ക്ലിനിക്കുകൾ ആരംഭിച്ച് കർഷകർക്ക് യഥാസമയം രോഗ കീടനിയന്ത്രണത്തിനുള്ള മാർഗ്ഗനിർദ്ദേശം നൽകും.

## വിപണനം

നല്ല കാർഷികമുറകൾ അവലംബിച്ച് കേരളത്തിൽ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾക്ക് മികച്ച വില ഉറപ്പു വരുത്തുന്നതിന് ഇക്കോഷോപ്പുകൾ കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുകയും ഇടനിലക്കാരെ ഒഴിവാക്കി കർഷകരുടെ ഉത്പന്നങ്ങൾ നേരിട്ട് വിപണനം നടത്തി അടിസ്ഥാനസൗകര്യം നൽകുന്നതിന് പഞ്ചായത്ത് തോറും ആഴ്ചച്ചന്തകൾ സജ്ജമാക്കുകയും ചെയ്യും.

## മാർഗ്ഗനിർദ്ദേശങ്ങൾ

(1)'സുജലം സുഫലം' പദ്ധതി പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും നീർത്തടമെന്ന പ്രകൃതിദത്ത യൂണിറ്റിന്റെ അടിസ്ഥാനത്തിലാണ് നടത്തേണ്ടത്.

(2) കാർഷിക ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലിൽ കാർഷികമേഖലയുടെ സുസ്ഥിര വികസനത്തിന് താഴെത്തട്ടിലുള്ള ആവശ്യകതകൾ കണക്കിലെടുത്തുകൊണ്ട് ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണവും കൃഷി അനുബന്ധമേഖലകളുടെ ഏകോപിപ്പിച്ച പ്രവർത്തനവും സാധ്യമാക്കണം.

(3) ഓരോ പദ്ധതികളുടെയും മുൻഗണന പരിഗണിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാവശ്യമായ

> ഈ വലിയ കർമ്മപരിപാടിയുടെ ലക്ഷ്യപ്രാപ്തിക്ക് വലിയ ജനപങ്കാളിത്തം ആവശ്യമാണ്. ശുദ്ധമായ പരിസരവും പരിസ്ഥിതിയും വിളവും യാഥാർത്ഥ്യമാക്കാൻ നമുക്കേവർക്കും പൂർണ്ണ മനസ്സോടെ പദ്ധതിയിൽ പങ്കാളികളാകാം.

പരമാവധി തൊഴിൽദിനങ്ങൾ MGNREGS പദ്ധതിയിൽ നിന്നും കണ്ടെത്തണം.

(4) കൃഷി, ജലസേചനം, മണ്ണ് സംരക്ഷണം, മൃഗസംരക്ഷണം, മത്സ്യകൃഷി, സാമൂഹ്യവനവത്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഉദ്ഗ്രഥനം ചെയ്ത് ഒരു സംയോജിത നീർത്തട വികസന കാഴ്ചപ്പാടോടെ പഞ്ചായത്തുതല പ്ലാനുകൾ തയ്യാറാക്കണം. ഇതിന് വാർഡുതലത്തിൽ അയൽക്കൂട്ടങ്ങളുടെ യോഗങ്ങൾ കൂടണം.

(5) ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഒരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിനും ഒരു അടിസ്ഥാനതത്വം പാലിക്കണം. കൃഷിവകുപ്പിന്റെ പ്ലാൻ കൂടി ഇതിന്റെ ഭാഗമായിരിക്കണം.

(6) പദ്ധതികൾ നടപ്പിലാക്കുന്നതിന് വാർഡുതല ഫാം പ്ലാനുകളും പഞ്ചായത്തുതല ഫാം പ്ലാനുകളും തയ്യാറാക്കണം. ഇവ ക്രോഡീകരിച്ച് ജില്ലാതല പ്ലാനും തയ്യാറാക്കണം. ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്ന പദ്ധതികളുടെയും അടുത്ത അഞ്ചു വർഷത്തേക്കുള്ള പദ്ധതികളുടെയും വ്യക്തമായ രൂപരേഖ ഈ പ്ലാനുകളിൽ ഉണ്ടാകണം.

ഈ വലിയ കർമ്മപരിപാടിയുടെ ലക്ഷ്യപ്രാപ്തിക്ക് വലിയ ജനപങ്കാളിത്തം ആവശ്യമാണ്. ശുദ്ധമായ പരിസരവും പരിസ്ഥിതിയും വിളവും യാഥാർത്ഥ്യമാക്കാൻ നമുക്കേവർക്കും പൂർണ്ണ മനസ്സോടെ പദ്ധതിയിൽ പങ്കാളിയാകാം.

*ലേഖിക കേരളകർഷകൻ മാസികയുടെ അസിസ്റ്റന്റ് എഡിറ്ററാണ്*



# ഹരിതകേരളം പദ്ധതി മാലിന്യ നിർമ്മാർജ്ജനവും പഞ്ചായത്തുകളും

**അമീർഷാ ആർ.എസ്.**

ശുചിത്വം – മാലിന്യസംസ്കരണം, ജലവിഭവം, ജൈവകൃഷിക്ക് പ്രാമുഖ്യംകൊടുത്ത്കൊണ്ടുള്ള കാർഷികവികസനം എന്നീ വിഷയങ്ങൾക്ക് പ്രത്യേക പരിഗണന കൊടുത്ത് കൊണ്ട് കേരളസർക്കാർ തുടക്കം കുറിക്കുന്ന പദ്ധതിയാണ് 'ഹരിതകേരളം'. മണ്ണും ജലവും മലിനമാകാതെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ നടത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് പ്രസ്തുത പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. ഹരിതകേരളം പദ്ധതിയിൽ പ്രധാന പരിഗണന അർഹിക്കുന്ന വിഷയമാണ് ശാസ്ത്രീയമാലിന്യ പരിപാലനപദ്ധതികളിലൂടെ നീറുന്ന മാലിന്യ പ്രശ്നത്തിന് പരിഹാരംകാണുകഎന്നത്.

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി മാലിന്യപരിപാലന വിഷയത്തിൽ പഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടപ്പിലാക്കാവുന്ന വിവിധ പദ്ധതികൾ ചുവടെകൊടുക്കുന്നു.




## 1. സ്വാപ്മേളകൾ

ഒരു വ്യക്തിയ്ക്കോ കുടുംബത്തിനോ ആവശ്യമില്ലാത്ത പുനരുപയോഗക്ഷമമായവസ്തു/ഉൽപ്പന്നം ഒരു പൊതുസംവിധാനത്തിലൂടെ കൈമാറുന്നതുവഴി ആ വസ്തുമറ്റൊരുവ്യക്തിക്കോ കുടുംബത്തിനോ ഉപയോഗപ്രദമാകുകയും, മൂല്യമുള്ള വസ്തുക്കൾ ആവശ്യമുള്ളവരിലെത്തിക്കുക എന്ന രീതിക്ക് വിപുലമായ പ്രചാരണം നൽകുക എന്നുള്ളതുമാണ് ഈ കാമ്പയിന്റെ ലക്ഷ്യം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കാണ് പ്രസ്തുത സ്വാപ്പ് ഷോപ്പ് പ്രവർത്തനം സംഘടിപ്പിക്കുന്നതിനുള്ള ചുമതല.നിത്യേന നാം ഉപയോഗിക്കുന്ന തുണികൾ, വിവിധ ഇലക്ട്രോണിക് സാധനങ്ങൾ, ബാഗുകൾ, കുടകൾതുടങ്ങിയ സാധനങ്ങൾ ചെറിയ തകരാറുകൾ വരുമ്പോൾ തന്നെ വലിച്ചെറിയുന്ന രീതി ഇന്ന് പതിവാണ്. ഇത്തരംവസ്തുക്കളുടെ തകരാറുകൾ പരിഹരിച്ച് സ്വാപ്പ്മേളകളിൽ എത്തിക്കാൻ ജനങ്ങൾക്ക് സൗകര്യമൊരുക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സ്വാപ്പ്മേളകൾ സംഘടിപ്പിച്ചാൽ ഒരു പരിധിവരെ മാലിന്യ ഉൽപാദനത്തിന്റെ തോത് കുറയ്ക്കുന്നതിന് സഹായകരമാകുന്നതാണ്.

## 2. ഡംബ്സൈറ്റുകൾ വൃത്തിയാക്കൽ

ഇന്ന് ഗ്രാമ-നഗരഭേദമന്യേ എല്ലായിടങ്ങളിലും മാലിന്യത്തിന്റെ തോത് കാണാൻ കഴിയുന്ന കാഴ്ചയാണ് വിവിധ ഇടങ്ങളിലായികൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങൾ. ദിവസങ്ങൾ കഴിയും തോറും ഇവ വലിയ മാലിന്യക്കൂനകളായിമാറപ്പെടുന്നു. ഇത്തരംമാലിന്യക്കൂനകളെ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വൃത്തിയാക്കാവുന്നതും പ്രസ്തുതസ്ഥലങ്ങൾ ഭംഗിയുള്ള ചെടികൾ വച്ച് പിടിപ്പിച്ച് മനോഹരമാക്കാവുന്നതുമാണ്. തുടർന്ന് ഇത്തരം സ്ഥലങ്ങളിലേക്ക് മാലിന്യ നിക്ഷേപം തുടരുന്നത് കർശനമായ നടപടികളിലൂടെ തടയേണ്ടതും, മാലിന്യ നിക്ഷേപകരെ കണ്ടെത്തി ബോധവൽക്കരിക്കുകയും അവരുടെ വീട്ടിലും സ്ഥാപനങ്ങളിലും മാലി

ന്യസംസ്കരണസംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതുമാണ്.

### 3. ഉറവിടജൈവമാലിന്യ പദ്ധതികൾ

വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും രൂപപ്പെടുന്ന ജൈവമാലിന്യങ്ങൾ അജൈവവസ്തുക്കളുമായ് കൂട്ടിക്കലർത്താതെ തരംതിരിച്ച് അതാത് സ്ഥലങ്ങളിൽ തന്നെ വിവിധ കമ്പോസ്റ്റിംഗ്/ബയോഗ്യാസ് ഉപാധികൾ വഴിയോ ശുചിത്വമിഷൻ വഴിയോ/നേരിട്ടോ സ്ഥാപിച്ച് കമ്പോസ്റ്റോ ബയോഗ്യാസോ ആക്കി മാറ്റുവാൻ കഴിയുന്നതാണ്. സ്ഥലസൗകര്യമുള്ള വീടുകൾക്കും സ്ഥാപനങ്ങൾക്കും ശാസ്ത്രീയമായ രീതിയിൽ കമ്പോസ്റ്റ് കുഴികൾ നിർമ്മിച്ചാൽ മതിയാകും. സാമ്പത്തിക ശേഷിയുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സർക്കാർ സബ്സിഡി കാത്ത് നിൽക്കാതെ നേരിട്ട് ചെയ്യാൻ പ്രചോദനം നൽകാവുന്നതുമാണ്.

### 4. അജൈവമാലിന്യ പരിപാലനം

അജൈവമാലിന്യങ്ങളിലെ നല്ലൊരു പങ്കും പ്ലാസ്റ്റിക്കാണ്. പ്ലാസ്റ്റിക്കുകൾ ഉൾപ്പെടെയുള്ളഅജൈവമാലിന്യങ്ങൾ ജൈവവസ്തുക്കളുമായി കൂട്ടിക്കലർത്താതെയും കത്തിച്ച് വിവിധ ആരോഗ്യപ്രശ്നങ്ങൾക്ക് വഴിവയ്ക്കാതെയും തരംതിരിച്ച് വൃത്തിയാക്കി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിയോഗിക്കുന്ന വ്യക്തികൾക്കോ ഏജൻസികൾക്കോ കൈമാറുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആവശ്യമാണ്. ഇത്തരത്തിൽ അജൈവവസ്തുക്കൾ ശേഖരിച്ച് അവ പുനചംക്രമണത്തിനായി പാഴ്വസ്തുവ്യാപാരികൾക്കോ ഏജൻസികൾക്കോ കൈമാറാവുന്നതുമാണ്. അജൈവമാലിന്യ ശേഖരണത്തിന് കുടുംബശ്രീ/സ്വയംസഹായസംഘങ്ങൾ/വിവിധ സന്നദ്ധ സംഘടനകൾ എന്നിവരെകണ്ടെത്തിതദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നിയോഗിക്കാവുന്നതാണ്.

അജൈവമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട്ഏറ്റെടുക്കാവുന്ന ചില പ്രവർത്തനങ്ങൾ ചുവടെകൊടുക്കുന്നു.

#### എ) മെറ്റീരിയൽറിക്കവറിഫെസിലിറ്റികൾ (MRF) സ്ഥാപിക്കൽ

വീടുകളിൽ നിന്നുംസ്ഥാപനങ്ങളിൽ നിന്നുംശേഖരിക്കുന്ന അജൈവവസ്തുക്കൾ തരംതിരിക്കുന്നതിനും പുന:ചംക്രമണത്തിന് കൈമാറുന്നതിനും വേണ്ടിതദ്ദേശസ്വയരണസ്ഥാപന തലത്തിൽ 500 ച.അടി മുതൽ 1500 ച.അടി വരെ വിസ്തൃതിയിൽ നിർമ്മിക്കാവുന്ന ഷെഡാണ്മെറ്റീരിയൽറിക്കവറിഫെസിലിറ്റികൾ(ങ ഞഎ). ഇത്തരം ങഞഎകളിൽ പ്ലാസ്റ്റിക് പ്രസ്സിംഗ്യൂണിറ്റുകൾ,




> പ്ലാസ്റ്റിക്കുകൾ ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ ജൈവവസ്തുക്കളുമായി കൂട്ടിക്കലർത്താതെയും കത്തിച്ച് വിവിധ ആരോഗ്യപ്രശ്നങ്ങൾക്ക് വഴിവയ്ക്കാതെയും തരംതിരിച്ച് വൃത്തിയാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിയോഗിക്കുന്ന വ്യക്തികൾക്കോ ഏജൻസികൾക്കോ കൈമാറുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആവശ്യമാണ്.

ഷ്രെഡ്ഡിംഗ്മെഷീനുകൾ തുടങ്ങിയവസ്ഥാപിക്കുന്നത് അജൈവമാലിന്യ നീക്കംത്വരിതഗതിയിലാക്കുവാൻ സഹായകരമാണ് പദ്ധതിയുടെ വിജയത്തിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പാഴ്വസ്തുവ്യാപാരികളുടെ രജിസ്ട്രേഷൻ നടത്താവുന്നതും അവരുടെസഹായത്തോടെഅജൈവവസ്തുക്കൾ പുന:ചംക്രമണത്തിന് കൈമാറാവുന്നതുമാണ്.

#### ബി) പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗുംറോഡ്ടാറിങ്ങും

വിവിധ തരത്തിൽവീടുകളിൽ നിന്നുംസ്ഥാപനങ്ങളിൽ നിന്നുംശേഖരിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ ശുചിത്വമിഷൻ സഹായത്തോടെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ്മെഷീനുകൾ സ്ഥാപിച്ച് ഷ്രെഡ്ഡ് ചെയ്യാവുന്നതും ആയത് പൊതുമരാമത്ത്/പഞ്ചായത്ത്വകുപ്പുകളുടെ ഉത്തരവിന് വിധേയമായി റോഡ് ടാറിങ്ങിന് ഉപയോഗിക്കാവുന്നതുമാണ്. ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത് വഴി പ്ലാസ്റ്റിക് മാലിന്യ പ്രശ്നത്തിന് അതാത്തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ തന്നെ പരിഹാരം കാണാവുന്നതാണ്.

#### സി) ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ

അജൈവമാലിന്യത്തിന്റെ ഉൽപാദന തോത് കുറയ്ക്കുന്നതിന് അവലംബിക്കാവുന്ന ഏറ്റവും ലളിതവും ചെലവ് കുറഞ്ഞതുമായ പദ്ധതിയാണ് ഗ്രീൻ പ്രോട്ടോക്കോൾ. ഉപയോഗശേഷം വലിച്ചെറിയുന്ന പ്ലാസ്റ്റിക്, പേപ്പർ ഉൾപ്പെടെയുള്ള സാധനങ്ങൾ കൊണ്ട് നിർമ്മിച്ച വസ്തുക്കളുടെ ഉപയോഗം ദൈനംദിന ജീവിതത്തിലും,ഉൽസവങ്ങളിലും, മറ്റ് ആഘോഷ പരിപാടികളിലും കർശനമായി നിയന്ത്രിക്കുകയും, പകരംകഴുകി ഉപയോഗിക്കാൻ കഴിയുന്ന പ്രകൃതിസൗഹൃദ വസ്തുക്കൾ (സ്റ്റീൽ, ഗ്ലാസ്സ്തുടങ്ങിയവ) ഇത്തരം പരിപാടികളിൽആഹാരം വിളമ്പുന്നതിനും

ജലവിതരണം നടത്തുന്നതിനുംശീലമാക്കുകയും ജൈവമാലിന്യങ്ങൾ അതാത് ഇടങ്ങളിൽതന്നെ കമ്പോസ്റ്റാക്കുകയുംചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങളിലൂടെഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവർത്തനങ്ങളിലൂടെഅജൈവമാലിന്യ ഉൽപാദനം കുറയ്ക്കുന്നതിന് കഴിയുന്നതാണ്. കുടുംബശ്രീ സംവിധാനത്തിലൂടെ പ്രകൃതിസൗഹാർദ്ദ പാത്രങ്ങളും, ഗ്ലാസ്സുകളും വാടകയ്ക്കോ അല്ലാതെയോ പ്രസ്തുത ആഘോഷകമ്മിറ്റികൾക്കോ, സംഘാടകർക്കോ, സ്ഥാപനങ്ങൾക്കോ, വീടുകൾക്കോ നൽകുന്ന സംരംഭങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തുടങ്ങുന്നത് ഇത്തരം പ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്തമുണ്ടാക്കുന്നതിനും മാലിന്യത്തിന്റെഅളവ്കുറയ്ക്കുന്നതിനും ഏറെ സഹായകരമാകുന്നതും, ഒപ്പംതന്നെ വരുമാനദായകവുമാണ്.

## 5. ബോധവൽക്കരണവും പരിശീലനങ്ങളും

മാലിന്യസംസ്കരണ ക്യാമ്പയിനുകൾക്ക് പൊതുജന പങ്കാളിത്തം സാധ്യമാകണമെങ്കിൽ മാനസിക മാറ്റവും ബോധവൽക്കരണപ്രവർത്തനങ്ങളും തുടർച്ചയായി നടത്തിയെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. റസിഡൻസ് അസോസിയേഷനുകൾ, വിവിധ സ്കൂൾ, കോളേജ്തല സംഘടനകൾ സാമുദായിക, രാഷ്ട്രീയ സാംസ്കാരികവ്യവസായസംഘടനകൾ സ്വയംസഹായസംഘങ്ങൾ, സന്നദ്ധസംഘടനകൾ,യൂത്ത് ക്ലബ്ബുകൾ തുടങ്ങിയവയെ സംഘടിപ്പിച്ചുകൊണ്ടുള്ള ചിട്ടയായ പ്രവർത്തനവും ബോധവൽക്കരണ ക്യാമ്പയിനുകളും, ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും മറ്റ് സംഘടനകളുടെ ഭാരവാഹികൾക്കുമുള്ള പരിശീലന പരിപാടികളും ഹരിതകേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതുണ്ട്.

## 6. ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കൽ

ജലസ്രോതസ്സുകളിലേക്ക്വിവിധ തരം മാലിന്യങ്ങൾ വലിച്ചെറിയുന്നത്ജലസ്രോതസ്സുകളുടെമലിനീകരണത്തിനും ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്കും വഴിവെയ്ക്കുന്നതാണ്. ഹരിതകേരളം പദ്ധതി നമ്മുടെ ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കിസംരക്ഷിക്കുന്നതിന് ലക്ഷ്യമിടുന്നു. തദ്ദേശസ്വയംഭരണസ്ഥാപന പരിധിയിലെ ജലസ്രോതസ്സുകൾ ഇത്തരത്തിൽ സംരക്ഷിക്കുന്നത് ജലക്ഷാമം തടയുന്നതിന് സഹായകരമാണ്.

## 7. ജൈവപച്ചക്കറികൃഷി

പ്രത്യേകമായി തരംതിരിച്ച് കമ്പോസ്റ്റിംഗ് ഉപാധികളിലൂടെ വളമാക്കിമാറ്റുന്ന ജൈവവസ്തുക്കളെ പൂർണ്ണമായും അതാത് വീടുകളിലും സ്ഥാപനങ്ങളിലും തന്നെ ചെറുതുംവലുതുമായ രീതിയിൽ പച്ചക്കറികൃഷിക്ക് ഉപയോഗിക്കുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ വീടുകളും, സ്കൂളുകളുംകേന്ദ്രീകരിച്ച് ഇത്തരം പദ്ധതികൾ നടപ്പിലാക്കുവാനും തുടർന്ന് സ്ഥാപനങ്ങളിലേക്കും പൊതുസ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്.

ഹരിതകേരളം പദ്ധതിയുടെ ഭാഗമായിമുകളിൽസൂചിപ്പിച്ച പ്രവർത്തനങ്ങൾ എല്ലാംതന്നെ പൂർണ്ണമായും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി വൻ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുവാനാണ് എന്നുള്ളതിനാൽതന്നെ എല്ലാതദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഇവ ഓരോന്നും നടപ്പിലാക്കുന്നതിനായി വിവിധ സ്കൂൾ-കോളേജ്തല സംഘടനകൾ, വ്യാപാരിവ്യവസായികൾ, തൊഴിലാളിസംഘടനകൾ, റസിഡൻസ് വെൽഫയർ അസോസിയേഷനുകൾ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ എന്നിവരെ ഉൾപ്പെടുത്തി പ്രത്യേകം ടാസ്ക്ഫോഴ്സിന് രൂപം കൊടുക്കേണ്ടതും പദ്ധതികളുടെ സംസ്ഥാന ജില്ലാതല കർമ്മ സമിതികളുടെമേൽനോട്ടത്തിൽ പദ്ധതി നടപ്പിലാക്കി പദ്ധതിയെ വൻവിജയത്തിലേക്ക് നയിക്കേണ്ടതുമാണ്.

*(ലേഖകൻ ശുചിത്വ മിഷനിൽ പ്രോഗ്രാം ആഫീസറാണ്)*



*13-ാം പേജിൽ നിന്നും തുടർച്ച*

രണം തടയാനുള്ള പ്രവർത്തനങ്ങൾ നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാക്കി മാറ്റാനുള്ള ശ്രമം ഉണ്ടാകണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു. കാക്കനാട്ട് ഹരിതകേരളം പദ്ധതിയുടെ എറണാകുളം ജില്ലാതല ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

## പാഠ്യപദ്ധതി പരിഷ്ക്കരിക്കണം: മമ്മൂട്ടി

പൗരബോധം വളർത്തുവാനുതകുന്ന വിധത്തിൽ നമ്മുടെ പാഠ്യപദ്ധതി പരിഷ്ക്കരിക്കണമെന്ന് ജില്ലയിലെ ജലസംരക്ഷണപദ്ധതി ഉദ്ഘാടനം ചെയ്ത നടൻ മമ്മൂട്ടി അഭിപ്രായപ്പെട്ടു. പ്രകൃതിയെ സംരക്ഷിക്കാനുള്ള അടിയന്തിരനടപടികൾ എടുത്തില്ലെങ്കിൽ കുടിവെള്ള ദൗർലഭ്യമടക്കമുള്ള വിപത്തുകൾ നാം നേരിടേണ്ടി വരും. വെള്ളത്തിന്റെ ദുരുപയോഗം കുറയ്ക്കേണ്ടതും അത്യാവശ്യമാണ്. കഴിഞ്ഞ വർഷം ജലദൗർലഭ്യമനുഭവപ്പെട്ട ചില മേഖലകളിൽ താൻ കുടിവെള്ളമെത്തിച്ചു കൊടുത്തിരുന്നു. എന്നാൽ ഈ വർഷം വിതരണം ചെയ്യാനുള്ള വെള്ളം ലഭിക്കുമോ എന്നു പോലും താൻ ഭയപ്പെടുന്നുണ്ടെന്ന് മമ്മൂട്ടി പറഞ്ഞു.

സാമ്പത്തിക നഷ്ടം സഹിക്കേണ്ടി വരുന്നതുകൊണ്ടാണ് കേരളത്തിൽ കൃഷിചെയ്യാൻ ആളുകൾ മുമ്പോട്ടു വരാത്തതെന്ന് കാർഷിക പദ്ധതി ഉദ്ഘാടനം ചെയ്ത നടൻ ശ്രീനിവാസൻ പറഞ്ഞു. ഇടനിലക്കാരും കച്ചവടക്കാരും കർഷകന്റെ കണക്കുകൂട്ടലുകൾ പലപ്പോഴും തെറ്റിക്കുന്നു. ശക്തമായ സർക്കാർ ഇടപെടൽ ഇല്ലാതെ കൃഷി ലാഭകരമാക്കാനാവില്ല. ചൈന പോലുള്ള രാജ്യങ്ങളിൽ ശക്തമായ സർക്കാർ ഇടപെടൽ മൂലമാണ് കൃഷി സാമ്പത്തികമായി ലാഭം നൽകുന്ന തൊഴിലായി മാറിയത്. കർഷകനോട് സമൂഹത്തിനുള്ള മനോഭാവവും മാറ്റണം. കൂടുതൽ ബഹുമാന്യത ഈ തൊഴിലിന് ലഭിക്കണമെന്നും ശ്രീനിവാസൻ പറഞ്ഞു.

## തൃശ്ശൂരിൽ പദ്ധതിക്ക് ഉജ്ജ്വല തുടക്കം

ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ ഉൾപ്പെടെ എല്ലായിടത്തും ഹരിതകേരള പദ്ധതിക്കു തുടക്കമായി. നവകേരള ദൗത്യത്തിന്റെ ഭാഗമായ ഹരിതകേരളം പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം വ്യവസായ വകുപ്പു മന്ത്രി എ.സി. മൊയ്തീൻ നിർവ്വഹിച്ചു. നെന്മണിക്കര പഞ്ചായത്തിലെ മണലിപ്പുഴ നവീകരിച്ചുകൊണ്ടാണ് പദ്ധതി ഉദ്ഘാടനം ചെയ്തത് ഹരിതകേരളം പദ്ധതി ജനകീയ പങ്കാളിത്തോടെ നടത്താനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും ജനപ്രതിനിധികൾക്കൊപ്പം പൊതുജനങ്ങളും പദ്ധതിയുടെ ഭാഗമാവണമെന്നും മന്ത്രി പറഞ്ഞു.

## കേരളത്തിന്റെ പുനഃസൃഷ്ടി ഹരിതകേരളം മിഷനിലൂടെ സാധ്യമാവും - മന്ത്രി പി. തിലോത്തമൻ

കാർഷിക മേഖലയെ സമൃദ്ധിയിലെത്തിച്ച് കേരളത്തിന്റെ പുനഃസൃഷ്ടി സാധ്യമാക്കാൻ ഹരിതകേരളം മിഷൻ പദ്ധതിയിലൂടെ സാധ്യമാകുമെന്ന് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി പി. തിലോത്തമൻ പറഞ്ഞു. പുലാപ്പറ്റ-മണ്ടഴിയിൽ ഹരിതകേരളം മിഷന്റെ ജില്ലാതല ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. മാനവരാശി നേരിടുന്ന വലിയ വെല്ലുവിളി കാലാവസ്ഥ വ്യതിയാനമാണ്. പ്രകൃതിയുടെ വെല്ലുവിളിക്ക് കാരണക്കാരായ നമ്മൾ തന്നെ ആ വെല്ലുവിളി തരണം ചെയ്യാൻ ഒരുമിച്ച് പ്രവർത്തിക്കണമെന്ന് മന്ത്രി പറഞ്ഞു.

## മിനിപമ്പയിൽ ജനകീയ പങ്കാളിത്തത്തോടെ തടയിണ തീർത്തു

ജലസംരക്ഷണത്തിനായി കുറ്റിപ്പുറം മിനിപമ്പയിൽ തടയിണ നിർമ്മാണം മന്ത്രി കെ.ടി. ജലീലിന്റെ നേതൃത്വത്തിൽ നടത്തി. വിദ്യാർത്ഥികളും പൊതുജനങ്ങളും സന്നദ്ധസംഘടനകളും ഉൾപ്പെടെ നൂറ് കണക്കിനാളുകൾ ഈ ജനകീയ സംരംഭത്തിൽ പങ്കാളികളായി. താൽക്കാലിക മണൽ ചാക്കുകൾ അടുക്കിവയ്ക്കുന്നതിൽ മന്ത്രിയും മുഴുവൻ സമയവും പങ്കുചേർന്നു. തവനൂർ ബ്ലോക്ക്- ഗ്രാമപഞ്ചായത്ത് എന്നിവയുടെ നേതൃത്വത്തിലാണ് പരിപാടി നടന്നത്.

## നാട്ടുകാർ ഒഴുകിയെത്തി, ചിറയ്ക്കൽ ചിറ നവീകരണത്തിന് പ്രൗഢമായ തുടക്കം

16.7 ഏക്കർ വിശാലമായ പുരാതന ചിറക്കൽ ചിറയ്ക്കുചുറ്റും അണിനിരന്ന ആബാലവൃദ്ധം ജനങ്ങൾ മുഷ്ടിചുരുട്ടി കൈകൾ നീട്ടിപ്പിടിച്ച് പ്രതിജ്ഞയെടുത്തു; ചിറയുൾപ്പെടെയുള്ള അമൂല്യമായ ജലസ്രോതസ്സുകൾ സംരക്ഷിക്കുമെന്ന്, അതുവഴി വരുംതലമുറയ്ക്ക് കൂടി വാസയോഗ്യമായ ഭൂമി കൈമാറുമെന്ന്. ഹരിതകേരളം മിഷൻ ജില്ലാതല ഉദ്ഘാടനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ചിറയ്ക്കൽ ചിറ നവീകരണച്ചടങ്ങിലായിരുന്നു കുട്ടികളടക്കം അയ്യായിരത്തോളം ആളുകൾ ജലസംരക്ഷണ പ്രതിജ്ഞ ഏറ്റുചൊല്ലിയത്. ഹരിതകേരളം ജില്ലാ മിഷൻ സംഘടിപ്പിച്ച ചിറ നവീകരണം ആരോഗ്യ വകുപ്പു മന്ത്രി കെ കെ ശൈലജ ടീച്ചർ, തുറമുഖ വകുപ്പു മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവർ ചേർന്നാണ് ഉദ്ഘാടനം ചെയ്തത്.

## ഹരിതകേരളം കേരളത്തിന്റെ പുതിയ സമരമാർഗ്ഗം: എം. മുകുന്ദൻ

പട്ടിണിക്കും സാമൂഹ്യ അനീതികൾക്കും എതിരെ സമരം ചെയ്ത പാരമ്പര്യമുള്ള മലയാളി നഷ്ടപ്രതാപങ്ങൾ തിരിച്ചുപിടിക്കാനുള്ള പുതിയ സമരമുഖത്താണ് ഇപ്പോഴുള്ളതെന്ന് പ്രശസ്ത സാഹിത്യകാരൻ എം.മുകുന്ദൻ പറഞ്ഞു. മണ്ണും കുന്നും പുഴയും ഇല്ലാതാക്കിയവർക്കെതിരെയുള്ള യുദ്ധപ്രഖ്യാപനമാണ് ഹരിത കേരളം പദ്ധതിയിലൂടെ കേരളം ഒറ്റക്കെട്ടായി നടത്തിയിരിക്കുന്നത്. തലശ്ശേരി മൂഴിക്കരയിൽ വണ്ണത്താൻ കുളം നവീകരണ ഉദ്ഘാടനം നിർവ്വഹിച്ച്കൊണ്ട് അദ്ദേഹം പറഞ്ഞു. ചടങ്ങിൽ കവി മുരുകൻ കാട്ടാക്കട 'പക' എന്ന കവിതയും അവതരിപ്പിച്ചു.

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

9-ാം പേജിൽ നിന്നും തുടർച്ച

നിലവിലെ സാഹചര്യത്തിൽ പദ്ധതി വഴി യൂണിറ്റുകൾക്ക് മികച്ച രീതിയിൽ വരുമാനം നേടാനാകുമെന്നതിൽ സംശയമില്ല. അതോടൊപ്പം തന്നെ കേരളം നേരിടുന്ന അതിരൂക്ഷമായ ഒരു പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിന് പദ്ധതി ഏറെ സഹായകമാവുകയും ചെയ്യും.

ഖരമാലിന്യങ്ങളുടെ സംസ്കരണവുമായി തെരുവുനായ പ്രശ്നം വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നു. ഇത്തരം ഖരമാലിന്യത്തിൽ ഏറെയും ഉൾപ്പെട്ടിട്ടുള്ളത് പലയിടങ്ങളിൽ നിന്നും കൊണ്ടുവന്നു തള്ളുന്ന മാംസാവശിഷ്ടങ്ങൾ തന്നെ. ഇത് അലഞ്ഞു തിരിയുന്ന തെരുവുനായകൾക്ക് മതിയായ ഭക്ഷണമൊരുക്കുന്നു. മാലിന്യം ധാരാളമുള്ള പ്രദേശങ്ങളിൽ തെരുവുനായ്ക്കളുടെ എണ്ണവും കൂടുതലായിരിക്കും. ഫലപ്രദമായ മാലിന്യനിർമ്മാർജനത്തിന്റെ ആവശ്യകതയിലേക്കുള്ള ചൂണ്ടുപലക കൂടിയാണ് ഈ പ്രശ്നം.

സുരക്ഷിത ഭക്ഷണം, ജലദൗർലഭ്യത്തിന് ശാശ്വതമായ പരിഹാരം, ജലാശയങ്ങളുടെ ശുചീകരണവും സംരക്ഷണവും, ഫലപ്രദമായ മാലിന്യനിർമ്മാർജനം എന്നിങ്ങനെ അതിവിപുലമായ ലക്ഷ്യങ്ങളോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിതകേരളം. വഴിയോരങ്ങളിൽ തള്ളുന്ന മാലിന്യവും ഇത് ഭക്ഷിച്ചുകൊണ്ട് തെരുവുനായ്ക്കൾ ഉയർത്തുന്ന ഭീഷണിയും ഈ നിസ്തുല പദ്ധതിയുടെ സാക്ഷാത്കാരത്തിന് തടസ്സമാവരുത്. അതുകൊണ്ടു തന്നെ ഹരിതകേരളം പദ്ധതിയുടെ ഗുണകരമായ നടത്തിപ്പിൽ പങ്കാളികളാകാൻ കുടുംബശ്രീക്കും അവസരം ലഭിക്കുന്നു എന്നത് ഈ ഘട്ടത്തിൽ തികച്ചും അഭിമാനകരമാണ്. കാർഷിക മേഖലയെ സജീവമാക്കുന്ന നൂതന പദ്ധതികൾ, ജലസ്രോതസുകളുടെ പുനരുദ്ധാരണവും സംരക്ഷണവും ഫലപ്രദമായ മാലിന്യ സംസ്കരണത്തിനുള്ള ഇടപെടലുകൾ എന്നിവയുമായി കുടുംബശ്രീയും ഹരിതകേരളം പദ്ധതിയുടെ ഭാഗമാണ്. തെരുവുനായ പ്രശ്നം പരിഹരിക്കുന്നതിന് ബ്ലോക്ക് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ചതുവഴി കുടുംബശ്രീ ഈ പ്രസ്ഥാനത്തിന്റെ യഥാർത്ഥ ലക്ഷ്യത്തിന് കൂടുതൽ കരുത്തു പകർന്നിട്ടുണ്ട്.

## തുടക്കം എറണാകുളത്ത്

എറണാകുളം ജില്ലയിൽ അഞ്ചു പേർ വീതമുള്ള മൂന്നു ബ്ലോക്ക് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ച് ഇതിനകം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. പദ്ധതിയുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ടരീതിയിൽ നായ്ക്കളെ കൂടുവച്ചു പിടിക്കുന്ന രീതിയാണ് യൂണിറ്റുകൾ അവലംബിക്കുന്നത്. ആദ്യദിനംതന്നെ 15 തെരുവുനായ്ക്കളെ പിടിക്കാൻ ഈ യൂണിറ്റുകൾക്കു കഴിഞ്ഞു. ഡിസംബർ 31നകം സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും 93 നഗരസഭകളിലും സമാനമായ രീതിയിൽ യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കും

## ബ്ലോക്ക് മാനേജ്മെന്റ് യൂണിറ്റുകളുടെ ചുമതലകളും ഘടനയും

- അഞ്ചു പേർ വീതമുള്ളതാണ് ഓരോ യൂണിറ്റുകളും. ഈ യൂണിറ്റുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരം ഉണ്ടായിരിക്കും
- യൂണിറ്റിലെ അംഗങ്ങൾ കുടുംബശ്രീയിൽ അംഗത്വമുള്ളവരോ അല്ലെങ്കിൽ കുടുംബശ്രീ കുടുംബത്തിലെ അംഗങ്ങളോ ആയിരിക്കണം
- ബ്ലോക്ക് മാനേജ്മെന്റ് യൂണിറ്റുകളിൽ ഉൾപ്പെടുത്താനായി തിരഞ്ഞെടുത്ത അംഗങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന മൂന്നു ദിവസത്തെ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്
- എല്ലാ യൂണിറ്റ് അംഗങ്ങളും ജില്ലാ മിഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡും കുടുംബശ്രീ നിർദേശിച്ചിട്ടുള്ള യൂണിഫോമും നിർബന്ധമായും ധരിക്കേണ്ടതാണ്
- പരിശീലനം ലഭിച്ച എല്ലാ യൂണിറ്റ് അംഗങ്ങളും പേപ്പട്ടി വിഷബാധ, ടെറ്റനസ് എന്നിവയ്ക്കെതിരേയുള്ള കുത്തിവയ്പ് എടുക്കേണ്ടതാണ്
- കുടുംബശ്രീയുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള എല്ലാ സൂക്ഷ്മസംരംഭങ്ങളിലും നിർദേശിച്ചിട്ടുള്ളതുപോലെ ബ്ലോക്ക് മാനേജ്മെന്റ് യൂണിറ്റുകളും കൃത്യമായ രജിസ്റ്റർ സംവിധാനം സൂക്ഷിക്കേണ്ടതാണ്
- യൂണിറ്റുകൾ മുഖേന ചെയ്യുന്ന പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് എല്ലാ മാസവും കൃത്യമായി അതത് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്ക് സമർപ്പിക്കേണ്ടതാണ്
- പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ്, മൃഗാശുപത്രി എന്നിവയുമായുള്ള സംയോജനം ഉറപ്പു വരുത്തേണ്ടതാണ്. യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പു തന്നെ തങ്ങളുടെ പ്രദേശത്തെ സർക്കാർ അംഗീകൃത വെറ്ററിനറി ഡോക്ടർ, തെരുവുനായ്ക്കൾക്ക് ശസ്ത്രക്രിയയും അതോടൊപ്പം തുടർപരിചരണവും ലഭ്യമാക്കാൻ കഴിയുന്ന മൃഗാശുപത്രികൾ ഇവ യൂണിറ്റുകൾ കണ്ടെത്തേണ്ടതാണ്
- ശസ്ത്രക്രിയ സംബന്ധിച്ച എല്ലാ കാര്യങ്ങളും അംഗീകൃത വെറ്ററിനറി ഡോക്ടർ മുഖേന ചെയ്യേണ്ടതാണ്. ശസ്ത്രക്രിയക്കു മുമ്പും ശേഷവുമുള്ള പരിചരണം ഡോക്ടറുടെ നിർദേശ പ്രകാരം യൂണിറ്റ് അംഗങ്ങൾക്ക് ചെയ്യാവുന്നതാണ്.
- തെരുവുനായ്ക്കളെ പിടിക്കാൻ യൂണിറ്റ് അംഗങ്ങൾക്ക് അനുയോജ്യരായ മറ്റ് ആളുകളെ വാടകയ്ക്ക് എടുക്കാവുന്നതാണ്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ പദ്ധതിയുമായി ബന്ധപ്പെട്ട് നിർദേശിച്ചിട്ടുള്ള ഏകീകൃത പ്രവർത്തന രീതിയനുസരിച്ചാണ് ഇവർ നായ്ക്കളെ പിടിക്കുന്നതെന്ന് യൂണിറ്റുകൾ ഉറപ്പു വരുത്തേണ്ടതാണ്.
- തെരുവുനായ നിയന്ത്രണ പദ്ധതിക്ക് പ്രധാനമായും മൂന്നു ഘട്ടങ്ങളാണുള്ളത്. തെരുവുനായകളുടെ വന്ധ്യംകരണം, കശാപ്പുശാലകളിൽ നിന്നും മാംസാവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മാലിന്യ നിർമാർജനം, വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള കർശന പെരുമാറ്റച്ചട്ടം

നിലവിലെ സാഹചര്യത്തിൽ ഈ മേഖലയിൽ വലിയ തൊഴിൽ സാധ്യതയാണുള്ളത്. ഇതു പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിച്ചാൽ അതൊരു വരുമാനദായക സംരംഭമായി മാറ്റാൻ കുടുംബശ്രീ വനിതകൾക്കു സാധിക്കും എന്നുറപ്പാണ്.

*ലേഖകൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറാണ്*

# ജലസുഭിക്ഷ
# സമ്പൂർണ്ണ കിണർ റീച്ചാർജ്ജ് പദ്ധതി

വിമൽരാജ്



ജലസുഭിക്ഷ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിൽ വെച്ച് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ നിർവ്വഹിക്കുന്നു

രാജ്യത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഒന്നാണ് കേരളം. വർഷത്തിൽ ശരാശരി 3000 മി മീറ്റർ മഴ ലഭിക്കുന്നുണ്ടെങ്കിലും ഓരോ വർഷം കഴിയുന്തോറും സംസ്ഥാനം കടുത്ത വരൾച്ചയും കുടിവെള്ളത്തിനുൾപ്പെടെ ക്ഷാമവും നേരിടുന്ന അവസ്ഥയിലാണ്. സംസ്ഥാനത്തു ലഭിക്കുന്ന മഴ ജലസുരക്ഷയ്ക്കായി നാം ഇനിയും പ്രയോജനപ്പെടുത്തേണ്ടതുണ്ട്. സംസ്ഥാനത്ത് 45 ലക്ഷത്തിലധികം കിണറുകളുണ്ട്. ഇവയിൽ നല്ലൊരു ശതമാനം കുടിവെള്ളത്തിനുൾപ്പെടെ ഉപയോഗിക്കുന്നതും വേനൽക്കാലങ്ങളിൽ വറ്റുന്നവയുമാണ്.

ജലസുഭിക്ഷയുടെ ആദ്യ ഘട്ടം എല്ലാവർക്കും സുരക്ഷിതമായ കുടിവെള്ളം ഉറപ്പാക്കുവാൻ ലക്ഷ്യമിടുന്നു. മഴവെള്ളത്തിന്റെ സഹായത്താൽ കുടിവെള്ളത്തിനുൾപ്പെടെയുള്ള വിവിധ ജലാവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ ജലസമൃദ്ധവും ജലശുദ്ധിയുള്ളതുമാക്കി സംസ്ഥാനത്തെ കിണറുകളെ സജ്ജമാക്കുവാൻ കഴിയുന്നതാണ്.

സംസ്ഥാനത്തെ പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ്ജുചെയ്യുകയെന്നതാണ് ജലസുഭിക്ഷ - സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി വിഭാവനം ചെയ്തതിലൂടെ ഉദ്ദേശിക്കുന്നത്. കെട്ടിടങ്ങളുടെ മേൽക്കൂരകളും പുരപ്പുറങ്ങളും മഴവെള്ള സംഭരണത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്. സംസ്ഥാനത്തെ വീടുകളിൽ നല്ലൊരു ശതമാനത്തിന്റെയും മേൽക്കൂര ഓടോ, ഷീറ്റോ, ടെറസ്സോ ആണ്.

ജലസുരക്ഷ ഉറപ്പുവരുത്തുന്നതിനായി രാജ്യത്തെ ഏറ്റവും വലിയ തൊഴിൽദാന പദ്ധതിയായ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് അവിദഗ്ധ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് പ്രാധാന്യം കൊടുക്കുക വഴി തൊഴിൽ സുരക്ഷ കൂടി ഉറപ്പാക്കി കിണർ റീചാർജ്ജ് പദ്ധതി നടപ്പാക്കുവാനാണ് ലക്ഷ്യമിടുന്നത്. വിദഗ്ധ തൊഴിൽ ചെയ്യുന്നതിനായി മുൻ സാമ്പത്തികവർഷം കുറഞ്ഞത് 15 ദിവസമെങ്കിലും തൊഴിലെടുത്തിട്ടുള്ള കുടുംബങ്ങളിൽ നിന്ന് തൊഴിലാളികളെ കണ്ടെത്തി പരിശീലിപ്പിക്കുന്നു. ജലസുഭിക്ഷ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നവംബർ 25-ാം തീയതി മലപ്പുറം ജില്ലയിലെ ഇടപ്പാൾ ഗ്രാമപഞ്ചായത്തിൽ വച്ച് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ. ടി. ജലീൽ നിർവ്വഹിച്ചു.

### പദ്ധതി ചുരുക്കത്തിൽ

- സംസ്ഥാനത്തെ കടുത്ത ജലക്ഷാമം അനുഭവിക്കുന്നവയും ഏറ്റവും അധികം ജലചൂഷണം ഉള്ളവയുമായ 142 ഗ്രാമപഞ്ചായത്തുകളിൽ ആദ്യ ഘട്ടത്തിൽ കിണർ റീച്ചാർജ്ജ് പ്രവർത്തനങ്ങൾ


ഏറ്റെടുക്കുന്നു.

- ജലസുരക്ഷ ചർച്ച ചെയ്യുന്നതിനായി 142 ഗ്രാമപഞ്ചായത്തുകളിൽ ജലഗ്രാമസഭകൾ ഒരു ദിവസം തന്നെ നടത്തുന്നു. തദവസരത്തിൽ ജലസുരക്ഷാ പ്രതിജ്ഞ എടുക്കുകയും ചെയ്യുന്നു.
- വറ്റുന്ന കിണറുകൾ കണ്ടെത്തി ആദ്യ ഘട്ട റീച്ചാർജ്ജ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു. ഇതിനായി ഗ്രാമപഞ്ചായത്ത് വാർഡ് തലത്തിൽ കിണറുകളുടെ സർവ്വേയും മാപ്പിംഗും നടത്തുന്നു. കിണറുകൾക്ക് സീരിയൽ നമ്പർ കൊടുത്ത് ഓരോ കിണറിനും അനുയോജ്യമായ റീച്ചാർജ്ജിംഗ് സങ്കേതം കണ്ടെത്തുകയും അവ രേഖപ്പെടുത്തുകയും ചെയ്യുന്നു.
- ജനപ്രതിനിധികൾ, പരിശീലകർ, എഞ്ചിനീയർമാർ, സർവ്വേ ടീം അംഗങ്ങൾ, തൊഴിലാളികൾ എന്നിവർക്കുള്ള പരിശീലനം ഘട്ടം ഘട്ടമായി നടപ്പാക്കുന്നു.
- കിണർ റീച്ചാർജ്ജിനു വേണ്ടിയുള്ള സാധന സാമഗ്രികൾ തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യമായ പ്രൊക്യുർമെന്റ് സംവിധാനത്തിലൂടെ വാങ്ങുകയും അവ ഗ്രാമപഞ്ചായത്തിൽ ഒരിടത്ത് സൂക്ഷിച്ച്, ഓരോ കിണറിനും ആവശ്യമായ അളവിൽ തയ്യാറാക്കിയതിനുശേഷം അവ അതാത് സ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കുകയും ചെയ്യുന്നു. സാധന-വേതന അനുപാതം നിലനിർത്തുന്നതിനായി അവിദഗ്ധ തൊഴിൽകേന്ദ്രീകൃതമായിട്ടുള്ള മഴക്കുഴികൾ, സെഡിമെന്റേഷൻ പോണ്ട്സ്, ലളിതമായ ഫിൽറ്ററേഷൻ പിറ്റുകൾ എന്നിവയും ഇതോടൊപ്പം ഏറ്റെടുക്കാവുന്നതാണ്.
- 8000/- രൂപയാണ് മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ടിൽ നിന്നും ഒരു യൂണിറ്റിന് ഉപയോഗിക്കാവുന്ന പരമാവധി തുക. അതിലധികം തുക വേണ്ടി വരുന്ന പക്ഷം ഗുണഭോക്തൃ വിഹിതമായി കണ്ടെത്താവുന്നതാണ്. ഫിൽറ്ററേഷൻ സംവിധാനത്തിൽ ഉപയോഗിക്കാനുള്ള മണൽ, കരി തുടങ്ങിയ അസംസ്കൃത വസ്തുക്കളും കൂടുതൽ സങ്കീർണ്ണമായ ഫിൽറ്ററേഷൻ ടാങ്കുകൾ വേണമെങ്കിൽ അവയും ഇത്തരത്തിൽ ഗുണഭോക്തൃ വിഹിതമായി കണ്ടെത്താവുന്നതാണ്.
- സർക്കാർ പദ്ധതികൾക്ക് പുറമെ സ്വന്തമായി കിണർ റീചാർജ്ജ് ചെയ്യുവാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുകയും ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കേണ്ടതാണ്. സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസ്ബിലിറ്റി (സി.എസ്.ആർ.), സ്പോൺസറിംഗ് തുടങ്ങിയവയുടെ സാധ്യതകളിലൂടെയും കിണർ റീചാർജ്ജ് പരിപാടി വിപുലമായി നടത്തുവാൻ സാധിക്കുന്നതാണ്.
- സംയോജിത നീർത്തട പരിപാലന പരിപാടി, ജലനിധി, മറ്റ് നീർത്തട പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്റ്റുകൾ എന്നിവയുമായി സംയോജിപ്പിച്ചും കിണർ റീചാർജ്ജ് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.
- മേൽ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 09.11.2016 തീയതിയിലെ സ. ഉ. (കൈ) നം. 161/16/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

142 ഗ്രാമപഞ്ചായത്തുകൾക്ക് പുറമേ സംസ്ഥാനത്ത് ഗുരുതരമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്നവയും ജലത്തിന്റെ ഗുണനിലവാരം അപകടകരമാം വിധം മോശമാവുകയും കഴിഞ്ഞ വർഷങ്ങളിൽ ടാങ്കർ ലോറി ഉപയോഗിച്ച് ഏറ്റവുമധികം ജലം എത്തിക്കേണ്ടി വന്നവയുമായ 100 ഗ്രാമപഞ്ചായത്തുകളിൽ കൂടി രണ്ടാം ഘട്ടമായി പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അടുത്ത 5 വർഷം കൊണ്ട് സമ്പൂർണ്ണ കിണർ റീച്ചാർജ്ജ് പ്രാബല്യത്തിൽ വരുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

*ലേഖകൻ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സെല്ലിൽ അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണറാണ്*






# ജലത്തെ ബഹുമാനിക്കൂ വരൾച്ചയെ പ്രതിരോധിക്കൂ...

ഡോ. ശേഖർ എൽ. കുര്യാക്കോസ് **ഭാഗം 1**


കേരളത്തിൽ ആകമാനം 34% മഴക്കുറവാണ്. 2016-ലെ തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ (ജൂൺമുതൽ സെപ്റ്റംബർ വരെ) അനുഭവപ്പെട്ടിട്ടുള്ളത്. ഇന്ത്യയിൽ പൊതുവിൽ 2016-ലെ തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ 106% മഴ ലഭിക്കുവാനുള്ള സാധ്യതയാണ് ഏപ്രിൽ 12ന് കേന്ദ്രകാലാവസ്ഥാവകുപ്പ് ആദ്യഘട്ടത്തിൽ പ്രവചിച്ചിരുന്നത്. തുടർന്ന് ജൂൺ 2ന് പുറപ്പെടുവിച്ച പ്രവചനത്തിൽ തെക്കേഇന്ത്യയിൽ ഈ കാലയളവിൽ 113% മഴയുടെ സാധ്യതയാണ് കല്പിച്ചിരുന്നത്. എന്നാൽ എല്ലാ പ്രവചനങ്ങളെയും തെറ്റിച്ചു കൊണ്ട്, കേരളത്തിൽ മാത്രം, പ്രതീക്ഷിച്ച മഴയെക്കാൾ കുറവാണ് ഈ വർഷവും ലഭിച്ചത്.

2005 മുതൽ 2016 വരെയുള്ള വർഷങ്ങളിലെ തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ കേരളത്തിൽ ലഭിച്ച മഴയും ദീർഘകാലശരാശരിയിൽ (പ്രതീക്ഷിക്കുന്നമഴ) നിന്നുള്ള വ്യതിയാനവും ശ്രദ്ധിക്കുക.




ജില്ല തിരിച്ച് 2016-ലെ തെക്കുപടിഞ്ഞാറൻ കാലവർഷത്തിലുണ്ടായിട്ടുള്ള മഴയുടെ കുറവ് ശ്രദ്ധിക്കുക.

ഒക്ടോബർ മുതൽ ഡിസംബർവരെ നീണ്ടുനിൽക്കുന്ന വടക്കുകിഴക്കൻ കാലവർഷത്തിൽ ദീർഘകാലശരാശരിയുടെ 90-100 % വരെ മഴ ലഭിച്ചേക്കുമെന്നാണ് കേന്ദ്രകാലാവസ്ഥാനിരീക്ഷണ കേന്ദ്രം പ്രവചിച്ചത്. എന്നാൽ,



| 2016-ൽ ജൂൺ മുതൽ സെപ്തംബർ മാസം വരെ ഉണ്ടായിട്ടുള്ള മഴക്കുറവ് ശ്രദ്ധിക്കുക | | | |
|---|---|---|---|
| ജില്ലാ | ലഭിച്ചമഴ (mm) | പ്രതീക്ഷിച്ചമഴ (mm) | വ്യതിയാനം |
| ആലപ്പുഴ | 1135.3 | 1745.9 | -35 |
| കണ്ണൂർ | 1991 | 2669 | -25 |
| എറണാകുളം | 1569.4 | 2065 | -24 |
| ഇടുക്കി | 1569.5 | 2276.2 | -31 |
| കാസർഗോഡ് | 2252.9 | 3007.5 | -25 |
| കൊല്ലം | 950.8 | 1332.3 | -29 |
| കോട്ടയം | 1330.7 | 1897.3 | -30 |
| കോഴിക്കോട് | 1888.1 | 2603.1 | -27 |
| മലപ്പുറം | 1252.9 | 2060.4 | -39 |
| പാലക്കാട് | 1034.9 | 1572.7 | -34 |
| പത്തനംതിട്ട | 1091.4 | 1715.7 | -36 |
| തിരുവനന്തപുരം | 572.4 | 871.3 | -34 |
| തൃശൂർ | 1219.6 | 2197.5 | -44 |
| വയനാട് | 1073.8 | 2632.1 | -59 |

| 2016-ലെ ഒക്ടോബര് മാസത്തിൽ ഉണ്ടായിട്ടുള്ള മഴകുറവ് | | | |
|---|---|---|---|
| ജില്ലാ | ലഭിച്ചമഴ (mm) | പ്രതീക്ഷിച്ചമഴ (mm) | വ്യതിയാനം |
| ആലപ്പുഴ | 203.8 | 540.5 | -62 |
| കണ്ണൂർ | 67.1 | 330.3 | -80 |
| എറണാകുളം | 285.1 | 456.3 | -38 |
| ഇടുക്കി | 167.8 | 532.8 | -69 |
| കാസർഗോഡ് | 46.2 | 324.4 | -86 |
| കൊല്ലം | 403.5 | 603.1 | -33 |
| കോട്ടയം | 251.6 | 506.4 | -50 |
| കോഴിക്കോട് | 55.8 | 403.5 | -86 |
| മലപ്പുറം | 106.1 | 434.4 | -76 |
| പാലക്കാട് | 124 | 412.6 | -70 |
| പത്തനംതിട്ട | 424.3 | 593 | -28 |
| തിരുവനന്തപുരം | 105.4 | 481.7 | -78 |
| തൃശൂർ | 123.7 | 445.1 | -72 |
| വയനാട് | 75.5 | 314.3 | -76 |


നിലവിൽ 62% കുറവാണ് ഡിസംബർമാസവും ഉണ്ടായിരിക്കുന്നത്.


മഴയെ ആശ്രയിച്ച്, ജലസമൃദ്ധമായ പ്രദേശത്തു ജീവിക്കുന്ന എതൊരു ജനതയ്ക്കും ഇത് അതീവഗുരുതരമായ പ്രതിസന്ധിയാണ്. മുഖ്യമന്ത്രി അധ്യക്ഷനായ സംസ്ഥാനദുരന്തനിവാരണ അതോറിറ്റി സഗൗരവം ഈ സാഹചര്യത്തെ ഉൾക്കൊള്ളുകയും കാര്യക്ഷമായ പ്രവർത്തനങ്ങൾക്കാവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## വരൾച്ചയും മഴക്കുറവും

മഴക്കുറവ് എന്നത് കാലാവസ്ഥയുടെ സ്വാഭാവികമായ ചാക്രികക്രമത്തിന്റെ ഭാഗമാണ്. എന്നാൽ വരൾച്ച എന്ന വിവിധസൂചികകളെ അടിസ്ഥാനപ്പെടുത്തി നിർവചിക്കുന്ന ദുരിതാവസ്ഥയാണ്. കാലാവസ്ഥാനുബന്ധിയായ വരൾച്ച (Meteorolgoical drought), ജലാനുബന്ധിയായ വരൾച്ച (hydrological drought), കാർഷിക വരൾച്ച (agricultural drought) എന്നിവയായി ശാസ്ത്രസമൂഹം വരൾച്ചയെ തരംതിരിക്കുന്നു. കാലാവസ്ഥാനുബന്ധിയായ വരൾച്ച പ്രധാനമായും മഴക്കുറവിന്റെ തോതനുസരിച്ചാണ് നിർവചിക്കപ്പെടുന്നത്. മഴകുറയുമ്പോൾ ഉപരിതലജലലഭ്യതയിലും, ഭൂജലത്തിലും ഉണ്ടാകുന്ന വ്യതിയാനത്തെ അടിസ്ഥാനപ്പെടുത്തി ജലാനുബന്ധിയായ വരൾച്ചയെ നിർവ്വചിക്കുന്നു. മഴക്കുറവും, ജലലഭ്യതയിലുള്ള കുറവും ഒരു പ്രദേശത്തെ കാർഷികമേഖലയെ വിവിധരീതികളിൽ ബാധിക്കുന്ന അവസ്ഥയെ കാർഷികവരൾച്ച എന്ന് നിർവ്വചിക്കുന്നു. മൊത്തം കൃഷി ചെയ്യുന്ന പ്രദേശത്തിൽ ഉണ്ടാകുന്ന കുറവ്, ജലലഭ്യതക്കുറവു മൂലം കൃഷി ഉണങ്ങി പോകുന്നത് എന്നിങ്ങനെ വിവിധസൂചികകൾ കാർഷികവരൾച്ചയെ നിർവചിക്കുവാൻ ഉപയോഗിക്കുന്നു. വരൾച്ചാതീവ്രത വർദ്ധിക്കുന്നതിൽ കാലാവസ്ഥാവ്യതിയാനത്തിനും മാനുഷിക ഇടപെടലിനും വലിയ പങ്കുണ്ട് എന്ന് ശാസ്ത്രലോകം അഭിപ്രായപ്പെടുന്നു.

1881 മുതൽ 2000വരെ കേരളത്തിൽ 66 മഴക്കുറവ് വർഷങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിനു മുൻപ് ഇത്രയും തീവ്രമായ സാഹചര്യം 2012-13 കാലഘട്ടത്തിലാണ് കേരളം നേരിട്ടത്. 2012-13-ൽ വേനൽമഴ ലഭിക്കാതിരിക്കുകയും തെക്കു പടിഞ്ഞാറൻ കാലവർഷം ശരാശരിയേക്കാൾ 24% കുറയുകയും ചെയ്തു. കേ






രളചരിത്രത്തിൽആദ്യമായി കേന്ദ്രകാലാവസ്ഥാവകുപ്പ് 2012 ഡിസംബർ 24 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ വിവിധ പ്രദേശങ്ങളിൽ വരണ്ട അവസ്ഥ (moderately arid) ഉണ്ടായി എന്ന് റിപ്പോർട്ട് ചെയ്തു.

വളരെപതുക്കെ മാത്രമേ വരൾച്ചയുടെ തീവ്രതസമൂഹത്തെ ബാധിക്കുകയുള്ളൂ. അതിനാൽ വിവിധ സൂചികകളെ അടിസ്ഥാനപ്പെടുത്തി വരൾച്ച നിരീക്ഷണം നിരന്തരമായി നടത്തുവാൻ സംസ്ഥാനവരൾച്ച നിരീക്ഷണസെല്ലായ (Drought Monitoring Cell) സംസ്ഥാനഅടിയന്തിരഘട്ടകാര്യനിർവഹണകേന്ദ്രം (State Emergency Operations Centre) പ്രവർത്തിക്കുന്നു.

ഈവർഷം വേനൽമഴ ഗണ്യമായ അളവിൽ ലഭിച്ചതിനാലും, ലഭിച്ച മഴ വ്യാപകമായിരുന്നതിനാലും, ഇതുവരെയും കേരളത്തിൽ ജലലഭ്യതക്കുറവ് തീവ്രമായി അനുഭവപെട്ടുതുടങ്ങിയിട്ടില്ല. ഉപഗ്രഹചിത്രത്തിൽ നിന്നും അളക്കുന്ന, ഭൂമിയുടെ പച്ചപ്പിന്റെ (Normalized Difference Vegetation Index)തോതിൽ വലിയ വ്യതിയാനവും കണ്ടുതുടങ്ങിയിട്ടില്ല.എന്നാൽ മഴക്കുറവ് ഭൂജലത്തെയും, അണക്കെട്ടുകളിലെ ജലത്തിന്റെ അളവിനെയും ബാധിച്ചിട്ടുണ്ട്.

## വരൾച്ച പ്രഖ്യാപനം

കേരളത്തിൽ 2003ൽ, 7 ജില്ലകളെയും, 7 താലൂക്കുകളെയും, 119 ഗ്രാമങ്ങളെയും, 2010ൽ 17 താലൂക്കുകളെയും വരൾച്ച ബാധിതമായി പ്രഖ്യാപിച്ചിരുന്നു. 2012 സെപ്റ്റംബറിൽ തിരുവനന്തപുരം, കൊല്ലം, വയനാട്, ഇടുക്കി എന്നീ ജില്ലകളെയും, ഡിസംബർ മാസത്തോടുകൂടി എല്ലാ ജില്ലകളെയും വരൾച്ച ബാധിതമായി പ്രഖ്യാപിച്ചിരുന്നു.

കേന്ദ്രകൃഷിമന്ത്രാലയവും, കേന്ദ്രദുരന്തനിവാരണ അതോറിറ്റിയും നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായാണ് വരൾച്ച പ്രഖ്യാപനം നടത്തേണ്ടത്. ഇവയിൽ പ്രധാനം:

1. അതാതു സീസണിൽ പ്രതീക്ഷിച്ച മഴയിൽ (ദീർഘകാല ശരാശരി മഴ) നിന്നുള്ള കുറവ്
2. അതാതു കാർഷിക സീസണിലെ കൃഷി ചെയ്യപ്പെടുന്ന ഏരിയയിൽ ഉണ്ടാകുന്ന കുറവ്
3. ഉപഗ്രഹചിത്രത്തിൽ നിന്നും അളക്കുന്ന, ഭൂമിയുടെ പച്ചപ്പിന്റെ തോത് (Normalized Difference Vegetation Index ) മണ്ണിലെ ജലാംശത്തിന്റെ തോത്
5. ഭൂജലത്തിൽ ദീർഘകാലശരാശരിയിൽ നിന്നുമുള്ള കുറവ്
6. അണക്കെട്ടുകളിലെ ജലത്തിൽ ദീർഘകാല ശരാശരിയിൽ നിന്നു



പത്തനംതിട്ടയിലെ ആനത്തോട് അണക്കെട്ടിന്റെ 2012 ഓഗസ്റ്റ് മാസത്തിലെ ചിത്രം

മുള്ള കുറവ്

7. വളർത്തുമൃഗങ്ങൾക്കുള്ള ഭക്ഷണലഭ്യതയും അതിന്റെ വിലയും
8. കുടിവെള്ളലഭ്യത
9. ഭക്ഷ്യധാന്യങ്ങളുടെ ലഭ്യതയും, അവശ്യവസ്തുക്കളുടെ വിലയും
10. അവിദഗ്ധ തൊഴിൽ തേടി വരൾച്ച ബാധിതപ്രദേശത്തു നിന്നുള്ള അനിയന്ത്രിത കുടിയേറ്റം/കുടിയിറക്കം
11. കാർഷിക മേഖലയിലും മറ്റു മേഖലകളിലും ഉള്ള കൂലിയുടെ സാധാരണ കാലഘട്ടത്തിൽ നിന്നുമുള്ള വ്യത്യാസം

ഇവപരിഗണിച്ച്, സംസ്ഥാനദുരന്തനിവാരണ അതോറിറ്റിയുടെ അംഗീകാരത്തോടുകൂടി സംസ്ഥാന ദുരിതാശ്വാസ കമ്മീഷണ(റവന്യൂ-ദുരന്തനിവാരണവകുപ്പ്സെക്രട്ടറി)റാണ് വരൾച്ച പ്രഖ്യാപിക്കേണ്ടത്. എല്ലാ സൂചികകളും എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമല്ല. സംസ്ഥാനദുരന്തനിവാരണ അതോറിറ്റിക്ക് ആവശ്യമായവ സ്വീകരിക്കുകയും വരുംമാസങ്ങളിൽ ഉണ്ടാകാവുന്ന അവസ്ഥയുടെ അനുമാനത്തിനനുസരിച്ചു ഉചിതമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യാവുന്നതാണ്. കേന്ദ്രമാനദണ്ഡങ്ങൾക്ക് അനുസൃതമായി എല്ലാ സംസ്ഥാനങ്ങളും ഒക്ടോബർ മാസത്തിൽ തന്നെ ഏതൊക്കെ ജില്ലകളെ, ഏതൊക്കെ സമയങ്ങളിൽ വരൾച്ചബാധിതമായി പ്രഖ്യാപിക്കണം എന്ന തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്.

മേൽസൂചിപിച്ചവയിൽ തെക്കുപടിഞ്ഞാറൻ കാലാവർഷത്തിലുണ്ടായിട്ടുള്ള മഴക്കുറവ്, മഴയുടെ പ്രാദേശികവ്യതിയാനം, പ്രകൃതിദത്ത സ്ഥിരജല സ്രോതസ്സുകൾ ഇല്ലാത്ത ഗ്രാമങ്ങൾ ഗ്രാമങ്ങളിൽ മഴയുടെ കുറവ് ലഭ്യമായ സ്ഥലങ്ങളുടേത് ഉപയോഗിച്ച ശാസ്ത്രീയമായി അനുമാനിച്ചത് (rainfall of 78 monitoring stations interpolated and overlaid on villages without perennial water sources delineated from 1:50,000 topographic sheets), ഭൂജലത്തിലും, അണക്കെട്ടുകളിലെ ജലത്തിലും ദീർഘകാലശരാശരിയിൽ നിന്നുള്ള കുറവ്, ഉപഗ്രഹചിത്രത്തിൽനിന്നും അളക്കുന്ന, ഭൂമിയുടെ പച്ചപ്പിന്റെ തോത്, സ്ഥിര ജലസ്രോതസ്സുകളില്ലാത്ത ഗ്രാമങ്ങളിൽ മനുഷ്യനും-മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങളുടെ റിപ്പോർട്ടുകളിലുള്ള വർദ്ധനവ് എന്നീ സൂചികകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനവരൾച്ചനിരീക്ഷണസെൽ ഒക്ടോബർ മാസം വിശദമായ വരൾച്ചാസാധ്യത അവലോകനറിപ്പോർട്ട് സംസ്ഥാനദുരിതാശ്വാസ കമ്മീഷണർക്ക് സമർപ്പിച്ചു. എല്ലാ ജില്ലകളിലും റാബികൃഷിയെ (ഒക്ടോബർ മുതൽ ഡിസംബർ വരെ) ഈ മഴ കുറവു കാര്യമായി ബാധിക്കും എന്ന് അനുമാനിക്കാവുന്നതാണ്.

ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ വിവിധ വകുപ്പുമന്ത്രിമാരും സെക്രട്ടറിമാരും, കേന്ദ്രകാലാവസ്ഥാവകുപ്പും യോഗം ചേർന്ന് വരൾച്ച സംബന്ധിയായ സ്ഥിതി 13-10-2016ന് അവലോകനംചെയ്തു. വരൾച്ച പ്രതിരോധത്തിനായി വിവിധ തീരുമാനങ്ങൾ കൈക്കൊണ്ടു.



തുടർന്ന് 28-10-2016ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി യോഗം ചേർന്ന് കേരളത്തിലെ എല്ലാ ജില്ലകളെയും വരൾച്ചബാധിതമായി പ്രഖ്യാപിക്കുവാൻ തീരുമാനിച്ചു. പ്രസ്തുതതീരുമാനം സംസ്ഥാനദുരിതാശ്വാസകമ്മീഷണർ അംഗീകരിക്കുകയും ജി.ഒ (പി) നം. 555/2016/ DMD തീയതി 31/10/2016 ഉത്തരവ് പുറപ്പെടുവിക്കുകയുംചെയ്തു. പ്രസ്തുത യോഗത്തിൽ വരൾച്ചദുരന്തലഘൂകരണത്തിനായി കൈക്കൊണ്ട മറ്റുതീരുമാനങ്ങൾചുവടെചേർക്കുന്നു.

- ഫിനാൻസ് വകുപ്പും കൃഷിവകുപ്പും ചർച്ചചെയത് സ്റ്റേറ്റ്ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയോഗം ചേർന്ന് ആവശ്യമായപ്രദേശങ്ങളിൽ കർഷകരുടെ കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുവാൻ തീരുമാനിച്ചു.
- മുഖ്യമന്ത്രി എല്ലാ ജില്ലാ കളക്ടർമാരുമായി ഒരു വീഡിയോ കോൺഫറൻസ് വരൾച്ച സംബന്ധിയായി നടത്തുവാൻതീരുമാനിച്ചു.
- റവന്യൂ-ദുരന്തനിവാരണവകുപ്പ് മന്ത്രിയും, കൃഷിമന്ത്രിയും എല്ലാ ജില്ലകളിലും വരൾച്ച പ്രതിരോധ പ്രവർത്തനം നേരിട്ടു വിലയിരുത്തി യോഗം ചേരുവാൻ തീരുമാനിച്ചു.
- ചീഫ് സെക്രട്ടറി വീഡിയോ കോൺഫറൻസ് മുഖാന്തരം, വരൾച്ച പ്രഖ്യാപിച്ച ജില്ലകളുടെ വരൾച്ചപ്രതികരണപ്രവർത്തനം ആവശ്യാനുസരണം അവലോകനംചെയ്യുവാൻ തീരുമാനിച്ചു.
- ജനുവരി 2017ൽ, സംസ്ഥാനദുരന്തപ്രതികരണനിധിയിൽ നിന്നും അതുവരെയുള്ള ചെലവ് പരിഗണിച്ച്, വരൾച്ചാസ്ഥിതി ഗുരുതരമായി തുടരുകയാണെങ്കിൽ കേന്ദ്രദുരന്തപ്രതികരണനിധിയിൽ നിന്നും വരൾച്ച നേരിടുവാനായി അധികതുക ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് മെമ്മോറാണ്ടം നൽകുവാൻ സംസ്ഥാനദുരിതാശ്വാസ കമ്മീഷണറെ ചുമതലപ്പെടുത്തി.

*(തുടരും)*

*ലേഖകൻ*
*കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയാണ്*



# അടുക്കള മുതൽ പാടം വരെ കരുതാം ഓരോ തുള്ളിയും

**വി. സുഭാഷ്ചന്ദ്രബോസ്**

ഭൂമിയിൽ ഒരു ലക്ഷത്തി ഇരുപത്തയ്യായിരം വർഷങ്ങൾക്കിടയിൽ ഇത്തരം ചൂട് അനുഭവപ്പെടുന്നത് ഥം തവണയാണ്. നാൽപ്പത്താറായിരം വർഷങ്ങൾക്കുമുമ്പ് നല്ല ചൂട് ഭൂമിയിൽ അനുഭവപ്പെട്ടിരുന്നു. പക്ഷെ സൂര്യതാപത്തിന്റെയും അന്തരീക്ഷത്തിലെ സ്വാഭാവിക ഘടകങ്ങളുടെ വ്യതിയാനത്തിന്റെയും ഫലമായിട്ടായിരുന്നു അന്ന് അങ്ങനെ സംഭവിച്ചത്. എന്നാൽ ഇപ്പോഴത്തെ കാലാവസ്ഥാ വ്യതിയാനത്തിനും ചൂടിനും പ്രധാന കാരണം മനുഷ്യ ഇടപെടലുകൾ ആണെന്നത് നാം ഗൗരവമായി ചർച്ച ചെയ്യേ വിഷയമാണ്.

സംസ്ഥാനത്ത് ലഭ്യമാകുന്ന മഴയെയും നിലവിലുള്ള ജലസ്രോതസ്സുകളെയും പരമാവധി സംരക്ഷിച്ചും ശുദ്ധമായി നിലനിറുത്തിയും മാത്രമെ ജലപ്രതിസന്ധി മറികടക്കാനാവൂ. സമഗ്രവും ശാസ്ത്രീയവുമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ മാത്രമാണ് ഏകപരിഹാരമായി മുന്നിലുള്ളത്.

ജലസംരക്ഷണത്തിന്റെ വിവിധ രീതികൾ ചുവടെ ചേർക്കുന്നു.

- അടുക്കളയിലെ വാഷ്ബെയ്സിൽ തുടർച്ചയായി തുറന്നിട്ട് അവയ്ക്ക് കീഴിൽ വച്ച് പാത്രങ്ങൾ കഴുകരുത്. പകരം പാത്രങ്ങളിൽ വെള്ളമെടുത്ത് കഴുകുക.
- ബാത്ത് ടബ്ബിലെയും ഷവറിനടിയിലെയും കുളി ഒഴിവാക്കി ബക്കറ്റുകളിൽ വെള്ളമെടുത്ത് ഉപയോഗിക്കുക
- പൈപ്പ് തുറന്നിട്ട് ഷേവ് ചെയ്യുന്നതും പല്ലു തേക്കുന്നതിനും പകരം കപ്പ് ഉപയോഗിച്ച് വെള്ളമെടുക്കുക
- വീടുകളിലെ പൈപ്പുകളും ടാപ്പുകളും ചോർച്ച രഹിതമാക്കുക.
- ജലനിയന്ത്രണ വാൽവുകൾ ഉപയോഗിക്കുക
- ഓട്ടോമാറ്റിക് അലക്കുയന്ത്രവും പാത്രം കഴുകുന്ന യന്ത്രവും ഒഴിവാക്കുക
- ഫ്രിഡ്ജിൽ വച്ച് വസ്തുക്കൾ പെട്ടെന്ന് തണുപ്പുമാറ്റാനായി പൈപ്പിനടിയിൽ പിടിച്ച് ടാപ്പ് തുറന്നിടരുത്
- കാർ, ബൈക്ക് എന്നിവ കഴുകുന്നതിന് ബക്കറ്റും കപ്പും പ്രയോജനപ്പെടുത്തുക.
- പൂന്തോട്ടം, ചെടികൾ എന്നിവ നനയ്ക്കുന്നത് അതിരാവിലെയും സന്ധ്യയ്ക്കും മാത്രമാക്കുക.
- ഫ്ളഷ് സിസ്റ്റത്തിൽ നിന്നുള്ള വെള്ളം നിയന്ത്രിക്കുന്നതിനായി കട്ടിയുള്ള അലിയാത്ത വസ്തുക്കൾ നിക്ഷേപിക്കുക
- ജലധാര യന്ത്രക്കൾ ഒഴിവാക്കുക
- അമിതമായ പമ്പിംഗ് നിയന്ത്രിക്കുക
- ശുദ്ധജലം കുടിവെള്ളം, ഗാർഹികാവശ്യങ്ങൾ എന്നിവയ്ക്ക് മാത്രമേ ഉപയോഗിക്കാവു
- പൂന്തോട്ടം, ചെടികൾ എന്നിവ



നനയ്ക്കുന്നത് അതിരാവിലെയും സന്ധ്യക്കും മാത്രമാക്കുക

- പച്ചക്കറി, അരി എന്നിവ കഴുകുന്ന വെള്ളം ചെടികൾക്ക് നൽകുക
- രാസവള പ്രയോഗം പരമാവധി കുറയ്ക്കുക. ജലാവശ്യം കുറവുള്ള ചെടികൾ നടുക
- പറമ്പുകളിൽ പുതയിടുക.
- മുറ്റങ്ങളിൽ മഴവെള്ളം കിനിഞ്ഞിറങ്ങുവാനുള്ള സൗകര്യമൊരുക്കുക.
- മഴക്കുഴികൾ തയ്യാറാക്കുക
- ജലപുനരുപയോഗം പരമാവധി ഉറപ്പാക്കുക
- ഓടുന്ന വെള്ളത്തെ നടത്തുക. നടക്കുന്നവയെ നിറുത്തുക. നിൽക്കുന്നവയെ ഇരുത്തുക, ഇരിക്കുന്നവയെ കിടത്തുക. കിടക്കുന്നവയെ ഭൂമിക്കടിയിലേക്ക് കടത്തിവിടുക.
- കണിക ജലസേചനം സ്പ്രിംഗ്ളർ ജലസേചനം എന്നിവ ഉപയോഗിക്കുക
- പൊതുടാപ്പുകളിലെ ചോർച്ച കണ്ടാൽ ഉടൻ അധികാരികളെ അറിയിക്കുക
- പൊതുടാപ്പുവെള്ളം വാഹന ങ്ങൾ കഴുകുവാനും മൃഗങ്ങളെ കുളിപ്പിക്കുവാനും ഉപയോഗിക്കരുത്.
- നിർമ്മാണപ്രവർത്തനങ്ങളിൽ ചുടുകല്ല് നനയ്ക്കുവാൻ ശുദ്ധജലം ഉപയോഗിക്കരുത്. ഹോസ്, പൈപ്പ് എന്നിവയ്ക്കു പകരം ടാങ്കുകളിൽ വെളളമെടുത്ത് ഉപയോഗിക്കുക
- പറ്റിപ്പിടിച്ചിരിക്കുന്ന മലിനവസ്തുക്കൾ മാറ്റുവാൻ ജലമർദ്ദം ഉപയോഗിക്കുന്ന രീതി ഒഴിവാക്കുക
- ശേഖരിച്ച വെള്ളം കളയുന്നതിനു പകരം പരമാവധി ഉപയോഗിക്കുക
- ടോയ്‌ലറ്റുകളിൽ ടാപ്പിന്റെ സ്പീഡ് കുറച്ചുവയ്ക്കുക
- കുളങ്ങൾ, മറ്റ് ജലാശയങ്ങൾ എന്നിവടങ്ങളിൽ വാഹനങ്ങൾ, മൃഗങ്ങൾ എന്നിവയെ ഇറക്കി വൃത്തിയാക്കരുത്. വെള്ളം കോരി ദൂരെ മാറി മാത്രം ഉപയോഗിക്കുക
- ജലസ്രോതസ്സുകളിലേക്ക് മാലിന്യം വലിച്ചെറിയാതിരിക്കുക
- തോടുകൾ, നദികൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയ്ക്കു സമീപം രാമച്ചം, മുളകൾ എന്നിവ വച്ച് പിടിപ്പിക്കുക.
- പരമാവധി പച്ചപ്പ് നിലനിറത്തുക
- ചെറുചെടികൾ, പുല്ലുകൾ എന്നിവ വൃത്തിയാക്കലിന്റെ പേരിൽ നശിപ്പിക്കരുത്.
- മാലിന്യങ്ങളും പ്ലാസ്റ്റിക്കും കത്തിക്കരുത്.
- പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ ഭൂമിയിൽ വലിച്ചെറിയുന്നതിലൂടെ മണ്ണിലെ ജലാഗിരണശേഷി കുറയ്ക്കുന്നതിനാൽ അവ വലിച്ചെറിയരുത്
- പ്ലാസ്റ്റിക്ക് കത്തിക്കരുത്
- പ്ലാസ്റ്റിക്ക് ഉപയോഗം പരമാവധി കുറയ്ക്കുക
- ഒരു ഹെക്ടർ വനം മുപ്പതിനായിരം ഘനകിലോമീറ്റർ മഴയെ ഉൾക്കൊളളും. വനങ്ങൾ പരമാവധി സംരക്ഷിക്കുക
- വനങ്ങളിൽ തീയിടുന്നത് ഒഴിവാക്കുക
- കുളങ്ങൾ വൃത്തിയായി സൂക്ഷിക്കുക
- പുരപ്പുറങ്ങളിൽ മഴ പെയ്യുമ്പോൾ ലഭിക്കുന്ന വെള്ളം കിണറുകളിലേക്ക് ശുദ്ധീകരിച്ച് കടത്തിവിടുക
- ഒരു ഹെക്ടർ വയൽ മൂന്നു ലക്ഷം ലിറ്റർ മഴയെ ഉൾക്കൊളളും. പരമാവധി തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക
- കിണറുകൾ ഒരു മീറ്റർ ചുറ്റളവിൽ മാലിന്യങ്ങൾ എത്തുന്നില്ലായെന്ന് ഉറപ്പാക്കുക
- കിണറുകൾക്ക് ആൾമറ, ആളോടി എന്നിവ തയ്യാറാക്കുക
- കിണറുകളിൽ വല ഉപയോഗിച്ച് സംരക്ഷിക്കുക

ഒരു സെക്കന്റിൽ ഒരു തുള്ളി എന്ന ക്രമത്തിൽ ജലം നഷ്ടപ്പെട്ടാൽ വർഷത്തിൽ നാൽപ്പത്തയ്യായിരം ലിറ്റർ ജലമാണ് നഷ്ടമാകുന്നത്. അവ ഒരാളിന് പതിനഞ്ച് മാസത്തേക്കുള്ള കുടിവെള്ളമുൾപ്പെടെയുള്ള വെള്ളമാണ്. കേരളത്തിൽ ഒരാൾ ഒരു ദിവസം ശരാശരി മൂന്നു ലിറ്റർ വെള്ളം കരുതലോടെ സംരക്ഷിച്ചാൽ ആകെ പത്തുകോടി ലിറ്റർ ഉറപ്പാക്കാനാവും. കരുതുക ഓരോ തുള്ളിയും. നമുക്കു തുടങ്ങാം അടുക്കളയിൽ നിന്ന്. പാടത്തും പറമ്പിലും തുടങ്ങി എല്ലായിടത്തേക്കും.

അറിയുക നാം

ജലമാണ് ജീവൻ.

ജലത്തിനു പകരം ജലം മാത്രം.

മഴയാണ് പ്രധാന ജലസ്രോതസ്.

ഭൂജലം സംരക്ഷിക്കേ നിക്ഷേപമാണ്.

ഒരു ഹെക്ടർ പറമ്പിൽ കേരളത്തിലെ മഴക്കണക്കനുസരിച്ച് ഒരു വർഷത്തിൽ ശരാശരി ഒരുകോടി ഇരുപതുലക്ഷം ലിറ്റർ മഴയാണ് പെയ്ത് വീഴുന്നത്. ആയിരം ചതുരശ്രയടി വിസ്തീർണ്ണമുള്ള ഒരു പുരപ്പുറത്ത് മൂന്നുലക്ഷം ലിറ്റർ മഴവെള്ളം ഒരുവർഷം വീഴുന്നു.

മഴയും ജലവും പ്രകൃതിയുടെ സുകൃതം. കരുതാം നമുക്കും തലമുറകൾക്കും.

# വരൾച്ചയെ ചെറുക്കാൻ മാതൃകയുമായി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും രണ്ട് മുൻ പഞ്ചായത്ത് പ്രസിഡന്റുമാരും.

ജ്യോതിഷ് മണാശ്ശേരി

നാടാകെ വരണ്ടു തുടങ്ങി. ആസന്നമായ ജലക്ഷാമത്തെ മുൻകൂട്ടി കണ്ട് അതിനെ പ്രതിരോധിക്കാൻ സ്വയം മാതൃക സൃഷ്ടിച്ച് മുന്നോട്ട് വന്നിരിക്കുകയാണ് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീലും രണ്ട് മുൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും.

കഴിഞ്ഞ മാസമാണ് മന്ത്രി സ്വന്തം വീട്ടിൽ കിണർ റീച്ചാർജിംഗ് സംവിധാനം സ്ഥാപിച്ചത്. വീട്ടിലെ ടെറസിൽ പെയ്യുന്ന മഴയെ ജലം ശേഖരിക്കാനായി സ്ഥാപിച്ച പാത്തിയിലൂടെ ഒഴുക്കി കിണറിനോട് ചേർത്ത് സ്ഥാപിച്ച ഫിൽറ്ററിൽ എത്തിക്കുന്നു. തുടർന്ന് ജലം ശുദ്ധീകരിച്ച് കിണറിലേക്ക് കടത്തിവിടുന്നു.

മന്ത്രി വർഷങ്ങൾക്ക് മുമ്പ് (2010) തന്റെ വീട്ടിൽ ഉറവിട മാലിന്യ സംസ്കരണ ഉപാധി (ബയോഗ്യാസ് പ്ലാന്റ്) സ്ഥാപിച്ചും മാതൃക കാട്ടിയിരുന്നു. ഇപ്പോഴിതാ ജലസംഭരണത്തിലും മാതൃകയാകുന്നു.

ഇനി പരിചയപ്പെടുത്തുന്നത്, വർഷങ്ങളായി മഴവെള്ളം സംഭരിച്ച് കൃഷിക്ക് ഉപയുക്തമാക്കുന്ന രണ്ട് സുമസ്സുകളെയാണ്. സുരേന്ദ്രനാഥും, തച്ചോലത്ത് ഗോപാലനും. മുക്കം ഗ്രാമപഞ്ചായത്തിന്റെ മുൻ പ്രസിഡന്റുമാരും മണാശ്ശേരി നിവാസികളുമാണ് ഇവർ.

നാടാകെ രൂക്ഷമായ വരൾച്ചയെ അഭിമുഖീകരിക്കാൻ ഒരുങ്ങുമ്പോൾ, വർഷങ്ങൾക്ക് മുമ്പ് അവർ വീടുകളിൽ സ്ഥാപിച്ച ജലസംഭരണികൾ ഇന്ന് നാടിന് മാതൃകയാണ്. അടുത്തെത്തിയ വരൾച്ചയിൽ നാടാകെ വറ്റി വരണ്ടാൽ പോലും അൽപ്പം ആർഭാടത്തോടെ വേനൽക്കാലം കഴിയാനുള്ള വെള്ളം അവരുടെ കൈവശമുണ്ട്. വർത്തമാനകാല ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ഇവരൊരുക്കിയ മാതൃക ഏവർക്കും പിന്തുടരാവുന്നതാണ്.

ലളിതമാണ് സുരേന്ദ്രനാഥിന്റെ ജലസംഭരണ രീതി. സ്വന്തം പറമ്പിലുണ്ടായിരുന്ന കല്ല്വെട്ട്കുഴിയെ ജലസംഭരണിയാക്കി മാറ്റുകയാണ് അദ്ദേഹം ചെയ്തത്. കുഴിയാകെ ചതുരാകൃതിയിൽ പ്ലാസ്റ്റിക് പായ വിരിച്ച് മഴ വെള്ളം ശേഖരിക്കുന്നു. 14:11:5 മീറ്റർ നീളവും വീതിയും ആഴവുമുള്ള ടാങ്കിൽ ആറര ലക്ഷം ലിറ്റർ വെള്ളം ശേഖരിക്കാനാവും. ജൂൺ, ജൂലൈ മാസത്തെ മഴയോട് കൂടി ടാങ്ക് നിറയും. കൃഷിയാവശ്യത്തിനാണ് കൂടുതൽ ജലവും ഉപയോഗിക്കുന്നത്. 5–6 വർഷം കൂടുമ്പോൾ, പ്ലാസ്റ്റിക് പായ മാറ്റും. പരിസര പ്രദേശങ്ങളിലൊന്നും ഇത്ര വലിയ സംഭരണിയില്ല. തിരക്കുകൾക്കിടയിലും, കഴിഞ്ഞ 13 വർഷമായി അദ്ദേഹം ഇത് പരിപാലിച്ച് വരുന്നു.

സ്വന്തം വീടിനെ കോൺക്രീറ്റ് തൂണിൽ ഉയർത്തി അതിനടിയിൽ പ്രകൃതിദത്തമായ രീതിയിൽ ജലം ശേഖരിക്കുന്ന രീതിയാണ് തച്ചോലത്ത് ഗോപാലൻ പിന്തുടരുന്നത്. ശരാശരി ഒരു ലക്ഷം ലിറ്റർ വെള്ളം 1995 മുതൽ അദ്ദേഹത്തിന്റെ ശേഖരത്തിലുണ്ട്. പ്രദേശത്തെ ജലവിതരണം തടസ്സപ്പെടാതിരിക്കാനും



*തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി. ജലീൽ സ്വന്തം വീട്ടിൽ സ്ഥാപിച്ച കിണർ റീചാർജിംഗ് സംവിധാനത്തിനരികെ*



കൃഷിക്കായി ഉപയുക്തമാക്കാനും വേണ്ടിയാണ് ഈ രീതി പിന്തുടരുന്നത്. മീൻ വളർത്തലിനും കൃഷിക്കുമായി അദ്ദേഹം ഈ ജലം ഉപയോഗപ്പെടുത്തുന്നു.

ജലക്ഷാമം ഏറ്റവും വലിയ വെല്ലുവിളിയാണ്. അഞ്ചംഗ കുടുംബത്തിന് ഒരു ദിവസം കഴിയാൻ ശരാശരി 100 ലിറ്റർ വെള്ളം മതിയെന്നാണ് വിദഗ്ധാഭിപ്രായം. കേരളത്തിലെ മഴ ലഭ്യത കൂടി കണക്കിലെടുത്താൽ 10,000–15,000 ലിറ്റർ വരെ ശേഷിയുള്ള ഒരു മഴവെള്ള സംഭരണി ഓരോ വീട്ടിലുമുണ്ടായാൽ വേനൽക്കാലത്തെ ഭയക്കാതെ കഴിയാം.

കോഴിക്കോട്ടെ ജല വിഭവ വിനിയോഗ കേന്ദ്രത്തിന്റെ (CWRDM) കണക്കുനുസരിച്ച് ഏകദേശം 68 ലക്ഷം തുറന്ന കിണറുകൾ കേരളത്തിലുണ്ട്. ഇവയിൽ 50 ലക്ഷം കിണറുകളെങ്കിലും ഉപയോഗത്തിലുള്ളവയാണ്. ചെറുതും വലുതുമായ 50,000 ലധികം കുളങ്ങളും കേരളത്തിൽ ഉണ്ട്. ഇവയൊക്കെ റീച്ചാർജ് ചെയ്യാനും സംരക്ഷിക്കാനും ഉപയോഗയോഗ്യമാക്കാനും യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കണം.

കൂടാതെ മറ്റ് ജലാശയങ്ങൾ, തടാകങ്ങൾ, ചിറകൾ, അരുവികൾ, പുഴകൾ, തോടുകൾ, തണ്ണീർത്തടങ്ങൾ, കായലുകൾ എന്നിവ സംരക്ഷിക്കാനും വൃത്തിയാക്കാനുമുള്ള പദ്ധതികൾക്കും രൂപം നൽകണം. അല്ലെങ്കിൽ മുന്നിലെത്തിയ വരൾച്ചയെ അതിജീവിക്കുക അല്പം ദുഷ്കരമാവും.

*(ലേഖകൻ മലപ്പുറം ജില്ലയിൽ ശുചിത്വമിഷനിൽ പ്രോഗ്രാം ഓഫീസറാണ്)*





കെ. അനിൽകുമാർ

# തിരിച്ചു വരവിന്റെ ഉണർത്തുപാട്ടുമായി കശുവണ്ടി മേഖല

ഒരു തിരിച്ചുവരവിന്റെ ഉണർത്തുപാട്ടുമായി കശുവണ്ടി മേഖല വീണ്ടും സജീവമാകുന്നു. വറുതിയുടെയും പട്ടിണിയുടെയും മേഖലയിൽ മാറ്റത്തിന്റെ പുത്തനുണർവ്വ് സൃഷ്ടിക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഫലപ്രദമായ നടപടികൾ സാഹചര്യം ഒരുക്കി.

സർക്കാർ അധികാരത്തിൽ വന്ന് നൂറ് ദിവസത്തിനകം സർക്കാർ മേഖലയിലെ നാൽപ്പത് കശുവണ്ടി ഫാക്ടറികളും തുറന്ന് പ്രവർത്തിക്കാനായത് പറഞ്ഞറിയിക്കാനാവാത്ത സന്തോഷമാണ് തൊഴിലാളികളിൽ സൃഷ്ടിച്ചിട്ടുള്ളത്. നൂറ് ദിവസത്തിനുള്ളിൽ തന്നെ വന്ന് ചേർന്ന പൊന്നോണം ആഘോഷിക്കുന്നതിന് നാല്പത് ഫാക്ടറികളിലെയും തൊഴിലാളികളെ മാനസ്സികമായും സാമ്പത്തികമായും ശക്തരാക്കാൻ സർക്കാരിന്റെ നടപടികൾക്കായി.

സർക്കാർ കണക്കു പ്രകാരം 745 ഫാക്ടറികളാണ് സംസ്ഥാനത്തുള്ളത്. അതിൽ 580 ഫാക്ടറികളും കൊല്ലം ജില്ലയിലാണ്. തിരുവനന്തപുരം ജില്ലയിൽ 91 ഫാക്ടറികളും ആലപ്പുഴ 64, എറണാകുളം-2, തൃശ്ശൂർ-4, കണ്ണൂർ-1, കാസർഗോഡ്-3 എന്നിങ്ങനെയാണ് ജില്ല തരംതിരിച്ചുള്ള ഫാക്ടറികളുടെ എണ്ണം. മൂന്ന് ലക്ഷത്തോളം തൊഴിലാളികളാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. 705-ഓളം സ്വകാര്യ ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ 282000 ത്തോളം തൊഴിലാളികൾക്ക് ജോലി ലഭിക്കാത്ത അവസ്ഥയാണുള്ളത്.

## സർക്കാർ ഫാക്ടറികൾ

സർക്കാർ മേഖലയിൽ 40 ഫാക്ടറികളാണ് പ്രവർത്തിക്കുന്നത്. ഇതിൽ 30 ഫാക്ടറികൾ കശുവണ്ടി കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ളതാണ്. സഹകരണ സംഘങ്ങളുടെ അപ്പക്സ് സൊസൈറ്റിയായ കാപ്പക്സിന്റെ നിയന്ത്രണത്തിൽ 10 ഫാക്ടറികളാണുള്ളത്. പ്രാഥമിക സഹകരണ സംഘങ്ങൾ കശുവണ്ടി സംഭരിച്ച് ബന്ധപ്പെട്ട ഫാക്ടറി വഴി അതിന്റെ പ്രവർത്തനം നടത്തുന്നതിനാണ് ഉദ്ദേശിച്ചതെങ്കിലും കാപ്പക്സ് നേരിട്ട് കശുവണ്ടി വാങ്ങി ഫാക്ടറികൾക്ക് നൽകി ഉത്പ്പാദനം നടത്തുന്ന രീതിയാണ് ഇപ്പോഴുള്ളത്. കോർപ്പറേഷനും ഇതേ രീതിതന്നെയാണ് കശുവണ്ടി വാങ്ങുന്നതിനായി ഉപയോഗിക്കുന്നത്.

## സാമ്പത്തിക പ്രസിസന്ധിക്കിടയിലും ബോണസ്സ്

സർക്കാർ മേഖലയിലെ 40 ഫാക്ടറികളും സ്വകാര്യ മേഖലയിലെ 705 ഫാക്ടറികളും അടഞ്ഞുകിടന്നിരുന്ന സാഹചര്യമാണ് പുതിയ സർക്കാരിനെ വരവേറ്റത്. സർക്കാർ ഉടമസ്ഥതയിലുള്ള നാല്പത് ഫാക്ടറികളെങ്കിലും തുറന്ന് പ്രവർത്തിപ്പിക്കേണ്ട ധാർമ്മിക ഉത്തരവാദിത്വമാണ് അധികാരത്തിൽ വന്നതിനുശേഷം ഇടതുമുന്നണി സർക്കാരും പ്രത്യേകിച്ച് കശുവണ്ടി വ്യവസായ വകുപ്പും സ്വീകരിച്ചത്. നിരവധി തവണ കശുവണ്ടി വാങ്ങുന്നതിന് ടെണ്ടർ വിളിച്ചിരുന്നെങ്കിലും അതിനോട് സഹകരിക്കുന്ന മനോഭാവമല്ലായിരുന്നു ഈ മേഖലയിൽ നിലനിന്നിരുന്നത്. കശുവണ്ടി വാങ്ങിയാൽ തുക ലഭിക്കില്ലെന്ന വിശ്വാസം സമൂഹത്തിലെ വിവിധ വ്യവസായികളിൽ ശക്തമായിരുന്നു. അതിനാൽ തന്നെ സർക്കാർ സ്ഥാപനങ്ങളുടെ ടെണ്ടർ നടപടികൾ പങ്കെടുക്കാതിരിക്കുന്ന സമീപനമാണ് സ്വകാര്യ മേഖലയിലെ കശുവണ്ടി ഉടമകൾ സ്വീകരിച്ചിരുന്നത്. കൂടാതെ നിലവിലിരുന്ന ടെണ്ടർ വ്യവസ്ഥകൾ കുത്തക മുതലാളിമാർക്ക് ടെണ്ടറിൽ പങ്കെടുക്കുന്നതിന് സഹായകമായിരുന്നു. ചെറുകിട കശുവണ്ടി വ്യവസായികളെ പങ്കെടുപ്പിക്കുന്നതിന് ടെണ്ടർ വ്യവസ്ഥകളിൽ നിയമപരമായ മാറ്റങ്ങൾ സ്വീകരിക്കാൻ സർക്കാർ തയ്യാറായതുകൊണ്ടാണ് സർക്കാർ ടെണ്ടറുകൾക്ക് അനുകൂലമായി പ്രതികരിക്കാൻ സ്വകാര്യ മേഖല തയ്യാറായത്. ഇതിനുപരിയായി വൻകിട തോട്ടണ്ടി വ്യവസായികൾ ടെണ്ടറിൽ പങ്കെടുത്തില്ലെങ്കിലും ചെറുകിട വ്യവസായികൾ പങ്കെടുക്കാനുള്ള അവസരം സൃഷ്ടിച്ചതിനാൽ സർക്കാരിന് ആവശ്യമുള്ള തോട്ടണ്ടി ലഭിക്കുമെന്നുള്ള തിരിച്ചറിവ് വൻകിട വ്യവസായികളെ ടെണ്ടറിലേക്ക് പങ്കെടുക്കുവാൻ പ്രേരിപ്പിച്ചു.

കശുവണ്ടി വാങ്ങിയാൽ പണം ലഭിക്കുമെന്നും ചെറുകിട കശുവണ്ടി വ്യവസായികൾക്കും ടെണ്ടറിൽ പങ്കെടുക്കാമെന്നുള്ള സാഹചര്യം കശുവണ്ടി മേഖലയ്ക്ക് ആവശ്യമായ തോട്ടണ്ടി ലഭിക്കുന്നതിനുള്ള അന്തരീക്ഷമൊരുക്കി. സർക്കാരിന്റെ സമയോചിതമായ നടപടികൾ മൂലമാണ് ഇത് സാധ്യമായത്.

ഫാക്ടറി തുറക്കലിനോടൊപ്പം തന്നെ തൊഴിലാളികൾക്ക് ബോണസ്



*കശുവി വ്യവസായ വകുപ്പുമന്ത്രി ജെ. മേഴ്സിക്കുട്ടി അമ്മ കശുവണ്ടി തൊഴിലാളിയോടൊപ്പം*

നൽകാനുള്ള ബാദ്ധ്യതയും ഓണത്തിന്റെ ആഗമനത്തോടുകൂടി സർക്കാരിന് അഭിമുഖീകരിക്കേണ്ടി വന്നു. ബോണസ് നൽകണമെന്നുള്ളത് ഒരു ബാദ്ധ്യത എന്നതിലുപരിയായി തൊഴിലാളികളോടുള്ള ആഭിമുഖ്യത്തിന്റെയും പ്രതിജ്ഞാബദ്ധതയുടെയും അടയാളമായാണ് സർക്കാർ കണ്ടത്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സർക്കാരിന്റെ 40 ഫാക്ടറികളിലും ഓണത്തിനു മുമ്പ് തന്നെ ബോണസ്സ് നൽകുന്നതിന് ശ്രമകരമായ പ്രവർത്തനമാണ് സർക്കാർ നടത്തിയത്. ഇതിന്റെ ഫലമായി 16 കോടി രൂപ കശുവണ്ടി മേഖലയിൽ ബോണസ്സായി നൽകുന്നതിന് കഴിഞ്ഞു. തുറക്കാത്ത എല്ലാ ഫാക്ടറികളിലെയും തൊഴിലാളികൾക്ക് 1000 രൂപ എക്സ്ഗ്രേഷ്യാ നൽകുന്നതിനും സർക്കാർ സംവിധാനം നടപ്പിലാക്കി. 280,000 തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യാ തുക വിതരണം ചെയ്തിട്ടുണ്ട്.

## ഓണമേഖലയെ ഉണർത്തിയ ബോണസ് ഇഫക്ട്

കശുവണ്ടി മേഖലയിൽ വിതരണം ചെയ്ത ശമ്പളവും ബോണസ്സും ഓണത്തിനോടനുബന്ധിച്ച് സാമ്പത്തിക ഉണർവ്വ് സൃഷ്ടിക്കുവാനായി സഹായിച്ചു. മുൻ ഓണക്കാലങ്ങളിൽ 'കച്ചവടമില്ല' എന്ന കച്ചവടക്കാരുടെ പരാതിക്ക് പരിഹാരം കാണുന്നതിന് ബോണസ്സ്, എക്സ്ഗ്രേഷ്യാ വിതരണം സഹായിച്ചു. കശുവണ്ടി തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് കിട്ടുന്ന ബോണസ്സും ശമ്പളവും അവശ്യ സാധനങ്ങളുടെ വാങ്ങലിനും മറ്റ് അത്യാവശ്യങ്ങൾക്കുമായി ഉടനെ തന്നെ ചെലവഴിക്കുന്ന പ്രവണതയാണുള്ളത്. ബോണസ്സിന്റെയും ശമ്പളത്തിന്റെയും ഒരു ചെറിയ ശതമാനം വിരളമായി മാത്രമേ സമ്പാദ്യമായി മാറുകയുള്ളൂ. അതിന്റെ ഫലമായി, സർക്കാർ വിതരണം ചെയ്ത 16 കോടി രൂപ ഓണവുമായി ബന്ധപ്പെട്ട് ചെലവഴിച്ചതിനാൽ ചെറുകിടകച്ചവട മേഖലയിലും, ടെക്സ്റ്റൈൽസ് മേഖലയിലും വമ്പിച്ച സാമ്പത്തിക ചലനങ്ങളാണുണ്ടായത്. സാമ്പത്തിക ശാസ്ത്രത്തിന്റെ ത്വരിതപ്പെടുത്തൽ പ്രക്രിയ പ്രകാരം 16 കോടിയുടെ എത്രയോ ഇരട്ടി തുകയുടെ ക്രയവിക്രയങ്ങൾ സമൂഹത്തിൽ ഉണ്ടായി എന്നുള്ളത് വസ്തുതയാണ്. ഉറങ്ങി കിടന്നിരുന്ന സാമ്പത്തിക മേഖലയെ ഉണർത്തുന്നതിനുള്ള ഒരവസരം സൃഷ്ടിക്കുവാൻ കശുവണ്ടി ഫാക്ടറികൾ തുറന്നതു വഴി സർക്കാരിന് സാധിച്ചു. ചിങ്ങം ഒന്നിന് തുറന്ന 40 ഫാക്ടറികളും തടസ്സമില്ലാതെ ഇപ്പോഴും പ്രവർത്തിക്കുന്നുവെന്നുള്ളത് സർക്കാരിന്റെ ഇക്കാര്യത്തിലുള്ള ജാഗ്രതയെയാണ് ചൂണ്ടിക്കാട്ടുന്നത്.

## അടഞ്ഞു കിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറക്കാനുള്ള ശ്രമം

അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറക്കുന്നതിനുള്ള ശ്രമവും സർക്കാരിന്റെ ഭാഗത്ത് സജീവമാണ്. കശുവണ്ടി ഉടമകൾ ബാങ്കിൽ നിന്നും എടുത്ത ലോൺ പുതുക്കി നൽകുന്നതിനും വർക്കിംഗ് ക്യാപ്പിറ്റൽ എന്ന നിലയിൽ ബാങ്ക് ലോൺ ലഭ്യമാക്കുന്നതിനുമുള്ള ശ്രമമാണ് സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുന്നത്. കശുവണ്ടി ഉടമകൾ, റിസർവ്വ് ബാങ്ക് ഉദ്യോഗസ്ഥർ, ഉദ്യോഗസ്ഥർ എന്നിവരുടെ നിരവധി യോഗങ്ങൾ ഇതിനായി വിളിച്ചു ചേർക്കുകയുണ്ടായി. മുഖ്യമന്ത്രിയുടെയും വ്യവസായ മന്ത്രിയുടെയും നേതൃത്വത്തിൽ വിളിച്ചു ചേർത്ത യോഗം സ്വകാര്യ മേഖലയിലെ ഫാക്ടറികൾ തുറക്കുന്നതിനായി ഒരു എംപവേർഡ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. എംപവേർഡ് കമ്മിറ്റിയുടെ തുടർന്നുള്ള പ്രവർത്തനം ഈ ഫാക്ടറികൾ തുറക്കുന്നതിനുള്ള സാമ്പത്തിക സഹായം ബാങ്കുകൾ വഴി ലഭ്യമാക്കാൻ വേണ്ടിയുള്ളതാണ്. എംപവേർഡ് കമ്മറ്റിയുടെ യോഗത്തിന്റെ അടിസ്ഥാനത്തിൽ, സ്വകാര്യ കശുവണ്ടി ഉടമകൾക്കെതിരെ ബാങ്ക് കൊണ്ടുവന്നിരുന്ന ജപ്തി നടപടികൾ ആറു മാസത്തേക്ക് നിർത്തി വയ്ക്കുവാൻ ബാങ്കുകളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ ഫാക്ടറി ഉടമകളുടെ നിലവിലുള്ള ലോൺ പുതുക്കി നൽകുന്നതിനും അവരുടെ പ്രവർത്തന മൂലധനം പുതുതായി നൽകുന്നതിനും ആവശ്യമായ ചർച്ചകൾ നടന്നു വരുന്നു. പൊതു മേഖലാ ഫാക്ടറികൾ തുറക്കുന്നതുകൊണ്ട് മാത്രം ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. അതിനാൽ പൊതുമേഖലയോടൊപ്പം സ്വകാര്യ മേഖലയും പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്. അതിനുള്ള ആത്മാർത്ഥമായ പ്രവർത്തനങ്ങളാണ് സർക്കാരിന്റെ ഭാഗത്ത് നിന്ന് നടന്നു വരുന്നത്.

കേരളത്തിലെ കശുവണ്ടി മേഖല പ്രശ്നരഹിതമല്ല. എന്നാൽ മൂന്ന് ലക്ഷത്തോളം തൊഴിലാളികൾ ജോലി എടുക്കുന്ന ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നുള്ളതാണ് സർക്കാർ നയം. അതിലൂടെ മാത്രമേ കശുവണ്ടി തൊഴിലാളികൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ നൽകാൻ കഴിയുകയുള്ളൂ. തൊണ്ണൂറ്റി എട്ട് ശതമാനം സ്ത്രീ തൊഴിലാളികൾ ജോലി എടുക്കുന്ന മേഖല വനിതാ ശാക്തീകരണത്തിന്റെ ഭാഗമായും സംരക്ഷിക്കപ്പെടേണ്ടതാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സാമൂഹിക പ്രതിജ്ഞാബദ്ധതയിലൂന്നി കശുവണ്ടി തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും പ്രകാശപൂർണ്ണമായ ദിനങ്ങൾ നൽകുന്നതിനുള്ള ശ്രമമാണ് സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുന്നത്.

*ലേഖകൻ ഫിഷറീസ് കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയുടെ ആഫീസിൽ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയാണ്*

# പരിശീലനം ഇനി വെർച്ച്വൽ ക്ലാസ് മുറികളിലൂടെ

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ (ആർ.ജി.പി.എസ്.എ) സാറ്റ്കോം ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാനതദ്ദേശസ്വയംഭരണ വകുപ്പ് മാതൃകയായി സ്ഥാപിച്ചിട്ടുള്ള 33 വെർച്ച്യുൽ ക്ലാസ്റൂമുകളുടെ സംസ്ഥാനതല ഉദ്ഘാടനം 2016 ഡിസംബർ 21-ാം തീയതി സംസ്ഥാനത്തുടനീളമുള്ള ക്ലാസ് റൂമുകളെ ബന്ധിപ്പിച്ചുകൊണ്ട് തിരുവനന്തപുരത്ത് സ്വരാജ് ഭവനിൽ സ്ഥാപിച്ചിട്ടുള്ള ക്ലാസ്റൂമിൽ കെ. മുരളീധരൻ എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ കൂടിയ ചടങ്ങിൽവെച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി.ജലീൽ നിർവഹിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കാര്യശേഷി വികസന പദ്ധതികൾക്ക് ഒരു മുതൽകൂട്ടാവുന്ന ഈ സംരംഭത്തിൽ കൂടി ഒരേസമയം 1300 ഓളം പേരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്ലാസുകൾ കൈകാര്യം ചെയ്യാൻ സാധിക്കുന്നതാണ്.അതിനൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിശീലന പരിപാടികളിൽ ഒരു ക്ലാസ്സ് മുറിയിൽ എന്നപോലെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ള വെർച്ച്യുൽ ക്ലാസ്സ് റൂം ശൃം ഖലകളിൽ ഇരുന്നു കൊണ്ട് പരിശീലനാർഥികൾക്ക് ഒരേസമയം പങ്കെടുക്കാൻ സാധിക്കും.

ഈ ബൃഹത് പദ്ധതിയുടെ ഉദ്ഘാടനചടങ്ങിൽ വി. ബി. രമേശൻ ചെയർമാൻ, മുനിസിപ്പൽ ചെയർമാൻസ് ചേംബർ, സുഭാഷ് ആർ, പ്രസിഡൻറ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ, അഡ്വ. തുളസിഭായ് പത്മനാഭൻ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്, എ.ഷാജഹാൻ, ഐ എ എസ്, സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ്, ഹരികിഷോർ, ഐ എ എസ്, പഞ്ചായത്ത് ഡയറക്ടർ, പി. ആർ. സജികുമാർ, ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണവകുപ്പ്, ജയചന്ദ്രൻ. ആർ ടീം ലീഡർ, ആർ ജി പി എസ് എ, വി.എസ്.സന്തോഷ് കുമാർ അഡിഷണൽ ഡെവലപ്മെൻറ് കമ്മിഷണർഎന്നിവർ സ്വരാജ് ഭവനിലെ ക്ലാസ് റൂമിലും വിദൂര ക്ലാസ്റൂമുകളിൽ നിന്നും പ്രമുഖ ഫുട്ബോൾ താരം സി. കെ.വിനീത്, ആൻറ്റോ ആന്റണി എം.പി, കെ.ഡി.പ്രസേനൻ എം. എൽ.എ തുടങ്ങിയ പ്രമുഖവ്യക്തികളും ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് അദ്ധ്യക്ഷന്മാരും പങ്കെടുത്തു.

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*




*വെർച്ച്യുൽ ക്ലാസ് റൂമിന്റെ ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി കെ.ടി. ജലീൽ നിർവ്വഹിക്കുന്നു. കെ. മുരളീധരൻ എം.എൽ.എ. സമീപം*



**അജിത്ത് വെണ്ണിയൂർ** ഭാഗം 3

# ജൈവവൈവിധ്യം
# അറിയേണ്ടതും ഓർക്കേണ്ടതും

ജൈവവൈവിദ്ധ്യം ഇന്ന് ജനങ്ങളിൽ ഏറെ താല്പര്യം സൃഷ്ടിച്ചിട്ടുണ്ട്. മൃഗശാലകൾ, അക്വോറിയങ്ങൾ, ബൊട്ടാനിക്കൽ ഗാർഡനുകൾ, പ്രകൃതിഷോകൾ തുടങ്ങിയവ ഏറെ ജനശ്രദ്ധ ആകർഷിക്കപ്പെടുന്നു. എന്നാൽ ചില ജീവികളുടെ സവിശേഷതകളെ കുറിച്ചെല്ലാം അറിയാമെന്നല്ലാതെ മനുഷ്യരാശിയുടെ നിലനില്പിനും ക്ഷേമത്തിനും ജൈവവൈവിദ്ധ്യം നൽകുന്ന സംഭാവനകളെകുറിച്ച് ജനത്തിന് വേണ്ടത്ര അറിവില്ല. ഇതുമൂലം ജൈവവൈവിദ്ധ്യത്തിന്റെ സുസ്ഥിരവിനിയോഗത്തിനും സംരക്ഷണത്തിനും വേണ്ടത്ര ജനപിന്തുണ ലഭിക്കുന്നില്ല. ജൈവവൈവിദ്ധ്യത്തെ സംബന്ധിച്ച കൺവൻഷന്റെ ആശയവിനിമയ-വിദ്യാഭ്യാസ ബോധവല്ക്കരണ പരിപാടി ഇതേപറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകാൻ കഴിവുള്ള വിദഗ്ധ നിര സൃഷ്ടിക്കുന്നതിനും ആഗോളവിദ്യാഭ്യാസ സംവിധാനവുമായി ജൈവവൈവിദ്ധ്യത്തെ സംയോജിപ്പിക്കുന്നതിനും സഹായിക്കുന്നു.



ജൈവ വൈവിദ്ധ്യത്തിന്റെ സുസ്ഥിര വിനിയോഗത്തിന്റെയും സംരക്ഷണത്തിന്റെയും പ്രാധാന്യത്തെ പറ്റി രാജ്യങ്ങൾക്കും അന്താരാഷ്ട്രസംഘടനകൾക്കും മാധ്യമങ്ങൾക്കുമിടയിൽ വ്യാപകമായ ബോധവല്കരണം നടത്താൻ ഇതിന് കഴിയുന്നുണ്ട്. യുണെസ്ക്കോയും മറ്റുമായി ചേർന്ന് പ്രവർത്തിച്ച് പരിശീലനപരിപാടികൾ സംഘടിപ്പിക്കാനും ഏതു സാഹചര്യത്തിലും ഉപയോഗിക്കാൻ പര്യാപ്തമായ ഉപകരണങ്ങൾക്ക് രൂപം നൽകാനും ഇതിലൂടെ ശ്രമിച്ചുവരുന്നു.

എല്ലാ വർഷവും മെയ് 22 അന്താരാഷ്ട്ര ജൈവവൈവിദ്ധ്യ ദിനമായി ആചരിക്കുകവഴി ജൈവവൈവിദ്ധ്യത്തിന്റെ ഗുണഗണങ്ങളെ പ്രകീർത്തിക്കാനുള്ള നല്ലൊരവസരമാണ് നമുക്ക് കൈവരുന്നത്. ഈ ദിനത്തിൽ ഈ വിഷയത്തിന്റെ പ്രത്യേകതകളെ സംബന്ധിച്ച് രാഷ്ട്രങ്ങൾ വിശേഷാൽ യോഗങ്ങളും ആഘോഷങ്ങളും സംഘടിപ്പിക്കുന്നു. ജൈവവൈവിദ്ധ്യത്തെ സംബന്ധിച്ച ബോധവല്കരണത്തിനായി ലോകമെമ്പാടും കുട്ടികളേയും യുവാക്കളേയും ഭാഗഭാക്കാക്കി നടത്തിവരുന്ന വിപുലമായ പ്രചാരണ പരിപാടിയാണ് ഹരിതതരംഗം (Green Wave). ഈ പരിപാടികളിൽ പങ്കെടുക്കാനും അവ സംഘടിപ്പിക്കാനുമായി സ്കൂളുകളെ സ്വാഗതം ചെയ്യുന്നു. ഇതിലേക്ക് ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യാനും സൗകര്യമുണ്ട്.

അന്താരാഷ്ട്ര ജൈവവൈവിദ്ധ്യവർഷമാണ് 2010. ആഗോളതലത്തിൽ ജൈവവൈവിദ്ധ്യത്തിന്റെ മതിപ്പ് വർദ്ധിപ്പിക്കാൻ സഹായകമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ രാജ്യങ്ങളേയും സംഘടനകളേയും വ്യക്തികളേയും പ്രോത്സാഹിപ്പിച്ചുവരുന്നു.

## ഓർമ്മിക്കുക

- ജൈവവൈവിദ്ധ്യമെന്ന പദം മിക്കവരും കേട്ടിട്ടുണ്ടെങ്കിലും ഇതിന്റെ ശരിയായ അർത്ഥം വളരെ കുറച്ചുപേർക്കുമാത്രമേ അറിയൂ.
- ജൈവവൈവിദ്ധ്യനഷ്ടമെന്നാൽ ചില ജീവികളുടെ വംശനാശമെന്നാണ് പൊതുജനം ധരിച്ചിട്ടുള്ളത്.
- ജൈവ വൈവിദ്ധ്യത്തെ സംരക്ഷിക്കാൻ വ്യക്തിപരമായ ശ്രമം നടത്താൻ വളരെപേർ തയ്യാറാണെങ്കിലും ഇതിനായി എന്താണ് ചെയ്യേണ്ടതെന്ന് അവർക്കറിയില്ല.
- ജൈവ വൈവിദ്ധ്യത്തിന് ദേശീയതലത്തിലുണ്ടാകുന്ന നഷ്ടത്തേക്കാൾ വളരെ പ്രധാനമാണ് ആഗോളതലത്തിൽ സംഭവിക്കുന്ന നഷ്ടം.
- 2000 മുതൽ പ്രതിവർഷം 6 ദശലക്ഷം ഹെക്ടർ വനം നശിപ്പിക്കപ്പെടുന്നതായാണ് കണക്ക്.
- 1970 നും 2000 നും ഇടക്ക് വ്യത്യസ്ത ഇനം ജീവികളുടെ 40% ത്തോളം നഷ്ടപ്പെട്ടതായി കണക്കുകൾ സൂചിപ്പിക്കുന്നു.
- അനിയന്ത്രിതമായ ഉപഭോഗം തുടരുന്നതുമൂലം ലോകമൊട്ടുക്കും വിഭവങ്ങളുടെ ആവശ്യം ഭൂമിയുടെ ജൈവശേഷിയേക്കാൾ 20% കൂടുതലാണ്.
- കഴിഞ്ഞ 30 വർഷത്തിനുള്ളിൽ കരീബിയയിലെ കട്ടിയുള്ള പുറ്റുകളുടെ അളവ് 50 ൽ നിന്ന് 10 ശതമാനമായി കുറഞ്ഞിട്ടുണ്ട്. അനിയന്ത്രിതമായ മത്സ്യബന്ധനം മൂലം ഉത്തര അറ്റ്ലാന്റിക്കിൽ കഴിഞ്ഞ 50 വർഷത്തിനുള്ളിൽ വലിയ മത്സ്യങ്ങളുടെ സംഖ്യ 66 ശതമാനം കണ്ട് കുറഞ്ഞിട്ടുണ്ട്. (അവലംബം: കൺവെൻഷൻ ഓൺ ബയോളജിക്കൽ ഡൈവേഴ്സിറ്റി)

*(അവസാനിച്ചു)*



# വാർത്തകളും വിശേഷങ്ങളും

## ഹരിതകേരളം മിഷൻ – ആദ്യഘട്ട പ്രവർത്തനങ്ങൾ – നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

ശുചിത്വ-മാലിന്യ സംസ്കരണം, ജലവിഭവം, ജൈവകൃഷി രീതിയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കാർഷിക വികസനം എന്നീ മേഖലകളുടെ സമന്വയ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി പുതിയ വികസന കാഴ്ചപ്പാട് സൃഷ്ടിക്കുന്നതിനുള്ള ബൃഹത്തായ പരിപാടിയായ ഹരിതകേരളം മിഷൻ ക്യാമ്പയിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ എന്ന നിലയിൽ 2016 ഡിസംബറിൽ തുടക്കം കുറിക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു (സർക്കുലർ നം. 1034810/ഡി1/2016/ആ.സാ.വ തീയതി 25-11-2016)

## തെരുവു നായ നിയന്ത്രണ പദ്ധതി നിർവ്വഹണത്തിന് വേണ്ട മാനേജ്മെന്റ് യൂണിറ്റുകളായി കുടുംബശ്രീ യൂണിറ്റുകളെ അംഗീകരിച്ചും സേവനതുക നിശ്ചയിച്ചും ഉത്തരവായി

ജില്ലാ പഞ്ചായത്ത്, മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ തെരുവനായ നിയന്ത്രണ പദ്ധതി നിർവ്വഹണത്തിന് വേണ്ട മാനേജ്മെന്റ് യൂണിറ്റുകളായി കുടുംബശ്രീ പരിശീലനം ലഭിച്ച യൂണിറ്റുകളെ അംഗീകരിച്ചും അവർക്ക് അർഹമായ സേവന പ്രതിഫലം പദ്ധതി തുകയിൽ നിന്നു തന്നെ നൽകുന്നതിനും സേവന തുക നിശ്ചയിച്ചുകൊണ്ടും ഉത്തരവായി (സ.ഉ.(സാധാ)നം. 3247/2016/ത.സ്വ.ഭ.വ തീയതി 30-11-2016, (സ.ഉ.(ആർ.റ്റി) നം.3383/2016/ത.സ്വ.ഭ.വ തീയതി 13-12-2016

## അയ്യൻകാളി നഗരതൊഴിലുറപ്പു പദ്ധതിയിൻകീഴിലുള്ള തൊഴിലാളികളുടെ ദിവസവേതനം വർദ്ധിപ്പിച്ചുത്തരവായി

അയ്യൻകാളി നഗരതൊഴിലുറപ്പു പദ്ധതിയിൻകീഴിലുള്ള തൊഴിലാളികളുടെ ദിവസവേതനം 240/- രൂപയാക്കി വർദ്ധിപ്പിച്ച് ഉത്തരവായി. (സ.ഉ.(സാധാ)നം. 3357/2016/ത.സ്വ.ഭ.വ തീയതി 08-12-2016.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നിർവ്വഹണത്തിനായി കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതന നിരക്ക് വർദ്ധപ്പിച്ച് ഉത്തരവായി


മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നിർവ്വഹണത്തിനായി സംസ്ഥാന-ജില്ലാതല ഓഫീസുകളിലും ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലും കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനനിരക്ക് വ്യവസ്ഥകൾക്കു വിധേയമായി 01-11-2016 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് ഉത്തരവായി. സ.ഉ.(കൈ)187/2016/തസ്വഭവ തീയതി 03-12-2016

## 1500 ചതുരശ്ര അടി–വരെയുള്ള അനധികൃതമായി നിർമ്മിച്ച വ്യക്തിഗത വാസ ഗൃഹങ്ങൾക്ക് യു/എ നമ്പർ നൽകുന്നതിന് അനുമതി നൽകി ഉത്തരവായി

കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെട്ടു എന്ന കാരണത്താൽ നിയമാനുസൃതം കെട്ടിട നമ്പർ അനുവദിച്ചു നൽകാൻ കഴിയാത്തതും ഇപ്പോൾ നിർമ്മാണം പൂർണ്ണമായും പൂർത്തിയാക്കിയിട്ടുള്ളതുമായ 1500 ചതുരശ്ര അടി-വരെയുള്ള വ്യക്തിഗത വാസ ഗൃഹങ്ങൾക്ക് യു/എ നമ്പർ നൽകി നിയമപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ നൽകുന്നതിനും വസ്തുനികുതി ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവായി. (സ.ഉ.(എം.എസ്) നം. 170/2016/തസ്വഭവ തീയതി 16-11-2016, സ.ഉ.(എം.എസ്) നം. 174/2016/തസ്വഭവ തീയതി 23-11-2016).

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by S. Harikishore IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Orange Printers Pvt. Ltd., Thiruvananthapuram




# പഞ്ചായത്ത്‌രാജ്

## പരസ്യ നിരക്ക്

| | തുക രൂപയിൽ |
|---|---|
| കവർ (അവസാനപുറം) കളർ | 12000/ |
| കവർ (ഉൾവശം) കളർ | 10000/ |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | 8000/ |
| മറ്റു പേജുകൾ (കളർ) | 8000/ |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | 6000/ |
| അര പേജ് (കളർ) | 5000/ |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | 3000/ |

**PANCHAYATRAJ** (Monthly) **December 2016**
Annual Subscription ₹120/-, Published on 20th **December 2016**
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/**2015-17**
Licensed to Post without Prepayment No. KL/TV(N) WPP-85/**2015-17**




Printed & Published by S. Harikishore IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: S. Harikishore IAS